# ആനുകാലികം

ഡോ. എൻ. വി. പി. ഉണിത്തിരി

## ആമുഖം

ആനുകാലികപ്രസക്തിയുള്ള ഏഴു വിഷയങ്ങളെക്കുറിച്ചുള്ള പ്രബന്ധങ്ങളും കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലെ ഗവേഷകവിദ്യാർഥിയും അധ്യാപകനുമായ കെ. രാജേഷും സർവകലാശാലാതാരതമ്യപഠനവിഭാഗത്തിലെ അധ്യാപകനുമായ സമീർ കാവാഡുമായി നടത്തിയ അഭിമുഖവുമാണ് ഈ സമാഹാരത്തിൽ. അഭിമുഖമൊഴിച്ച് മറ്റെല്ലാം *കർഷകത്തൊഴിലാളിമാസിക*യിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. എന്റെ മറ്റു കൃതികളെപ്പോലെ ഇതും വായനക്കാർക്ക് പ്രയോജനപ്രദമാകുമെന്ന് വിശ്വസിക്കുന്നു.

ആനന്ദമഠം എൻ. വി. പി. ഉണിത്തിരി

.

## ഉള്ളടക്കം

ആമുഖം

1 മലയാളം മലയാളികളുടേതായി!

2. ശബരിമലക്ഷേത്രത്തിലെ യുവതീപ്രവേശത്തിന്നെതിരെ ആർ. എസ്. എസ്സിന്റെ വിമോചനസമരം

3. ശബരിമലക്ഷേത്രത്തിലെ സവർണബ്രാഹ്മണാധിപത്യം

4. ശബരിമലക്ഷേത്രം മതനിരപേക്ഷം

5. . വിദ്യാഭ്യാസത്തിന്റെ വർഗീയവൽക്കരണം

6. വിദ്യാഭ്യാസം കാർഷികപ്രധാനമാവണം

7..ഇന്ത്യൻ കമ്യൂണിസ്റ്റുകാരും സ്വാതന്ത്ര്യസമരപ്രസ്ഥാനവും

8. വനിതാമതിൽ – ഒരു ചരിത്രഗാഥ

9. തൊഴിലാളിവർഗസൗന്ദര്യശാസ്ത്രം അനിവാര്യം

10. അഭിമുഖം: പ്രൊഫ. എൻ. വി. പി.ഉണിത്തിരി – കെ, രാജേഷ്, സമീർ കാവാട്



## 1. മലയാളം മലയാളികളുടേതായി!

ലേഖനത്തിന്റെ തലവാചകം കണ്ട് ആരെങ്കിലും അദ്ഭുതപ്പെട്ടാൽ അവരെ കുറ്റപ്പെടുത്താനാവില്ല. അല്ലെങ്കിലും മലയാളം മലയാളികളുടേതുതന്നെയല്ലേ? അതെന്തിനാണ് പ്രത്യേകിച്ച് എടുത്തുപറയുന്നത്? ഇപ്പൊഴേ, മുഖ്യമന്ത്രി പിണറായി വിജയൻ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനുമായി സംസാരിച്ച് അതിന്റെ ഫലം ഔദ്യോഗികമായി പ്രഖ്യാപിച്ചതിനുശേഷമേ ധൈര്യത്തോടും അഭിമാനത്തോടും കൂടി നമുക്കിങ്ങനെ പറയാവുന്ന നില വന്നുള്ളൂ.

1956–ൽ ഭാഷാസംസ്ഥാനങ്ങളുടെ രൂപവൽക്കരണത്തിന്റെ ഭാഗമായി കേരളസംസ്ഥാനം പിറവി കൊണ്ടതു മുതൽക്കേ മാതൃഭാഷാപ്രണയികൾ സ്വപ്നം കണ്ടതാണിത്. ഇ. എം. എസ്സിനെപ്പോലുള്ള ഭരണത്തലവന്മാരും തായാട്ട് ശങ്കരനെപ്പോലുള്ള സാംസ്കാരികനായകന്മാരും അന്നുമുതൽക്കേ ഇതിനുവേണ്ടി പോരാട്ടം നടത്തിത്തുടങ്ങിയതാണ്.ഭരണഭാഷ മലയാളമാക്കിയാൽ ശാസ്ത്രസാങ്കേതികവിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി നമ്മുടെ ഭാഷയ്ക്കുണ്ടോ എന്ന ചോദ്യം ഉയർന്നുവന്നപ്പോൾ ആ പ്രശ്നം പരിഹരിക്കാനാണ് 1968–ൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചതും അതിന്റെ ഡയരക്ടറായി ആ സ്ഥാനമേറ്റെടുക്കാൻ സർവഥാ സമുചിതനായ എൻ. വി. കൃഷ്ണവാരിയരെ നിയമിച്ചതും. അദ്ദേഹത്തിന്റെ നിർദേശത്തിലും നേതൃത്വത്തിലും *മാനവികശബ്ദാവലി, സാങ്കേതികശബ്ദാവലി* മുതലായ ശബ്ദാവലികളും പലതരം നിഘണ്ടുക്കളും മറ്റും ഡോ. കെ. എൻ. എഴുത്തച്ഛൻ, പ്രൊഫ. എസ്. ഗുപ്തൻ നായർ, പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ, പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി തുടങ്ങിയ പണ്ഡിതരും നിരൂപകരും കവികളും കൂടി തയ്യാറാക്കുകയുണ്ടായി. ഹിന്ദി, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത പദങ്ങളുടെ കൃത്രിമത്വം രൂക്ഷമായ വിമർശനങ്ങളുണ്ടാക്കിയെങ്കിലും അതൊക്കെ താമസിയാതെ കെട്ടടങ്ങി. (എങ്കിലും, ഈ ലേഖനമെഴുതുമ്പോൾ, ആ ശബ്ദാവലികൾ പുതുക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചതായി ഡയരക്ടർ ഡോ. കാർത്തികേയൻ നായരുടെ പ്രസ്താവന പത്രങ്ങളിൽ കണ്ടു.) സ്കൂൾതലങ്ങളിലും കലാലയതലങ്ങളിലും പൊതുവിൽ മലയാളം കലർന്ന ഇംഗ്ലീഷോ മുഴുവൻ മലയാളം തന്നെയോ മാധ്യമമായി. പി. ടി. ഭാസ്കരപ്പണിക്കരും മറ്റും നേതൃത്വം കൊടുത്തുകൊണ്ട് വിവിധവിശ്വവിജ്ഞാനകോശങ്ങളുടെ പല വാള്യങ്ങൾ ഗവണ്മെന്റിന്റെ നേരിട്ടുള്ള നേതൃത്വത്തിലും അല്ലാതെയും പ്രസിദ്ധീകരിക്കപ്പെട്ടു. ഇടവിട്ടിടവിട്ടുള്ള ഇടതുപക്ഷമുന്നണികളുടെ ഭരണകാലങ്ങളിൽ ഈ

പ്രക്രിയ വളരെ സജീവമാവും. അല്ലാത്ത കാലത്ത് ഏറ്റക്കുറച്ചി ലോടെയാണെങ്കിലും അത്ര സജീവമാവാതെ മന്ദമായെന്നു വന്നേക്കും. തികച്ചും ഭാഷാപ്രേമിയും സ്വയം സാഹിത്യകാരനുമാണെങ്കിലും സി. അച്ചുതമേനോൻ പോലും മുഖ്യമന്ത്രിയായിരുന്ന കാലത്ത്, രാഷ്ട്രീയകാരണങ്ങളാലാവാം, മാധ്യമം മലയാളത്തിലേക്ക് മാറുന്നതിന് തികച്ചും അനുകൂലമനോഭാവമല്ല പ്രകടിപ്പിച്ചിരുന്നത്. ഭട്ടിണ്ട കോൺഗ്രസ്സിലെ നയമാറ്റത്തോടെയാണ് മുഖ്യമന്ത്രിസ്ഥാനം രാജിവെച്ച് സി. പി. ഐ. നേതാവായ പി. കെ. വാസുദേവൻ നായർ ഇടതുപക്ഷജനാധിപത്യമുന്നണിയിലേക്കു വരുന്നത്. അതോടെ മാധ്യമമാറ്റത്തിലും കമ്മ്യൂണിസ്റ്റുകാർക്ക് ഏകാഭിപ്രായമായി.

അതോടെ, ചിന്ത പബ്ലിക്കേഷൻസും പ്രഭാത് ബുക് ഹൗസും, മത്സരിച്ചുകൊണ്ടെന്നപോലെ, സാഹിത്യപുസ്തകങ്ങളോടൊപ്പം വിവിധവൈജ്ഞാനികപുസ്തകങ്ങളും ധാരാളമായി പുറത്തിറക്കിത്തുടങ്ങി. സാഹിത്യപ്രവർത്തസഹകരണസംഘം മുൻപേ ഈ രംഗത്ത് ചെയ്തുകൊണ്ടിരുന്ന സേവനം കൂടുതൽ ഊർജിതമാക്കി. സംഘം പുസ്തകങ്ങളുടെ വിതരണ ഏജൻസിയായ നാഷണൽ ബുക് സ്റ്റാൾ കേരളത്തിലുടനീളമുള്ള ശാഖകളിലൂടെ വായനക്കാർക്ക് പുസ്തകങ്ങളെത്തിച്ചു.

വായനക്കാർ വർധിച്ചതോടെ എഴുത്തുകാരും കൂടുതൽ ഊർജസ്വലതയോടെ എഴുത്തിന്റെ ചക്രവാളം വികസ്വരമാക്കി. വായന മരിച്ചുവെന്നൊക്കെ പറയാറുണ്ടെങ്കിലും അനുഭവത്തിൽ വായന വർധിക്കുകയാണുണ്ടായത്. ഉല്പാദിപ്പിക്കപ്പെടുന്ന പുസ്തകങ്ങളുടെ ഗുണമേന്മയും വൈവിധ്യവും കൂടിക്കൂടിവരുന്നു.

പഴയ ഗ്രന്ഥശാലാസംഘവും പുതിയ സ്റ്റേറ്റ് ലൈബ്രറി കൗൺസിലും വിവിധഗ്രേഡുകളിലുള്ള ആയിരക്കണക്കിനു ഗ്രന്ഥാലയങ്ങളും വായനനാലകളും സ്കൂൾ–കോളേജ്–പബ്ലിക്ക് ലൈബ്രികളും വായന ഒരു സാമൂഹ്യാവശ്യമാണെന്ന സ്ഥിതി സഞ്ജാതമാക്കി. സർക്കാരാഭിമുഖ്യത്തിലും അല്ലാതെയുമുള്ള വർധിച്ചുവരുന്ന സാംസ്കാരികസമ്മേളനങ്ങളും ശില്പശാലകളും വായനയെ പ്രോത്സാഹിപ്പിച്ചു.

ഈ പശ്ചാത്തലത്തിലാണ് മലയാളത്തിന്റെ പ്രിയകവി സുഗതകുമാരിയുടെയും ലോകപ്രശസ്തസിനിമാസംവിധായകൻ അടൂർ ഗോപാലകൃഷ്ണന്റെയും നേതൃത്വത്തിൽ മലയാളഭാഷാപ്രേമികളുടെ അനിശ്ചിതകാലസമരം സെക്രട്ടേറിയറ്റിനുമുൻപിൽ നടക്കുന്നത്. പബ്ലിക് സർവീസ് കമ്മീഷന്റെ ചോദ്യങ്ങൾ മലയാളത്തിലാക്കണമെന്നതാണ് അവരുടെ ആവശ്യങ്ങളിൽ മുഖ്യം. ഐക്യകേരളപ്പിറവിക്കുശേഷം സംസ്ഥാനം ഭരിച്ചവരെല്ലാം, വിശേഷിച്ച് ഇടതുപക്ഷജനാധിപത്യമുന്നണിസർക്കാരുകൾ, മാതൃഭാഷയ്ക്കുവേണ്ടി നിലകൊള്ളുന്നവയാണെന്ന് മുമ്പ് വിവരിച്ചു



## 2. ശബരിമലക്ഷേത്രത്തിലെ യുവതീപ്രവേശത്തിന്നെതിരെ ആർ. എസ്. എസ്സിന്റെ വിമോചനസമരം

ശബരിമലക്ഷേത്രത്തിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനമാവാമെന്ന സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയനും ദേവസ്വം മന്ത്രി കടകമ്പള്ളി സുരേന്ദ്രനും ഇടതുപക്ഷജനാധിപത്യമുന്നണിനേതാക്കളും അർഥശങ്കയ്ക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചത് ലിംഗനീതിയിലും ജനാധിപത്യത്തിലും വിശ്വാസമുള്ള ജനങ്ങൾക്കു പൊതുവിലും പുരോഗമനവാദികൾക്ക് വിശേഷിച്ചും സന്തോഷം നൽകാതിരിക്കില്ല. അതേ സമയം, ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ പൊതുജനങ്ങളെ ഒരു രണ്ടാം വിമോചനസമരത്തിലേക്ക് തള്ളിവിടാൻ പരമോന്നതനീതിപീഠത്തിന്റെ വിധിയെ എതിർക്കുന്ന കേരളത്തിലെ ആർ.എസ്. എസ്സ് രാഷ്ട്രീയമുതലെടുപ്പിന് ഈ അവസരത്തെ ഉപയോഗിക്കാമെന്ന വ്യാമോഹത്തിന് വിധേയമായിരിക്കുന്നു.

ആർ. എസ്സ്. എസ്സുകാരും ബി. ജെ. പി. അധ്യക്ഷൻ അമിത് ഷായുമായി അടുത്ത ബന്ധമുള്ളവരുമായ പ്രേരണകുമാരി, ഭക്തിപ്രസീജ സേഥി എന്നിവരാണ് മുൻപറഞ്ഞ പത്തിലേറെ കൊല്ലം മുൻപ് നീണ്ടുനിന്ന വിചാരണപ്രക്രിയയ്ക്കാസ്പദമായ കേസ് കൊടുത്തവർ. ശബരിമലക്ഷേത്രത്തിൽ സ്ത്രീകളെ പ്രായഭേദമെന്യേ പ്രവേശിപ്പിക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ഇപ്പോൾ ഇത് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ആചാരത്തിനും വിശ്വാസത്തിനും എതിരായതുകൊണ്ടും ശബരിമല അയ്യപ്പൻ നൈഷ്ഠികബ്രഹ്മചാരിയായതുകൊണ്ടും അവിടെ സ്ത്രീപ്രവേശം അനുവദിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് അതേ ആർ. എസ്. എസ്സിന്റെ നേതൃത്വത്തിൽ ഭക്തരെ തെരുവിലിറക്കിയിരിക്കുകയാണ്. ദേവസ്വം ഓഫീസിലേക്കും ദേവസ്വം മന്ത്രിയുടെ വീട്ടിലേക്കും പന്തളം കൊട്ടാരത്തിലേക്കും തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലേക്കും നിത്യേനയെന്നോണം ആയിരക്കണക്കിൽ ഭക്തരുടെ ജാഥ നടക്കുകയാണ്. പലപ്പോഴും ഈ ജാഥകൾ പ്രകോപനപരമായ മുദ്രാവാക്യങ്ങൾകൊണ്ടും മുഖ്യമന്ത്രിയുടെ ജാതിപ്പേര് വിളിച്ചുകൊണ്ടും അദ്ദേഹത്തെയും മറ്റും തെറിവിളിച്ചുകൊണ്ടും അക്രമാസക്തമാകുന്നുണ്ടെന്നാണ് പത്രങ്ങളിൽനിന്നറിയുന്നത്. നടൻ കൊല്ലം തുളസി, മുൻ ദേവസ്വം പ്രസിഡണ്ട് പ്രയാർ ഗോപാലകൃഷ്ണൻ, ബി. ജെ. പി. നേതാവ് ബി. ഗോപാലകൃഷ്ണൻ മുതലായ പ്രമുഖർ സ്ത്രീകളെ പരക്കെ അസഭ്യം പറയുകയും കൊലവിളി

ക്കുകയും ചെയ്തുവല്ലോ. മുഖ്യമന്ത്രി പിണറായി വിജയന്റെ നിലപാട് പറയേണ്ടതില്ല. എങ്കിലും പി. എസ്. സി. ചെയർമാനുമായി സംസാരിച്ച് തീരുമാനമെടുക്കാമെന്ന് അദ്ദേഹം പറയുകയും അപ്രകാരം ചെയ്ത് വേണ്ടയിടങ്ങളിലെല്ലാം ചർച്ച ചെയ്ത് അനുകൂലമായ തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തു.

ആർ. എസ്. എസ്. നിയന്ത്രിക്കുന്ന, ആർ. എസ്. എസ്. പ്രചാരകനെന്ന് സ്വയം അഭിമാനിക്കുന്ന, മോഡിസർക്കാർ 'ഹിന്ദി, ഹിന്ദു, ഹിന്ദുസ്ഥാൻ' എന്ന ഭാഷാ–മതഭ്രാന്തിളക്കിവിടുന്ന വിഭജനമുദ്രാവാക്യത്തിലൂടെ ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽത്തന്നെ രാജ്യത്തെയാകെ വർഗീയധ്രുവീകരണത്തിലേക്കും കലാപത്തിലേക്കും നയിക്കുന്ന സന്ദർഭത്തിലാണ് കേരളം ഭാഷയെ ഏകീകരണശക്തിയാക്കുന്ന ബദൽനയം മുന്നോട്ടുവെക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

അമിത് ഷാ തന്റെ പ്രസ്താവന ദക്ഷിണേന്ത്യയിൽ വൻപ്രതിഷേധമുയർത്തിയെന്നു കണ്ട് അത് വിശദീകരിച്ചത് ഇങ്ങനെ: താൻ ഹിന്ദി അടിച്ചേല്പിക്കുകയല്ല ചെയ്തത്, പ്രാദേശികഭാഷയോടൊപ്പം രണ്ടാം ഭാഷയായി ഹിന്ദികൂടി പഠിക്കണമെന്നാണ് പറയാൻ ശ്രമിച്ചത്. ഇതാണ് പറയാൻ ശ്രമിച്ചതെങ്കിൽ അതല്ലേ പറയേണ്ടത്? ഇന്ത്യക്കാരെല്ലാം രാഷ്ട്രഭാഷയായ ഹിന്ദി പഠിക്കണം എന്നാണോ? പറഞ്ഞതോ, ഇന്ത്യയുടെ ആഭ്യന്തരമന്ത്രി! ബി. ജെ. പി. അധ്യക്ഷനായിട്ടല്ല ഇപ്പറയുന്നത്; ആഭ്യന്തരമന്ത്രിയായിട്ടാണ്. ഇത് 'ഗോൾവൽക്കറിസം' ഇന്ത്യയുടെമേൽ അടിച്ചേല്പിക്കലല്ലാതെ മറ്റെന്താണ്? അതുകൊണ്ട് വിശദീകരണം തന്റെ പ്രസ്താവനയുടേതല്ല എന്ന് ഏതു കുട്ടിക്കുമറിയാം. മറിച്ച്, അത് തീർത്തും മറ്റൊരു പ്രസ്താവനയാണ്; അമിത്ഷായുടെ മലക്കംമറിച്ചൽ മാത്രമാണ്! പിന്നെ, വിശദീകരണത്തിന്റെ പേരിൽ ഇന്ത്യയുടെ ആഭ്യന്തരമന്ത്രി മറ്റൊരു പ്രസ്താവന പുറപ്പെടുവിച്ചപ്പോൾ, ഡി. എം. കെ. നേതാവ് സ്റ്റാലിൻ, ഒരു സാമാന്യമര്യാദയോർത്താവാം, പ്രതിഷേധസമരം തൽക്കാലം നിർത്തിവെച്ചുവെന്നുമാത്രം.

★



## 2. ശബരിമലക്ഷേത്രത്തിലെ യുവതീപ്രവേശത്തിന്നെതിരെ ആർ. എസ്. എസ്സിന്റെ വിമോചനസമരം

ശബരിമലക്ഷേത്രത്തിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനമാവാമെന്ന സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയനും ദേവസ്വം മന്ത്രി കടകമ്പള്ളി സുരേന്ദ്രനും ഇടതുപക്ഷജനാധിപത്യമുന്നണിനേതാക്കളും അർഥശങ്കയ്ക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചത് ലിംഗനീതിയിലും ജനാധിപത്യത്തിലും വിശ്വാസമുള്ള ജനങ്ങൾക്കു പൊതുവിലും പുരോഗമനവാദികൾക്ക് വിശേഷിച്ചും സന്തോഷം നൽകാതിരിക്കില്ല. അതേ സമയം, ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ പൊതുജനങ്ങളെ ഒരു രണ്ടാം വിമോചനസമരത്തിലേക്ക് തള്ളിവിടാൻ പരമോന്നതനീതിപീഠത്തിന്റെ വിധിയെ എതിർക്കുന്ന കേരളത്തിലെ ആർ.എസ്. എസ്സ് രാഷ്ട്രീയമുതലെടുപ്പിന് ഈ അവസരത്തെ ഉപയോഗിക്കാമെന്ന വ്യാമോഹത്തിന് വിധേയമായിരിക്കുന്നു.

ആർ. എസ്സ്. എസ്സുകാരും ബി. ജെ. പി. അധ്യക്ഷൻ അമിത് ഷായുമായി അടുത്ത ബന്ധമുള്ളവരുമായ പ്രേരണകുമാരി, ഭക്തിപ്രസീജ സേഥി എന്നിവരാണ് മുൻപറഞ്ഞ പത്തിലേറെ കൊല്ലം മുൻപ് നീണ്ടുനിന്ന വിചാരണപ്രക്രിയയ്ക്കാസ്പദമായ കേസ് കൊടുത്തവർ. ശബരിമലക്ഷേത്രത്തിൽ സ്ത്രീകളെ പ്രായഭേദമെന്യേ പ്രവേശിപ്പിക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ഇപ്പോൾ ഇത് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ആചാരത്തിനും വിശ്വാസത്തിനും എതിരായതുകൊണ്ടും ശബരിമല അയ്യപ്പൻ നൈഷ്ഠികബ്രഹ്മചാരിയായതുകൊണ്ടും അവിടെ സ്ത്രീപ്രവേശം അനുവദിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് അതേ ആർ. എസ്. എസ്സിന്റെ നേതൃത്വത്തിൽ ഭക്തരെ തെരുവിലിറക്കിയിരിക്കുകയാണ്. ദേവസ്വം ഒഫീസിലേക്കും ദേവസ്വം മന്ത്രിയുടെ വീട്ടിലേക്കും പന്തളം കൊട്ടാരത്തിലേക്കും തിരുവനന്തപുരത്ത് സെക്രട്ടേരിയറ്റിലേക്കും നിത്യേനയെന്നോണം ആയിരക്കണക്കിൽ ഭക്തരുടെ ജാഥ നടക്കുകയാണ്. പലപ്പോഴും ഈ ജാഥകൾ പ്രകോപനപരമായ മുദ്രാവാക്യങ്ങൾകൊണ്ടും മുഖ്യമന്ത്രിയുടെ ജാതിപ്പേര് വിളിച്ചുകൊണ്ടും അദ്ദേഹത്തെയും മറ്റും തെറിവിളിച്ചുകൊണ്ടും അക്രമാസക്തമാകുന്നുണ്ടെന്നാണ് പത്രങ്ങളിൽനിന്നറിയുന്നത്. നടൻ കൊല്ലം തുളസി, മുൻ ദേവസ്വം പ്രസിഡണ്ട് പ്രയാർ ഗോപാലകൃഷ്ണൻ, ബി. ജെ. പി. നേതാവ് ബി. ഗോപാലകൃഷ്ണൻ മുതലായ പ്രമുഖർ സ്ത്രീകളെ പരക്കെ അസഭ്യം പറയുകയും കൊലവിളി

ത്തുകയും വനിതാകമ്മീഷന്റെ നടപടികൾക്ക് വിധേയരാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജനാധിപത്യമഹിളാ അസോസ്യേഷൻ നേതാക്കളായ പി. സതീദേവിയെയും പി. കെ. ശ്രീമതിയെയും ചില ആറെസ്സെസ്സുകാർ ഭീഷണിപ്പെടുത്തുകയും അശ്ലീലപദങ്ങൾകൊണ്ട് അഭിഷേകം ചെയ്യുന്നതായും വാർത്തകളുണ്ട്.

ഇതെല്ലാം കേട്ടാൽ തോന്നുക സുപ്രീം കോടതിവിധിക്കുത്തരവാദി മുഖ്യമന്ത്രി പിണറായി വിജയനും ഇടതുപക്ഷസർക്കാരുമാണെന്നാണ്. വിധി നടപ്പിലാക്കാനുള്ള ബാധ്യത നിറവേറ്റാൻ ഒരുക്കങ്ങൾ നടത്തുക മാത്രമാണ് അവർ ചെയ്യുന്നത്. ഇതിനുമുൻപുള്ള വിധികളൊക്കെ നടപ്പാക്കിയോ, വിധിക്കെതിരെ ചിലർ പുനഃപരിശോധനാഹരജി കൊടുത്തിട്ടുള്ളതുകൊണ്ട് അതിന്റെ ഫലമറിയുന്നതുവരെ സർക്കാരിനു കാത്തിരുന്നുകൂടേ എന്നും മറ്റുമാണ് ചിലരുടെ ചോദ്യം. വിധിയുടെ ഗുണഭോക്താക്കളായ അയ്യപ്പസ്വാമിവിശ്വാസിസ്ത്രീസമൂഹത്തിന്റെ വികാരം ഈ സമരോത്സുകതയ്ക്കിടയിൽ മറന്നുപോകുന്നത്, ഇന്നും നമ്മുടെ കേരളീയപൊതുസമൂഹം എത്ര സ്ത്രീവിരുദ്ധമാണെന്നു പുറംലോകത്തോട് വിളിച്ചുപറയുകയല്ലേ?

അമിത് ഷായുടെ കർശനനിർദേശപ്രകാരമാണെന്നറിയുന്നു, കേരള ബി. ജെ. പി. –ആർ. എസ്. എസ്സുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നാമജപയാത്ര എന്ന പേരിൽ ഇപ്പോൾ നടക്കുന്ന ‘വിശ്വാസി’കളായ അമ്മമാരുടെയും യുവതിമാരുടെയും സമരം പലപ്പോഴും പ്രകോപനപരമായിപ്പോകുന്നുണ്ടെന്നാണ് കാണുന്നത്. ആചാരങ്ങളെ കണക്കിലെടുക്കാത്തതും വിശ്വാസത്തെ സംരക്ഷിക്കാത്തതുമായ സുപ്രീം കോടതിവിധിക്കെതിരെയാണ് നാമജപയാത്രയെന്നു പറയുന്നുണ്ടെങ്കിലും മുഖ്യമന്ത്രി പിണറായി വിജയനും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കേരളസർക്കാരിന്നെതിരെയുള്ള വിമോചന (അട്ടിമറി)സമരമാണ് വാസ്തവത്തിൽ നടക്കുന്നതെന്ന് എല്ലാവർക്കുമറിയാം. ആർ. എസ്. എസ്സുകാരും ബി.ജെ. പി.ക്കാരും അവരുടെ സിൽബന്ദികളും ഈ വസ്തുത മറച്ചുവെക്കുന്നുമില്ല. കോൺഗ്രസ്സുകാരും ലീഗുകാരും മറ്റു പ്രതിപക്ഷഘടകകക്ഷികളും വിമോചനസമരത്തിൽ കൊടി പിടിച്ചും അല്ലാതെയും പങ്കെടുക്കുന്നുണ്ടെന്നാണ് വെപ്പ്. ഇ. എം. എസ്. സർക്കാരിന്നെതിരായി പണ്ടു നടന്ന വിമോചനസമരം പോലെ ഇതും വിജയിച്ചാലായി എന്നാണവരുടെ നേർത്ത പ്രത്യാശ. എന്തിനാണ് സമരം എന്ന് അവർക്കാർക്കും ഒരു വ്യക്തതയുമുള്ളതായി തോന്നുന്നില്ല.



പരമോന്നതനീതിപീഠത്തിന്റെ വിധിക്കെതിരെ പുനഃപരിശോധനാഹരജി ഇടതുപക്ഷജനാധിപത്യമുന്നണിസർക്കാരിനെക്കൊണ്ട് കൊടുപ്പിക്കുകയാണ് സമരനേതൃത്വത്തിന്റെ ഉള്ളിലിരിപ്പ്. ശബരിമലയിലെ സ്ത്രീപ്രവേശനത്തിനുവേണ്ടി വാദിച്ചുപോന്ന ഇടതുപക്ഷമുന്നണിക്ക് ആ നയത്തിൽനിന്ന് വ്യതിചലിക്കാനാവില്ലെന്ന് അവർക്കുതന്നെ അറിയാത്തതല്ല. എങ്കിലും ‘പോയാൽ പന്ത്രണ്ടണ, കിട്ടിയാൽ അധികാരിപ്പണി’ എന്നു പറഞ്ഞതുപോലെ സമ്മർദം ചെലുത്തി നോക്കുകതന്നെ.

ആരു പുനഃപരിശോധനാഹരജി കൊടുത്താലും വിശേഷിച്ചു പ്രയോജനമൊന്നുമുണ്ടാവില്ലെന്ന് പ്രസിദ്ധനിയമകാര്യവിദഗ്ധനായ കാളീശ്വരം രാജ് ഒരു പ്രമുഖപത്രത്തിൽ കാര്യകാരണസഹിതം വിവരിക്കുകയുണ്ടായി. ജസ്റ്റീസ് കെമാൽപാഷ, ഇതിനുപുറമെ, ഇപ്പോഴത്തെ നാമജപസമരം കോടതിയലക്ഷ്യമാണെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. ഈ സംഗതി വക്കീലായ ബി. ജെ. പി. നേതാവ് ശ്രീധരൻ പിള്ളയ്ക്കും അറിഞ്ഞുകൂടാത്തതായിരിക്കില്ല. എന്നിട്ടും അക്രമവും കൊലവിളിയും അകമ്പടി സേവിക്കുന്ന ‘വല്യമ്മ’മാരുടെ ഈ ‘നാമജപവിമോചനസമര’ത്തിന് നേതൃത്വം കൊടുക്കുന്നത് രാഷ്ട്രീയമുതലെടുപ്പിനല്ലാതെ മറ്റെന്തിനാണ്? മതനിരപേക്ഷമായ നവകേരളനിർമാണശ്രമത്തെ ധീരമായി നയിക്കുന്ന പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷജനാധിപത്യമുന്നണിയുടെ സദ്ഭരണത്തെ ചരിത്രകാരരായ എം.ജി. എസ്സും റോമിലാ ഥാപ്പറും കെ. എൻ. പണിക്കരും രാജൻ ഗുരുക്കളും സാമൂഹ്യരാഷ്ട്രീയനിരീക്ഷകരായ ബി.ആർ. പി. ഭാസ്കറെപ്പോലുള്ള ഇന്ത്യക്കാരടക്കമുള്ള ആദരണീയരും ഉൾപ്പെടെയുള്ള ലോകമാകെ പിന്തുണയ്ക്കുമ്പോൾ ആ മുഖ്യനിരയിൽ അണിനിരക്കാൻ എന്തുകൊണ്ടും യോഗ്യനായ ശ്രീധരൻ പിള്ള രാഷ്ട്രീയദുഷ്ടലാക്കോടെ ഈ നീചവൃത്തിക്കു കൂട്ടുനിന്നത് ശരിയായില്ലെന്ന് അദ്ദേഹത്തിന് ഇപ്പോൾ ബാധിച്ചുവശായിട്ടുള്ള വ്യാമോഹം നീങ്ങുമ്പോൾ ബോധ്യമാകും.

സുപ്രീം കോടതിവിധിയുടെ ഭരണഘടനാബെഞ്ചിന്റെ വിധി ഇന്ത്യൻ ഭരണഘടനയനുസരിച്ചാണ്. അതുകൊണ്ടുതന്നെ ഭരണഘടനയനുസരിക്കാൻ ബാധ്യസ്ഥരായ ഇന്ത്യയിലെ എല്ലാ കക്ഷികളും വ്യക്തികളും ആ വിധി നടപ്പിൽ വരുത്താനല്ലാതെ മറിച്ച് ഒരു തീരുമാനമെടുക്കുന്നതോ കേരളസർക്കാർ അതു നടപ്പിലാക്കുന്നതിന് തടസ്സം നിൽക്കുകയോ ചെയ്യുന്നത് ഭരണഘടനാവിരുദ്ധമാണെന്നു ചുരുക്കം. സ്ഥിതി ഇങ്ങനെയിരിക്കെ, ഇപ്പോൾ ആചാരത്തിന്റെയും വിശ്വാസത്തിന്റെയും സംരക്ഷണപ്രശ്നം ഉന്നയിക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും തങ്ങളുടെ അഭിഭാഷകർമുഖേന ഈ വാദങ്ങൾ കോടതിയെ ബോധ്യപ്പെടുത്താമായിരുന്നല്ലോ? കോടതിയലക്ഷ്യമായേക്കാവുന്ന ഈ തെരുവുസമരംകൊണ്ട് പ്രശ്നം പരിഹരിക്കാ

മെന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണെന്നു പറയേണ്ടതുണ്ടോ?

ഇനി, വാദത്തിനുവേണ്ടി വിമോചനസമരക്കാരുടെ വാദം അംഗീകരിച്ചാൽത്തന്നെ, ആചാരവിശ്വാസങ്ങളുടെ സ്വഭാവം പരിശോധിക്കാം. ആചാരവും വിശ്വാസവുമെല്ലാം സമരാനുകൂലികൾ അവകാശപ്പെടുന്നപോലെ സനാതനമൊന്നുമല്ലെന്നതിന് നമ്മുടെ അനുഭവങ്ങൾതന്നെ സാക്ഷി. ഹരിഹരപുത്രനാണെന്നു വിശ്വസിക്കപ്പെടുന്ന ശബരിമല അയ്യപ്പൻ പുരാണപ്രസിദ്ധമായൊരു ദൈവമല്ല. തമിഴകത്തും മറ്റും നിലവിലിരുന്ന ശൈവ–വൈഷ്ണവകലഹങ്ങളുടെ പരിഹാരമായി പൂർവികരിൽ ചിലർ കണ്ടെത്തിയ സമന്വയമൂർത്തിയാണ് ഈ അയ്യപ്പസങ്കല്പമെന്നനുമാനിക്കുന്നതിൽ തെറ്റില്ല. ഹിന്ദുക്കളിലെ രണ്ടു വിഭാഗങ്ങളായ ശൈവരും വൈഷ്ണവരും മാത്രമല്ല അയ്യപ്പനെ ആരാധിക്കുന്നത്. മൂന്നാമത്തെ പ്രബലവിഭാഗമായ ശക്തിപൂജകരുടെ ആരാധ്യമൂർത്തിയായി മാളികപ്പുറത്തമ്മയെ കണക്കാക്കാം. അയ്യപ്പഭക്തർ അവരെയും തൊഴുന്നുണ്ട്. മുസ്ളീങ്ങൾക്ക് അവിടെ വാവർസ്വാമിയുണ്ട ആരാധിക്കാൻ. വിശ്വാസികളായ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും മതമൈത്രിയുടെ മനോഹരപാതയിലെത്തിക്കുന്നതിന് ശബരിമല അയ്യപ്പന്റേതുപോലുള്ളൊരു ദൈവസങ്കല്പം അപൂർവമെന്നു പറയാം. അത്യുത്തരകേരളത്തിലെ ആലക്കോടെന്ന മലയോരഗ്രാമത്തെ പരിഷ്കരിക്കാൻ അവിശ്രമം പരിശ്രമിച്ച പൂഞ്ഞാർരാജാവ് എഴുതിയ *അയ്യപ്പൻചരിത*ത്തിൽ ഇക്കാര്യങ്ങളെല്ലാം പ്രതിപാദിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ. അയ്യപ്പസ്വാമി നൈഷ്ഠികബ്രഹ്മചാരിയാണെന്ന വാദവും അദ്ദേഹം തള്ളിക്കളയുന്നു.

ഈ ചരിത്രവിധി വരുന്നതിനുമുൻപുതന്നെ, സുപ്രസിദ്ധനും മുൻപ് പ്രധാനമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന ടി. കെ. എ. നായർ കുഞ്ഞായിരുന്ന കാലംതൊട്ട്താൻ ശബരിമല ദർശിച്ചിട്ടുണ്ടെന്നും തന്റെ ചോറൂണ് അവിടെവെച്ചായിരുന്നുവെന്നും പറഞ്ഞത് നാം പല തവണ കേട്ടിട്ടുണ്ട്. ലളിതാംബിക അന്തർജനത്തിന്റെ കൊച്ചുമകളായ തനൂജ ഭട്ടതിരിയെപ്പോലുള്ള ഉത്പ്പതിഷ്ണുക്കളായ സ്ത്രീകളും ശബരിമലദർശനത്തിന്റെ ബാല്യകാലസ്മരണകൾ അയവിറക്കിയിട്ടുണ്ടല്ലോ.

ചരിത്രപരമായി നോക്കിയാൽ കാട്ടുദൈവമായ അയ്യപ്പന്റെ ബുദ്ധപര്യായമായ ശാസ്താവെന്ന നാമം ശ്രദ്ധേയമാകുന്നു. പ്രതിഷ്ഠയുടെ സ്വരൂപവും സർവമതമൈത്ര്യധിഷ്ഠിതമായ കരുണാസ്വഭാവവും സ്വാമിഭക്തരായ അയ്യപ്പന്മാരുടെ തീർഥാടനവേഷവും ശരണംവിളിയും മറ്റും ഇതിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. പുതിയ സുപ്രീംകോടതിവിധിയോടെ പുരുഷന്മാരെപ്പോലെ എല്ലാ സ്ത്രീകൾക്കും ശബരിമലസന്നിധാനത്തിലെത്തി ആരാധന നടത്തിയാൽ ക്ഷേത്രത്തിന്റെയും കേരളത്തിന്റെതന്നെയും പ്രശസ്തി എത്രയോ വർധിക്കുമെന്നതിൽ സംശയമില്ല. ഉടനെ അത്ര വലിയ



സ്ത്രീമുന്നേറ്റമുണ്ടാവില്ലെങ്കിലും കാലക്രമേണ അഖിലലോകപ്രസിദ്ധമായ ഒരു തീർഥാടനകേന്ദ്രമായി ശബരിമലക്ഷേത്രം മാറുമെന്നു പ്രതീക്ഷിക്കാം.

★

# 3. ശബരിമലക്ഷേത്രത്തിലെ സവർണബ്രാഹ്മണാധിപത്യം

ശബരിമലക്ഷേത്രം, ഏറിവന്നാൽ നാലു നൂറ്റാണ്ടിലധികം പഴക്കമില്ലാത്തതാണെന്ന് ചരിത്രകാരന്മാർ പൊതുവിൽ സമ്മതിച്ചിട്ടുള്ളതാണ്. ശബരിക്ക് ആ മലയുമായുള്ള ബന്ധം പേരുതന്നെ സൂചിപ്പിക്കുന്നു. ശബരി ആദിവാസി ഗോത്രവിഭാഗത്തിൽ പെടുന്നവളാണെന്നു പറയേണ്ടതില്ലല്ലോ. അവർ സ്ഥിരമായി താമസിച്ച് തപസ്സുചെയ്ത മലയായിരിക്കണം അത്.

കാട് മൂടിക്കിടന്ന ശബരിമലയിലെ അയ്യൻ അഥവാ അയ്യപ്പൻ എന്ന വീരയോദ്ധാവ് ആ മലപ്രദേശത്തെ ആദിവാസികളുൾപ്പെടെയുള്ള ജീവജാലങ്ങളെ കാത്തുരക്ഷിച്ചുപോന്നു. അവർ അദ്ദേഹത്തെയും പൊന്നുപോലെ നോക്കി. മലയരയർ എന്നു വിളിക്കപ്പെട്ടിരുന്ന അവർ 41 ദിവസത്തെ വ്രതമെടുത്ത് സംഭരിക്കുന്ന ചെറുതേൻകൊണ്ട് തങ്ങളുടെ സ്വാമിയെ പ്രീതിപ്പെടുത്തി. ആദിവാസിയായ പൂജാരി കൊണ്ടുവന്ന് വൃശ്ചികം ഒന്നിന് ശ്രീകോവിലിൽ കടന്നിരുന്ന് അഭിഷേകം നടത്തുകയും മകരസംക്രാന്തിദിവസം ആരതി ഉഴിയുകയും മറ്റാചാരങ്ങൾ നടത്തുകയുമായിരുന്നു. ഇപ്പോൾ, പക്ഷേ, അതൊന്നുമില്ല.

ഐക്യമലയരയസംഘം ജനറൽ സിക്രട്ടറി, മഹാത്മാഗാന്ധിയൂനിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് റജിസ്ട്രാർ പി. കെ. സജീവ് മലയരയരുടെ ആരാധ്യനും വീരയോദ്ധാവുമായ അയ്യപ്പന്റെ ശബരിമല അവർക്കുതന്നെ തിരിച്ചുകൊടുക്കണമെന്ന്, ചുരുങ്ങിയത് പൊന്നമ്പലമേട്ടിൽ മകരവിളക്ക് കത്തിക്കാനുള്ള അവകാശമെങ്കിലും തിരിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്തതും (ഈ ആവശ്യത്തിന് സ്വാമി സന്ദീപാനന്ദഗിരി തന്റെ പിന്തുണ ഈയിടെയും ആവർത്തിക്കുകയുണ്ടായി) അതുസംബന്ധിച്ച കേസ് ഹൈക്കോടതിയിൽ നിലവിലിരിക്കുകയും ചെയ്യുന്ന വസ്തുത ഓർമിക്കുക. കേരളത്തിലുടനീളമുണ്ടായിരുന്ന അവർണരുടെയും അധഃകൃതരുടെയും ആദിവാസികളുടെയും ദേവാലയങ്ങളായ കാവുകൾ സവർണർ സ്വന്തമാക്കി ബ്രാഹ്മണ്യം സ്ഥാപിച്ചതുപോലെത്തന്നെയാണ് ശബരിമലയിലെ അയ്യപ്പൻകാവിനും കാലക്രമേണ സംഭവിച്ചതെന്ന് പ്രസിദ്ധചരിത്രകാരനായ ഡോ. എം. ആർ. രാഘവവാരിയരെപ്പോലുള്ളവർ രേഖകളുടെ അടിസ്ഥാനത്തിൽ തെളിയിച്ചിട്ടുണ്ട്. പി. കെ. സജീവ് ഇക്കാര്യങ്ങൾ വിസ്തരിച്ച് അടുത്ത കാലത്ത് ഒരു പുസ്തകംതന്നെ എഴുതിയിട്ടുണ്ട്.

കാഞ്ഞിരപ്പള്ളിത്താലൂക്കിൽ പാറത്തോട് പഞ്ചായത്തിലെ പഴുമല പഞ്ചായത്തിലാണ് സജീവിന്റെ ജനനം. 14 കിലോമീറ്റർ അകലെയുള്ള ക്രൈസ്റ്റ് മെമ്മോറിയൽ സ്കൂളിലേക്കും ക്രൈസ്റ്റ് കോളേജിലേക്കും നടന്നുപോയാണ് പഠിച്ചത്. അന്ന് വൈദ്യുതിയോ ടാറിട്ട റോഡോ ഇല്ലായിരുന്നു.

പഴുമലയിൽത്തന്നെ അവർക്ക് ഒരു മലയമ്പലമുണ്ടായിരുന്നു. കല്ലു വെച്ച് പൂജിക്കുന്ന അമ്പലം. മുത്തച്ഛന്മാർ തങ്ങളുടെ പാരമ്പര്യകലയായ ഐവർകളിയും ചവിട്ടുനാടകവും കോൽക്കളി മുതലായവയും കളിക്കാറുണ്ടായിരുന്നു. അമ്പലം പിന്നീട് മണ്ണു വെച്ച് ചെറിയ ക്ഷേത്രമായിട്ടുണ്ട്. തന്റെ കുട്ടിക്കാലംതൊട്ടേ സജീവ് ശബരിമലയിൽ പോകാറുണ്ടത്രേ. 41 ദിവസം വ്രതമെടുത്ത് പോകും. ഒരു പെരിയ സ്വാമിയുണ്ടാകും. രാവിലെ തോട്ടിൽ പോയി കുളിച്ച് നോടെ, 'സ്വാമിയേ ശരണമയ്യപ്പാ' എന്നു വിളിക്കും. തുലാം 25–ഓടെത്തന്നെ വ്രതമെടുക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തും. വീട് വൃത്തിയാക്കുക, ചാണകം തളിച്ച് പാത്രങ്ങൾ കഴുകിവെക്കുക മുതലായവയൊക്കെ. മാലയിട്ടുകഴിഞ്ഞാൽ വീട്ടിനു പുറത്താകും. പച്ചയോലകൊണ്ട് കുടിൽ കെട്ടി മിക്കവാറും അതിലാണ് കഴിയുക. പുഴുങ്ങിയ കിഴങ്ങും മറ്റുമാകും ആഹാരം.



പാറത്തോട് നിന്ന് കോരുത്തോട് എത്തി മുക്കുഴിവഴി കയറി കരിമലയിലും അവിടെനിന്ന് പമ്പയിലേക്കും നടന്നാണ് ശബരിമലയിലേക്ക് പോവുക.

അയ്യപ്പന്റെ ജനനത്തെപ്പറ്റിയുള്ള ചരിത്രം സജീവ് പറയുന്നതിങ്ങനെ: 1100–ന്റെ ആദ്യദശകത്തിലാണ് അയ്യപ്പൻ ജനിക്കുന്നത്. കേരളത്തിൽ ചോളന്മാരുടെ നൂറ്റാണ്ടുയുദ്ധം നടക്കുന്നത് ഇക്കാലത്താണ്. ഗോത്രവിഭാഗമായ മലയരയരാണ് അന്ന് ശബരിമലക്കാടുകളിൽ കഴിയുന്നത്. അയ്യപ്പന്റെ അച്ഛനും അമ്മയും ജീവിച്ചിരുന്നത് പൊന്നമ്പലമേട്ടിലാണ്. മനുഷ്യൻ ഇന്നും എത്തിച്ചേരാത്ത സ്ഥലം. അവിടെ ജീവിച്ചിരുന്ന കണ്ടനും കറുത്തമ്മയ്ക്കും മക്കളില്ലായിരുന്നു. അവർ അവിടുത്തെ കോർമനെന്ന ദിവ്യന്റെ അടുത്തു ചെന്ന് മക്കളില്ലാത്ത ദുഃഖം വെളിപ്പെടുത്തിയപ്പോൾ അദ്ദേഹം അവരോട് 41 ദിവസം വ്രതമെടുത്താൽ ദിവ്യനായൊരു പുത്രൻ ജനിക്കുമെന്നു പറഞ്ഞു. വലിയ കീഴ്ക്കാംതൂക്കായ പാറയിലെ ഗുഹയിലാണ് ഈ ദമ്പതികൾ താമസിച്ചിരുന്നത്. അവിടെയാണ് അയ്യപ്പൻ ജനിച്ചത്. കണ്ടന്റെ മകനായതുകൊണ്ടാണ് ചെറിയ കണ്ടൻ എന്നർഥമുള്ള മണികണ്ടൻ എന്ന പേര് വന്നത്. മണികണ്ടന്റെ സംസ്കൃതരൂപമാണ് മണികണ്ഠൻ. പിന്നീട് ചീരപ്പൻചിറ എന്ന ഈഴവകുടുംബത്തിൽനിന്ന് മണികണ്ടൻ യുദ്ധകല അഭ്യസിച്ചു. ഇതിനിടെ ഒരു പെൺകുട്ടി അദ്ദേഹത്തോടുള്ള തന്റെ പ്രണയം വെളിപ്പെടുത്തിയപ്പോൾ, തന്റെ ലക്ഷ്യം ഗോത്രത്തിനുവേണ്ടി പോരാടുക എന്നതു മാത്രമാണെന്ന് പറഞ്ഞൊഴിഞ്ഞു. അയ്യപ്പന് തന്റെ കീഴിൽ അണിനിരന്ന മലയരയഗോത്രവർഗത്തെക്കൊണ്ട് ചോളാധിനിവേശത്തെ ശക്തമായി ചെറുക്കാൻ സാധിച്ചു. മലയരയരുടെ പതിന്മടങ്ങ് വരുന്ന ചോളസൈന്യത്തെ അയ്യപ്പൻ ഒളിയുദ്ധതന്ത്രംകൊണ്ട് തുരത്തി. അനന്തരം അദ്ദേഹം യോഗനിദ്രയിലാകുകയും പ്രതിഷ്ഠയിൽ ലയിക്കുകയും ചെയ്തു.

തന്റെ മുത്തച്ഛന്മാർ പറഞ്ഞിട്ടുള്ള ഈ ഐതിഹ്യത്തെയാണ് സജീവ് ചരിത്രമെന്നു പറയുന്നത്. ഒരാൾ മാത്രമല്ല, എല്ലാവരും ഇതുതന്നെ പറഞ്ഞിട്ടുള്ളതുകൊണ്ട് ഇത് കെട്ടുകഥയല്ല, ചരിത്രംതന്നെയെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

ഇതിൽനിന്ന് ചേര–ചോളയുദ്ധകാലത്ത് ജനിച്ച പോരാളിയായൊരു ധീരനാണ് അയ്യപ്പനെന്നും പന്തളംമ രാജാവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കഥ കടംകൊണ്ടു മൂടിയ പന്തളം കൊട്ടാരത്തിന് മഹത്വം ചാർത്തിക്കൊടുക്കാൻ ക്ഷത്രിയപ്രാമാണ്യതല്പരർ കെട്ടിച്ചമച്ചതാണെന്നും വ്യക്തമാകുന്നു.

അയ്യപ്പന്റെ കാലത്ത് മുസ്ലീം സമുദായം ഇവിടെ ഉണ്ടെന്നതും വാവർ അദ്ദേഹത്തിന്റെ സൈനികനിരയിൽ ഒന്നിന്റെ നേതാവായതുകൊണ്ടാണ് വാവരെ തന്റെ സമീപപ്രദേശത്തുതന്നെ കുടിയിരുത്തിയതെന്നതും വാവർ കൊള്ളക്കാരനായിരുന്നുവെന്ന ദുഷ്പ്രചാരണം ചില മുസ്ലീംവിരുദ്ധരുടേതുമാത്രമാണെന്നും പറയേണ്ടിയിരിക്കുന്നു.

അയ്യപ്പന്റെ പ്രധാനസൈനികർ കടുത്തയും കൊച്ചുകടുത്തയും പുതുശ്ശേരിമുണ്ടനും മറ്റുമായിരുന്നു. കാട്ടിൽ ഇവരുടെ വീരക്കല്ലുകൾ കണ്ടതായും കരിമലയിലെ കല്ലറകൾ കണ്ടിട്ടുണ്ടെന്നും പി. കെ. സജീവ് സാക്ഷ്യപ്പെടുത്തുന്നു. ഇതൊക്കെ അയ്യപ്പൻ സഞ്ചരിച്ച വഴികളായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. അയ്യപ്പൻ യുദ്ധം മുന്നിൽനിന്നു നയിച്ചവനാണെന്ന് സജീവ് പറഞ്ഞിട്ടുണ്ട്. ശബരിമലയിലേക്കുള്ള കെട്ടുനിറതന്നെ യുദ്ധത്തിനുള്ളതയ്യാറെടുപ്പാണെന്നാണത്രേ അയ്യപ്പൻ നിർദേശിച്ചത്. കന്നിയയ്യപ്പൻ ശരക്കോൽ കൊണ്ടുപോകുന്നതും ശരംകുത്തി ആയുധപ്പുരയാണെന്നതും ഓരോ കന്നിയയ്യപ്പനെയും യുദ്ധസന്നദ്ധനാക്കുകയെന്നതാണ് അയ്യപ്പന്റെ ലക്ഷ്യമെന്ന് വ്യക്തമാക്കുന്നു. ലക്ഷ്യം ഏകാഗ്രമായിരിക്കണമെന്നാണ് പെരിയ സ്വാമിമാർ കൊടുക്കുന്ന നിർദേശം. ഇനി ഇരുമുടിക്കെട്ടിന്റെ വിവരണം: മുൻകെട്ടിൽ അഞ്ചു നാളികേരവും പൂജാദ്രവ്യങ്ങളും. ഓരോ മലയ്ക്കും അടിക്കാനാണ് തേങ്ങ. പിൻകെട്ടിൽ അരിയും മഞ്ഞളും കർപ്പൂരവും മറ്റും. ബന്ധുക്കൾ ഓരോ പിടിയിടും. ബന്ധുക്കൾക്ക് ദക്ഷിണ കൊടുക്കും. ഒടുവിലാണ് അമ്മയുടെ ഊഴം. കെട്ട് തലയിൽവെച്ചുകഴിഞ്ഞാൽ പിന്നെ തിരിഞ്ഞുനോക്കാൻ പാടില്ലെന്നാണ് നിയമം. യുദ്ധത്തിനു പോകുന്ന അവൻ ഇനി തിരിച്ചുവരുമെന്നുറപ്പില്ല. ഇത്തരത്തിലൊരാചാരം ഏതു ക്ഷേത്രത്തിലാണുള്ളതെന്ന് സജീവ് ആശ്ചര്യം കൂറുന്നു. കന്നിയയ്യപ്പൻ ശരക്കോൽ കൊണ്ടുപോകുന്നതിന് മാളികപ്പുറത്തിന്റെ വിവാഹവുമായി ബന്ധമൊന്നുമില്ലെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം. ശരണംവിളി നിലനിൽക്കുന്നതുകൊണ്ട് ശബരിമല ബുദ്ധവിഹാരമായിരുന്നുവെന്ന ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തോടും അദ്ദേഹത്തിന് യോജിപ്പില്ല. സാമുവൽ മറ്റീർ എന്ന സി. എസ്. ഐ. മിഷണറി ശബരിമലയിലും പരിസരപ്രദേശങ്ങളിലും ഗവേഷണം നടത്തി 1883–ൽ പ്രസിദ്ധീകരിച്ച *നേറ്റീവ് ലൈഫ് ഇൻ ട്രാവൻകൂർ* പണ്ടത്തെ മലയരയനാഗരികതയെക്കുറിച്ച് വ്യക്തമാക്കുന്നത് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ശബരിമല, പൊന്നമ്പലമേട്, ഗൗണ്ടൽമല, നാഗമല, സുന്ദരമല, ചിറ്റമ്പലമേട്, ഗാൽഗിമല, മാതംഗിമല, മയിലാടുമേട്, ശ്രീപാദമല, ദേവർമല, നിലയ്ക്കൽമല, തലപ്പാമല, നീലിമല, പുതുശ്ശേരിമല, കാളകെട്ടിമല, ഇഞ്ചിപ്പാറമല, എന്നിങ്ങനെ 18 മലകളുടെയും പേരുകൾ പുസ്തകത്തിൽ കൊടുക്കുന്നുണ്ട്. പൊന്നമ്പലമേട്ടിൽ ശിവക്ഷേത്രമുണ്ടായിരുന്നതിന്റെ അവശിഷ്ടത്തെപ്പറ്റിയും അതിൽ പ്രസ്താവമുണ്ട്. കോഴിക്കാനം, നിലയ്ക്കൽ, പള്ളിയറക്കാവ്, ഇടക്കുന്നം, ളാഹ, കൊടിക്കുത്തിപ്പാറ, അലുവംകുടി എന്നീ സ്ഥലങ്ങളിൽ ക്ഷേത്രാവശിഷ്ടങ്ങൾ കണ്ടെത്തിയതായും പരാമർശമുണ്ട്. പൊന്നമ്പലമേട്ടിൽ ക്ഷേത്രം നശിച്ചുപോയിട്ടും മകരസംക്രമത്തിന് വിളക്ക് തെളിച്ചിരുന്നുവെന്നും വ്യക്തമായി പ്രസ്താവിക്കുന്നു. അയ്യപ്പന്റെ ജന്മനാൾ അന്നാണെന്നും അദ്ദേഹത്തിന്റെ മൂലസ്ഥാനം



അതായിരുന്നുവെന്നും അതിലുണ്ട്.

മലയരയനായിരുന്നു ശബരിമലയിലെ പ്രതിഷ്ഠ നടത്തിയവനും ആദ്യത്തെ പൂജാരിയുമെന്ന് പി. കെ. സജീവ് പറയുന്നു. താളനാനി അരയനായിരുന്നു അന്ന് ക്ഷേത്രത്തിലെ പൂജാരിയും വെളിച്ചപ്പാടുമെന്ന് മറ്റീർ തന്റെ പുസ്തകത്തിൽ പ്രസ്താവിക്കുന്നുണ്ട്. താളനാനി അരയന്റെ കുടുംബക്കാർ ഇന്നും മേലുകാവിലുണ്ടെന്ന് സജീവും പറയുന്നു. കരിമല അരയനാണ് ശബരിമലയിൽ പ്രതിഷ്ഠ നടത്തിയതെന്നും അവിടെ പൂജാരിമാർ പോകാറുണ്ടായിരുന്നുവെന്നും പതിനെട്ടാംപടിയിലെ ആദ്യത്തെ കല്ലിൽ കരിമല അരയൻ എന്ന് കൊത്തിയിട്ടുണ്ടെന്നും പരിശോധിച്ചാൽ കാണാമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഏറ്റവുമൊടുവിലത്തെ പൂജാരി കൊച്ചുരാമനായിരുന്നുവെന്നും അദ്ദേഹത്തിന്റെ കുടുംബക്കാർ ഇന്നും കൊക്കോട്ടിലുണ്ടെന്നും അദ്ദേഹം തുടരുന്നു. ഒരു കരയിലെ കാണിക്കാരനായിരുന്ന മൂഴിക്കൽ കുഞ്ഞിരാമന്റെ അച്ഛൻ ഒരയ്യപ്പനായിരുന്നു. അദ്ദേഹത്തിന്റെ ഉടമസ്ഥതയിലായിരുന്ന നിലയ്ക്കൽ മഹാദേവക്ഷേത്രം ദേവസ്വംബോർഡ് പിടിച്ചെടുക്കു കയായിരുന്നുവെന്ന് പി. കെ. സജീവ് ചൂണ്ടിക്കാട്ടുന്നു. വളർത്തച്ഛനായ പന്തളം രാജാവിന്റെ അടുത്തുനിന്ന് അയ്യപ്പൻ സ്വന്തം സമുദായത്തിലേക്ക് തിരിച്ചുപോവുകയായിരുന്നുവെന്ന് അദ്ദേഹം തുടർന്നു പറയുന്നു. അയ്യപ്പന്റെ സൈനികനായ തലപ്പാറ വില്ലൻ തലപ്പാറയുടെ അധിപനായിരുന്നു. അയ്യപ്പൻ പുലിവാഹനനാണെന്ന പൊതുധാരണ തെറ്റാണെന്നും ഹരിവരാസനത്തിൽ പറയുന്നപോലെ വാജി(കുതിര) വാഹനനാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

1902–ൽ തന്ത്രികുടുംബം ആരാധനയിൽ അധികാരം സ്ഥാപിച്ചതോടെ 41 ദിവസത്തെ വ്രതവും പതിനെട്ടാംപടിയുമെല്ലാം ബ്രാഹ്മണവൽക്കരിക്കപ്പെട്ടു.

അപ്പോൾ ആരാണ് ആചാരലംഘനം നടത്തിയത്? തന്ത്രികുടുംബവും ബ്രാഹ്മണാധിപത്യസംരക്ഷകരുംതന്നെയെന്ന് ഇതുവരെ വിവരിച്ച സംഗതികൾ വ്യക്തമാക്കുന്നു. കാനനവാസനും വീരയോദ്ധാവും സാധുജനസംരക്ഷകനുമായ അയ്യപ്പന്റെ പൂങ്കാവനമായ ശബരിമലയിൽ അടുത്ത കാലത്ത് നടപ്പിലാക്കിയ ബ്രാഹ്മണാചാരങ്ങളെ സംരക്ഷിക്കാൻ തെരുവിൽ നാമജപസമരം നടത്തി ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഇടതുപക്ഷസർക്കാരിനെതിരെ രണ്ടാം വിമോചനസമരം നയിച്ച് അതെങ്ങനെ അവസാനിപ്പിക്കണമെന്നറിയാതെ ഇരുട്ടിൽ തപ്പുന്നവരല്ലേ യഥാർഥത്തിൽ ആചാരലംഘനം നടത്തിയത്? അയ്യപ്പന്റെ ആദിമാരാധകരും ആദിവാസികളും മണ്ണിന്റെ മക്കളുമായ മലയരയരെ ആട്ടിപ്പായിച്ച സവർണദുഷ്പ്രഭുക്കളല്ലേ കോടതിയലക്ഷ്യമെന്ന കൊടിയ നിയമലംഘനം കൂടി നടത്തിയത്?

ഈ പശ്ചാത്തലത്തിൽ ശബരിമലക്ഷേത്രം, സുപ്രീംകോടതിവിധിയുടെ അന്തഃസത്തയനുസരിച്ച് ഹൈക്കോടതി അടുത്ത കാലത്ത് വിധിച്ച പോലെ, മതനിരപേക്ഷദേവാലയമായി നിലനിർത്തേണ്ടതാണ്. ഹിന്ദുമതസ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന തിരുവിതാങ്കൂർ ദേവസ്വംബോർഡിൽനിന്ന് അതിനെ മുക്തമാക്കാൻ സർക്കാർ നിയമനിർമാണം നടത്തുമെന്ന് പ്രഖ്യാപിച്ചത് മതനിരപേക്ഷതാവാദികൾക്ക് പ്രത്യാശ നൽകുന്നു.

★

## 4. ശബരിമലദേവാലയം മതനിരപേക്ഷം

സുപ്രീം കോടതിയുടെ അഞ്ചംഗഭരണഘടനാബഞ്ച് ശബരിമലക്ഷേത്രത്തിൽ ഏതു പ്രായത്തിലുള്ള സ്ത്രീക്കും പ്രവേശിക്കാൻ അവകാശമുണ്ടെന്ന ചരിത്രപ്രധാനമായ വിധി പുറപ്പെടുവിച്ചതിനെത്തുടർന്ന് ശബരിമലയുവതീപ്രവേശനത്തെപ്പറ്റി ചൂടുപിടിച്ച ചർച്ചകളും സമരങ്ങളും വ്യാപകമായി നടക്കുകയുണ്ടായി. ധാരാളം സ്ത്രീകളെ അണിനിരത്തിക്കൊണ്ട് സംഘപരിവാരത്തിന്റെയും എൻ. എസ്. എസ്സിന്റെയും മുൻകൈയോടെ രണ്ടാം 'വിമോചന'സമരമെന്നു വിശേഷിപ്പിക്കാവുന്ന വിധത്തിൽ ദിവസങ്ങളോളം നീണ്ടുനിന്ന 'നാമജപസമര'മാണ് സമരങ്ങളിൽ മുഖ്യം. ഇടതുപക്ഷമുന്നണിസർക്കാരും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ഈ സമരാഭാസം കേരളത്തെ പിറകോട്ടു വലിക്കുകയും നവോത്ഥാനമൂല്യങ്ങൾ തകർക്കുകയും ചെയ്യുമെന്ന അഭിപ്രായത്തിൽ ഉറച്ചുനിന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നവോത്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ തീർത്ത വനിതാമതിൽ ലോകം ശ്രദ്ധിക്കുന്ന ഒരു ചരിത്രഗാഥയായി. പരമോന്നതനീതിപീഠത്തിന്റെ വിധിയെ ഫലത്തിൽ വെല്ലുവിളിച്ചുകൊണ്ട് സംഘപരിവാരവും എൻ. എസ്. എസ്സും പ്രതിപക്ഷമുന്നണിയും വിശ്വാസസംരക്ഷണത്തിന്റെ പേരിൽ നാമജപസമരത്തെ ഒളിഞ്ഞും തെളിഞ്ഞും പിൻതുണച്ചു. എന്നിട്ടും ആ സമരാഭാസം ആരുമറിയാതെ പോയ്മറഞ്ഞു.

അതിനുശേഷം രണ്ടു പ്രധാനസംഭവങ്ങൾ കേരളത്തിൽ നടന്നു: ഒന്നാമത്തേത്, രാഷ്ട്രീയമണ്ഡലത്തിൽ. രണ്ടാമത്തേത്, നീതിന്യായമണ്ഡലത്തിൽ. രാഷ്ട്രീയമണ്ഡലത്തിൽ നടന്നത് ആറ് ഉപതിരഞ്ഞെടുപ്പുകൾ. വട്ടിയൂർക്കാവ്, കോന്നി, പാലാ, അരൂർ, എറണാകുളം, മഞ്ചേശ്വരം എന്നീ അസംബ്ലിനിയോജകമണ്ഡലങ്ങളിൽ പതിനയ്യായിരത്തോളവും പതിനായിരത്തോളവും മൂവായിരത്തോളവും രണ്ടായിരത്തോളവും നാലായിരത്തോളവും ഒൻപതിനായിരത്തോളവും വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും പപ്പാതി സീറ്റുകൾ പങ്കിട്ടെടുത്തു. ഭരണപക്ഷത്തിന് രണ്ടിലൊഴികെ മറ്റെല്ലാ മണ്ഡലങ്ങളിലും വോട്ട് വർധിച്ചപ്പോൾ പ്രതിപക്ഷത്തിന് താരതമ്യേന കുറവായിരുന്നു.

നീതിന്യായമണ്ഡലത്തിലെ സംഭവം ഏതാനും മാസം മുൻപുണ്ടായ കേരളഹൈക്കോടതിവിധിയാണ്. ശബരിമലദേവാലയത്തിന്റെ മതനിരപേക്ഷത വെളിപ്പെടുത്തുന്നതായിരുന്നു അത്. അതിന്നൊത്ത് ശബരിമല ക്ഷേത്രത്തെ തിരുവിതാങ്കൂർ ദേവസ്വം ബോർഡിൽ നിന്നു വേർപെടുത്താനും പ്രത്യേകം ഭരണസമിതിയുടെ കീഴിൽ കൊണ്ടുവരാനും സർക്കാർ നിയമമുണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡെന്നു പറയുമ്പോൾ ഹിന്ദുമതവുമായി ബന്ധപ്പെട്ട ദേവനാണ് അയ്യപ്പനെന്നു പറയേണ്ടിവരും. അപ്പോൾ മതനിരപേക്ഷത

നഷ്ടപ്പെടും. സർവമതസമഭാവനയാണ് മതനിരപേക്ഷത എന്ന നിർവചനമൊന്നും കോടതി അംഗീകരിച്ചേക്കില്ല. ക്ഷേത്രം ദേവസ്വം ബോർഡിൽനിന്നു മുക്തമാക്കി പ്രത്യേകഭരണസമിതിയുട കീഴിലാക്കിക്കഴിഞ്ഞാൽ ഈ പ്രശ്നമില്ല. ആർ. എസ്. എസ്സിന്റെയും എൻ. എസ്. എസ്സിന്റെയും വിശ്വാസസംരക്ഷണക്കാരായ പ്രതിപക്ഷത്തിന്റെയും വാദമൊക്കെ കോടതിയുടെ മുൻപിൽ പൊളിയാനാണ് സാധ്യത. വിശ്വാസം വ്യക്തിപരമായി സൂക്ഷിക്കാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. അയ്യപ്പനെ ഒരു പ്രത്യേകമതവുമായി ബന്ധപ്പെടുത്താനാവില്ലെന്ന സുപ്രീം കോടതിവിധിയുടെ അന്തഃസത്തയ്ക്കൊത്തുപോകുന്നതാണ് ഹൈക്കോടതിവിധി എന്നു കാണാം.

ദേവസ്വം ബോർഡിലേക്ക് അസംബ്ലിയുടെ പ്രതിനിധിയെ തിരഞ്ഞെടുക്കുമ്പോൾ സ്ഥാനാർഥി ഹിന്ദുമതസ്ഥ/സ്ഥയായാൽ മതി. വഖഫ് ബോർഡിനും ഇത് ബാധകമാണ്. വിശ്വാസമുണ്ടോ ഇല്ലയോ എന്ന് അളന്നുനോക്കാൻ വഴിയില്ലാത്തിടത്തോളം അതേ നിർവാഹമുള്ളൂ. (ഈ അഭിപ്രായത്തോട് ആർ. എസ്. എസ്സിനും എൻ. എസ്. എസ്സിനും യോജിക്കാൻ കഴിഞ്ഞില്ലെന്നു വരാം). കമ്മ്യൂണിസ്റ്റുകാരെയും ദേവസ്വം ബോർഡിലേക്കും വഖഫ് ബോർഡിലേക്കും തിരഞ്ഞെടുക്കുന്നത് അതുകൊണ്ടാണ്. വിശ്വാസം അളക്കാനുള്ള വഴി കണ്ടുപിടിച്ചാലേ അവരെ ഒഴിവാക്കാനാവൂ!

★

## 4. വിദ്യാഭ്യാസത്തിന്റെ വർഗീയവൽക്കരണം

ആർ.എസ്.എസ്. നിയന്ത്രിക്കുന്ന ബിജെ. പി.യുടെ ഇക്കഴിഞ്ഞ അഞ്ചുകൊല്ലത്തെ കേന്ദ്രഭരണം സമസ്തമണ്ഡലങ്ങളെയും വർഗീയവൽക്കരിച്ചിരിക്കുന്നു. അത് നരേന്ദ്രമോഡിഭരണത്തിന്റെ മികച്ച നേട്ടമായിട്ടാണ് ദൃശ്യ–ശ്രവ്യമാധ്യമങ്ങളെക്കൊണ്ട് പറയിച്ചിരിക്കുന്നത്.

സാംസ്കാരികരംഗത്തിന്റെ വർഗീയവൽക്കരണവും ഹിന്ദുത്വവൽക്കരണവും ബഹുജനങ്ങൾക്കിടയിൽ അനാരോഗ്യപരമായ ചേരിതിരിവുകൾ സൃഷ്ടിക്കുന്നതിൽ വലിയൊരളവോളം വിജയിച്ചതായും തോന്നുന്നു. ഔദ്യോഗികശാസ്ത്രസമ്മേളനങ്ങളിൽ ശാസ്ത്രാഭാസങ്ങളാണ് കേമമായി കൊണ്ടാടപ്പെടുന്നത്. സാംസ്കാരികരംഗത്തെ കാവിവൽക്കരണം *രാമായണ*ത്തെയും *മഹാഭാരത*ത്തെയും പുരാണങ്ങളെയും യാർഥചരിത്രസത്യങ്ങളായി കണ്ട് ഗവേഷണം നടത്തുന്നതിന് വൻതോതിൽ സർക്കാർഫണ്ട് ഉപയോഗപ്പെടുത്തുന്നു. പ്ലാസ്റ്റിക് സർജറിയും വൈമാനികശാസ്ത്രവും പണ്ട് ഇന്ത്യയിൽ നിലവിലിരുന്നുവെന്ന് ഔദ്യോഗികമായി പ്രചാരണം നടത്തുന്നു.

ശാസ്ത്രാവബോധം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കേണ്ടതാണെന്ന ആധുനികജനാധിപത്യതത്വം മറന്ന് ശാസ്ത്രത്തെയും സാങ്കേതികവിദ്യകളെയും ചരിത്രത്തെയുമെല്ലാം ആർ. എസ്. എസ്. നേതാവായിരുന്ന എം. എസ്. ഗോൾവൽക്കറുടെ *വിചാരധാര* പ്രമാണമായെടുത്ത് വ്യാഖ്യാനിക്കാനും വിദ്യാഭ്യാസത്തിന്റെ ഭാഗമായി അവയൊക്ക പ്രചരിപ്പിക്കാനും തുടങ്ങിയാൽ എന്തായിരിക്കും നമ്മുടെ ഇന്ത്യയുടെ ഭാവി?

ഇതിനർഥം, പുരാണേതിഹാസങ്ങളിലും ഭാരതീയപാരമ്പര്യത്തിലും ചരിത്രസത്യങ്ങളോ ശാസ്ത്ര–സാങ്കേതികവിദ്യാതത്വങ്ങളോ ഒട്ടുമില്ലെന്നല്ല. കെട്ടുകഥകളും യാഥാർഥ്യങ്ങളും അവയിൽ കെട്ടുപിണഞ്ഞിരിക്കുന്നുവെന്നു മാത്രമാണ്. അവ ത്യാജ്യഗ്രാഹ്യവിവേചനത്തോടെ വേർതിരിച്ചുപഠിക്കാൻ ശ്രദ്ധിക്കണം.

ഭാരതീയദർശനങ്ങളെത്തന്നെ ഉദാഹരണമായെടുക്കാം. ഭാരതീയപാരമ്പര്യത്തിൽ മൃതവും (കാലഹരണപ്പെട്ടവയും) അമൃതവും (കാലാനുകൂലമായ മാറ്റങ്ങളോടെ ഉപയോഗിക്കാവുന്നവയും) ഉണ്ട്. മൃതത്തെ ത്യജിക്കുകയും അമൃതത്തെ ഗ്രഹിക്കുകയും ചെയ്യത്തക്കവിധത്തിൽ അവ പഠനവിധേയമാക്കണം. ഇതിനുതകുന്ന പ്രാചീനഭാരതീയദർശനവിശകലനഗ്രന്ഥങ്ങളാണ് സുപ്രസിദ്ധഭാരതീയവിദ്യാവിചക്ഷണനായ ദേവീപ്രസാദ് ചതോപാധ്യായയുടെ *വാട്ടീസി ലിവ്വിങ് ആന്റ് വാട്ടീസ് ഡെഡ്ഡ് ഇൻ ഇന്ത്യൻ ഫിലോസഫി* എന്ന പുസ്തകം. ഇതിനെ അവലംബിച്ചാണ് ഞാൻ *പ്രാചീനഭാരതീയദർശന*മെന്ന ഗ്രന്ഥമെഴുതിയത്. കെ. ദാമോദരന്റെ *ഭാരതീയചിന്ത* പഠിതാക്കൾക്ക് പ്രാഥമികവും അടിസ്ഥാനപരവുമായ അറിവ് വേണ്ടത്ര നൽകും. ഡോ. എസ്. രാധാകൃഷ്ണന്റെ *ഭാരതീയദർശനം* (രണ്ടു ഭാഗങ്ങൾ) മുൻപേ എഴുതിയതാണ്. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യക്കാരിൽ ദേശീയബോധവും പാരമ്പര്യാഭിമാ

നവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് അതിന്റെ രചന. അതു വായിച്ചതിനുശേഷം ദാമോദരന്റെയും എന്റെയും പുസ്തകങ്ങൾ വായിക്കുന്നത് നന്നായിരിക്കും.

പഴയ രീതിയിൽ ഇന്ത്യൻ തത്വചിന്ത പഠിക്കുമ്പോൾ ഭാരതീയദർശനം ആസ്തികമെന്നും നാസ്തികമെന്നും വേർതിരിക്കുന്നതായി കാണാം. ഈശ്വരവാദികൾ ആസ്തികരും അല്ലാത്തവർ നാസ്തികരുമാണ് ഇതിന്റെ അർഥം പറയാറ്. 'നാസ്തികോ വേദനിന്ദകഃ' (വേദത്തെ നിന്ദിക്കുന്നവനാണ് നാസ്തികൻ) എന്ന *മനുസ്മൃതി*വാക്യമനുസരിച്ച് (ബ്രാഹ്മണരുടെ) വേദങ്ങളിൽ വിശ്വസിക്കാത്തവനും അതുകൊണ്ടുതന്നെ അവയെ നിന്ദിക്കുന്നവനുമാണ്. ആസ്തികവാദം വേദവിശ്വാസികളുടേതെന്നും നാസ്തികവാദം അവയിൽ വിശ്വസിക്കാത്തവരുടേതെന്നും ഇതുകൊണ്ട് വ്യക്തമാകും. നാസ്തികവാദങ്ങൾ ഈശ്വരനുമായല്ല, വേദവുമായാണ് ബന്ധപ്പെടുന്നതെന്ന് ഇതിന്നർഥം.

അങ്ങനെ വരുമ്പോൾ ഒരു ചോദ്യം വരാം: നാസ്തികദർശനങ്ങളായ ചാർവാക(ലോകായത)–ബൗദ്ധ–ജൈനദർശനങ്ങൾ വേദങ്ങളിലും (സൃഷ്ടിസ്ഥിതിസംഹാരകർത്താവായ) ഈശ്വരനിലും വിശ്വസിക്കാത്തവയാണ്. എന്നാൽ ആസ്തികദർശനങ്ങളായറിയപ്പെടുന്ന സാംഖ്യം, യോഗം, ന്യായം, വൈശേഷികം, (അദ്വൈതം, വിശിഷ്ടാദ്വൈതം, ദ്വൈതം മുതലായവിഭാഗങ്ങളോടുകൂടിയ) വേദാന്തം എന്നിവയിൽ യോഗം പരിശീലിക്കാനുള്ളതായതുകൊണ്ട് ദർശനമായി പരിഗണിക്കാനാകുമോ എന്നു സംശയിക്കുന്നവരുണ്ട്. സാംഖ്യം പ്രകൃതിപരിണാമവാദമാണ്. അതായത്, പ്രകൃതി പരിണമിച്ച് ഈ ലോകത്തിലെ സകലചരാചരങ്ങളുമുണ്ടാകുന്നു എന്നത്രേ സാംഖ്യസിദ്ധാന്തം. ന്യായം യുക്തിവാദമാണ്. വൈശേഷികം പദാർഥവിശകലനമത്രേ. സൂക്ഷ്മവിശകലനത്തിൽ ഇവയൊന്നും വേദങ്ങളെ പ്രമാണമാക്കുന്നില്ലെന്നും ബോധ്യമാകും. ഇപ്രകാരം, വേദാന്തമൊഴിച്ച് മറ്റെല്ലാ ആസ്തികങ്ങളെന്നു പരമ്പരയാ പറഞ്ഞുപോരുന്ന ദർശനങ്ങളും നാസ്തികങ്ങളെന്ന് വ്യക്തമാകും.

പക്ഷേ, ഇങ്ങനെയൊന്നുമല്ല ഔപചാരികവിദ്യാഭ്യാസത്തിൽ പഠിപ്പിച്ചുവരുന്നത്. ഹിന്ദു എന്ന് പിൽക്കാലത്ത് (ക്രി. പി. പത്താം നൂറ്റാണ്ടിനുശേഷം) വിഭാഗവുമായി ബന്ധപ്പെട്ടവയാണ് ഇവയിൽ മിക്കതും. ഇന്ത്യയിൽ ഇന്നു ജീവിച്ചുവരുന്ന ഇസ്ലാം–ക്രിസ്ത്യൻ–പാഴ്സിമതങ്ങളിൽ പെടുന്നവരുടെ ദർശനങ്ങൾ ഇന്ത്യനല്ലെന്നെങ്ങനെ പറയും?

ഇത്തരത്തിൽ ഹിന്ദുക്കളെന്നും അഹിന്ദുക്കളെന്നും ഇന്ത്യക്കാരെ തരംതിരിച്ച് മുദ്രയടിക്കുന്ന ഹിന്ദുത്വത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായ ആർ. എസ്. എസ്. സംഘപരിവാരങ്ങളിൽനിന്ന് മതനിരപേക്ഷ ഇന്ത്യയെ മോചിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

★

# 5. ഇന്ത്യൻ കമ്യൂണിസ്റ്റുകാരും സ്വാതന്ത്ര്യസമരപ്രസ്ഥാനവും

ശബരിമലയുടെ പേരിൽ കാട്ടിക്കൂട്ടിയ അക്രമവും സമരവും കോലാഹലവുമൊന്നും കാര്യമായി ജനങ്ങളിൽ ഏശിയിട്ടില്ലെന്നു കണ്ടപ്പോൾ ആർ. എസ്. എസ്.– ബി. ജെ. പി. – കോൺഗ്രസ് – വലതുപക്ഷക്കൂട്ടുകെട്ട് ഇടതുപക്ഷത്തെ, വിശേഷിച്ച്, കമ്മ്യൂണിസ്റ്റുകാരെ, ബഹുജനങ്ങളിൽനിന്ന് ഒറ്റപ്പെടുത്താൻ ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന് ഒരു സംഭാവനയും ചെയ്യാത്തവരാണവർ എന്ന ഒരു പ്രചരണം ശക്തമായി കെട്ടഴിച്ചുവിടുന്നുണ്ടല്ലോ. വാസ്തവത്തിൽ ഇപ്പറഞ്ഞവർക്കാണ്, കമ്മ്യൂണിസ്റ്റുകാർക്കല്ല, ഒരു സംഭാവനയുമില്ലാത്തത്. ഇന്ന് ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന കുറേ സർവോദയക്കാർക്കാണ് സ്വാതന്ത്ര്യസമരത്തെക്കുറിച്ചും ഗാന്ധിജിയെക്കുറിച്ചും മറ്റും എന്തെങ്കിലും അയവിറക്കാനും പറയാനുമുള്ളത്.

കമ്മ്യൂണിസ്റ്റുകാർക്ക് അഭിമാനാവഹമായ ഒരു പാരമ്പര്യം ഈ വിഷയത്തിലുണ്ട്. ഈ പാരമ്പര്യം ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയപ്പോഴാണ് ഇ. എം. എസ്സ്. ഇക്കാര്യം സമർഥിക്കുന്നതിനുവേണ്ടി *ഇന്ത്യൻ സ്വാതന്ത്ര്യസമരം* എന്ന ആയിരക്കണക്കിൽ പേജുകളിലുള്ള അതിബൃഹത്തും അത്യന്തം മഹത്തുമായ ഗ്രന്ഥം രചിച്ചു പ്രസിദ്ധപ്പെടുത്തിയത്. വളരെച്ചുരുക്കം ചരിത്രകൃതികളിലേ വസ്തുനിഷ്ഠമായ സ്വാതന്ത്ര്യസമരചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളൂ. കമ്മ്യൂണിസ്റ്റുകാർക്ക് അതിലുണ്ടായിരുന്ന സജീവമായ പ്രാതിനിധ്യം അതിലും എത്രയോ ചുരുക്കമേ വന്നുകണ്ടിട്ടുള്ളൂ.

ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടയിലെ ആദ്യകാലപ്രവർത്തകരെല്ലാം സ്വാതന്ത്ര്യസമരപ്രവർത്തകരോ നേതാക്കളോ ആയിരുന്നു. എ. കെ. ജി; ഇ. എം. എസ്; കെ. ദാമോദരൻ, ഇ. കെ. നായനാർ, കെ. പി. ആർ. ഗോപാലൻ തുടങ്ങിയ ആ തലമുറയിലെ നേതാക്കന്മാരെല്ലാം സ്വാതന്ത്ര്യസമരസേനാനികളായിരുന്നു. മലബാറിലെ ഈ നേതാക്കൾക്കു സമാന്തരമായി തിരു–കൊച്ചിപ്രദേശത്ത് എം. എൻ. ഗോവിന്ദൻ നായർ, ടി. വി. തോമസ് മുത

ലായ വിപ്ലവകാരികൾ നാട്ടുരാജ്യങ്ങളിലെ സ്വാതന്ത്ര്യപ്രക്ഷോഭ സമരങ്ങൾ നയിച്ചു. ഗുരുവായൂർ ക്ഷേത്രപ്രവേശനസമരം, വൈക്കം സത്യാഗ്രഹം മുതലായി കേരളത്തിൽ വടക്കും തെക്കുമായി നടന്ന സ്വാതന്ത്ര്യസമരങ്ങൾ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ തിളങ്ങുന്ന ഏടുകളത്രേ.

ഇന്റർമീഡിയറ്റ് വിദ്യാർഥിയായി സമുദായപരിഷ്കരണപ്രവർത്തനങ്ങളിൽ മുഴുകിക്കഴിയുമ്പോഴാണ് ഗാന്ധിജിയുടെ ആഹ്വാനം കേട്ട് ഇ. എം. എസ്. ദേശീയസ്വാതന്ത്ര്യസമരത്തീച്ചൂളയിലേക്ക് എടുത്തുചാടുന്നത്. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ സ്വാതന്ത്ര്യസമരഭടനായി തുടങ്ങിയ കോൺഗ്രസ്സുകാരനായ അദ്ദേഹം ക്രമേണ ഇടതുപക്ഷകോൺഗ്രസ്സുകാരനായും സോഷ്യലിസ്റ്റായും പിന്നീട് കമ്യൂണിസ്റ്റായും വളരുകയാണുണ്ടായത്. ഇതുതന്നെയാണ് ആ തലമുറയിൽപ്പെട്ട ഒട്ടുമിക്ക കമ്യൂണിസ്റ്റുകാരുടെയും സ്വാതന്ത്ര്യസമരാനുഭവം. എ. കെ. ജി; കെ. പി. ആർ. മുതലായവർ ഉദാഹരണം. കേരളത്തിനു പുറത്തുള്ള ഭൂപേശ് ഗുപ്ത, ജ്യോതിബസു, സുന്ദരയ്യ, സുർജിത് മുതലായവരുടെയും നില.

പഴശ്ശിരാജാ, വേലുത്തമ്പിദളവാ, ഝാൻസിറാണി മുതലായ ആദ്യകാലസ്വാതന്ത്ര്യസമരനേതാക്കളുടെ കാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തന്നെ പിറന്നിട്ടില്ല. കോൺഗ്രസ്സിന്റെ ആവിർഭാവത്തിനുശേഷം ഗാന്ധിജി സ്വാതന്ത്ര്യസമരനേതൃത്വം ഏറ്റെടുക്കുന്നതോടെയാണ് സ്വാതന്ത്ര്യസമരപ്രസ്ഥാനം ശക്തിയാർജിക്കുന്നത്. സ്വാതന്ത്ര്യസമരത്തിലെ വിവിധധാരകളെ ഉൾക്കൊണ്ടു മുന്നോട്ടുപോകുന്നതിൽ ഗാന്ധിജി ജാഗരൂകനായിരുന്നു. ഹിന്ദു – മുസ്ലീം മൈത്രി പ്രസ്ഥാനത്തിന്റെ ജീവനാഡിയായി മഹാത്മാവ് കണ്ടു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകേണ്ടതില്ല എന്ന അഭിപ്രായം വെച്ചുപുലർത്തിയ ആർ. എസ്. എസ്. ചിന്താഗതി ആവിർഭാവകാലമായ 1925 തൊട്ടേ ഗാന്ധിജിയുടെ ഈ വിശാല ചിന്താഗതിക്ക് എതിരായിരുന്നു. ആർ. എസ്. എസ്. പ്രവർത്തകനായ നാഥൂറാം ഗോഡ്സേ, തന്നെ അവസാനത്തേതടക്കം ഏഴു തവണ വധിക്കാൻ ശ്രമിച്ചിരുന്നുവെന്ന് ഗാന്ധിജിതന്നെ ഒരു പ്രാർഥനായോഗത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഗാന്ധിവധത്തിനു പറഞ്ഞുകേൾക്കപ്പെടുന്ന പാക്കിസ്ഥാന് പണം തിരിച്ചുകൊടു



ക്കേണ്ടതും മറ്റുമായ കാര്യങ്ങൾ ആദ്യശ്രമം നടന്ന 1936–ൽ പ്രസക്തമേ അല്ലെന്നിരിക്കേ, രാഷ്ട്രപിതാവിന്റെ ഹിന്ദു–മുസ്ലീം മൈത്രി, കുറേക്കൂടി വിശാലമായി പറഞ്ഞാൽ സർവധർമസമഭാവന, ആണ് നാഥൂറാമിനെയും ആർ. എസ്. എസ്സിനെയും അദ്ദേഹത്തിന്റെ എതിരാളിയാക്കിയത്. കമ്യൂണിസ്റ്റുനേതാവും ആർ. എസ്. എസ്സിന്റെ നിരവധി പരിവാർ സംഘടനകളിലൊന്നായ സനാതൻ സൻസ്ഥയുടെ വെടിയേറ്റ് കൊല്ലപ്പെട്ടവനുമായ ഗോവിന്ദ് പൻസാരെ ‘ഗാന്ധിജിയുടെ പെരുമ’ (*ഇന്ത്യ എന്റെ രാജ്യമാണ്* എന്ന സമാഹാരത്തിൽ ചേർത്തത്) യെന്ന ലേഖനത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

തീർച്ചയായും ഗാന്ധിജിയുടെ സത്യാഗ്രഹാധിഷ്ഠിതമായ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തോട് കമ്മ്യൂണിസ്റ്റുകാർക്ക് ചില വിയോജിപ്പുകളുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് ഗാന്ധിജിയോടോ ഗാന്ധിജിക്ക് അവരോടോ ഇഷ്ടക്കുറവുണ്ടായിരുന്നില്ലെന്നു മാത്രമല്ല, സ്നേഹമുണ്ടായിരുന്നുതാനും. അതിന് എടുത്തുകാട്ടാവുന്ന ഒരുദാഹരണമാണ് കമ്മൂണിസ്റ്റുകാരനായ കെ. പി. ആർ. ഗോപാലനെ തൂക്കിക്കൊല്ലുന്ന വിഷയത്തിൽ ഗാന്ധിജി നേരിട്ടിടപെട്ടത്.

ക്വിറ്റിന്ത്യാപ്രസ്ഥാനത്തെ കമ്മ്യൂണിസ്റ്റുകാർ വഞ്ചിച്ചുവെന്നൊരാരോപണമുണ്ട്. ക്വിറ്റിന്ത്യാപ്രസ്ഥാനത്തിൽ ചേരാമെന്നേറ്റ് പിന്നീടതിൽ ചേരാതിരുന്നെങ്കിലേ വഞ്ചനയാവൂ. കമ്മ്യൂണിസ്റ്റുകാർ അങ്ങനെ ചെയ്തിട്ടില്ല. അന്നത്തെ ലോകപരിതസ്ഥിതിയിൽ ക്വിറ്റിന്ത്യാപ്രസ്ഥാനം തുടങ്ങുന്നതിനുതന്നെ കമ്മ്യൂണിസ്റ്റുകാർക്കു യോജിപ്പുണ്ടായിരുന്നില്ല. അത് പരസ്യമായി പ്രഖ്യാപിച്ചതുമാണ്. ഗാന്ധിജിതന്നെ ആ ഘട്ടത്തിൽ ആ പ്രസ്ഥാനം തുടങ്ങുന്നതിനോട് യോജിച്ചിരുന്നില്ല. യുദ്ധസന്ദർഭത്തിൽ ബ്രിട്ടനിൽ സമ്മർദം ചെലുത്തുന്നത് ഉടൻ സ്വാതന്ത്ര്യം ലഭിക്കാനിടയാക്കുമെന്ന പുനശ്ചിന്തനമാവാം കാരണം.

വാസ്തവത്തിൽ ക്വിറ്റിന്ത്യാപ്രസ്ഥാനം ഗാന്ധിജിയുടെയും കോൺഗ്രസ്സിന്റെയും കണക്കുകൂട്ടലിനൊത്ത് ഉടൻസ്വാതന്ത്ര്യലബ്ധിക്കു കാരണമായില്ല. 1942–ലാണല്ലോ ക്വിറ്റിന്ത്യാപ്രസ്ഥാനം തുടങ്ങിയത്. ക്വിറ്റിന്ത്യാപ്രസ്ഥാനത്തെ കമ്മ്യൂണിസ്റ്റുകാർ ‘വഞ്ചിച്ച’തുകൊണ്ടാണ് സ്വാതന്ത്ര്യം കിട്ടാൻ വൈകിയത് എന്ന് പറയാനാവില്ല. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ക്വിറ്റിന്ത്യാപ്രസ്ഥാനം ബ്രിട്ടനെ ഉള്ളിൽ വിറപ്പിച്ചിരിക്കാം. പക്ഷേ, പുറമെ അതു കാണിച്ചില്ലെന്നു മാത്രമല്ല, ഈ ഗാന്ധിയൻ ആഹ്വാനത്തിനൊന്നും തങ്ങൾ വഴങ്ങുകയി

ല്ലെന്നും ക്വിറ്റിന്ത്യ എന്നു കേട്ടാലുടനെ ഇന്ത്യ വിട്ടുപോകുന്നവരല്ല തങ്ങളെന്നും അവർ ഭാവിക്കുകയും ചെയ്തു. പക്ഷേ യുദ്ധാവസാനത്തോടെ ഇന്ത്യൻ തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ കർഷകാദിബഹുജനങ്ങൾ സടകുടഞ്ഞെഴുന്നേറ്റു. സർവത്ര കർഷകപ്രക്ഷോഭങ്ങളും തൊഴിലാളിപണിമുടക്കുകളും യുവജന–വിദ്യാർഥിസമരങ്ങളും അരങ്ങേറി. തങ്ങളുടെ അവശതകൾക്കു കാരണം, ഇവിടെ സമ്പത്തില്ലാഞ്ഞിട്ടല്ല ബ്രിട്ടീഷ് സാമ്രാജ്യത്വം അതെല്ലാം അടിച്ചുമാറ്റി സ്വന്തം രാജ്യത്തേക്കു കൊണ്ടുപോവുകയാണെന്ന പരമാർഥം സകലജനവിഭാഗങ്ങൾക്കും പകൽപോലെ വ്യക്തമായി. അച്ചടക്കലംഘനം മാതൃരാജ്യസ്വാതന്ത്ര്യലബ്ധിയേക്കാൾ വലുതല്ലെന്ന ഉത്തമബോധത്തോടെ നാവികത്തൊഴിലാളികൾ ഐതിഹാസികമായ പണിമുടക്കിലേർപ്പെട്ടു. 1946–ലാണത്. അതോടെ ബ്രിട്ടന് ഇന്ത്യയിൽ നിൽക്കക്കള്ളിയില്ലെന്നു ബോധ്യമായി. താമസിയാതെ അവർക്ക് ബ്രിട്ടനിലേക്കു കെട്ടു കെട്ടേണ്ടിവന്നു. അങ്ങനെ കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ജനമുന്നേറ്റമാണ് ഇന്ത്യൻ സ്വാതന്ത്ര്യത്തിന് ആക്കം കൂട്ടിയതെന്നതാണ് നേര്.

ഇ. എം. എസ്സിന്റെ *ഇന്ത്യൻ സ്വാതന്ത്ര്യസമര*ത്തിലൊഴികെ കമ്മ്യൂണിസ്റ്റുകാരുടെ ഈ സ്വതന്ത്ര്യസമരസംഭാവന കാര്യമായ പരിഗണനയോടെ രേഖപ്പെടുത്തപ്പെട്ടിട്ടില്ലെന്നതാണ് ദുഃഖകരം.

★



# 7. വനിതാമതിൽ – ഒരു ചരിത്രഗാഥ

**മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചുചേർത്ത എഴുപതോളം നവോത്ഥാനസംഘടനപ്രതിനിധികളുടെ സമ്മേളനം എസ്. എൻ. ഡി. പി. യോഗം ജനറൽ സിക്രട്ടറി വെള്ളാപ്പള്ളി നടേശൻ പ്രസിഡണ്ടും കെ. പി. എം. എസ്. നേതാവ് പുന്നല ശ്രീകുമാർ കൺവീനറുമായി നവോത്ഥാനമൂല്യങ്ങൾ വീണ്ടെടുക്കേണ്ടതിന്റെ ആധുനികപ്രസക്തി വിശദമായി ചർച്ച നടത്തുകയും സർക്കാരിന്റെ നേതൃത്വത്തിൽ 2019 ജനുവരി ഒന്നിന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ വനിതാമതിൽ സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. സുപ്രസിദ്ധനിരൂപകയും പൊതുപ്രവർത്തനത്തിൽ സജീവമായി ഇടപെടുന്ന സാമൂഹ്യവിമർശകയുമായ ഡോ. എം. ലീലാവതി ഈ തീരുമാനത്തെ സഹർഷം സ്വാഗതം ചെയ്യുകയും മനസ്സുകൊണ്ട് വനിതാമതിലിൽ അണിചേരുന്നതായി ദീർഘമായൊരു പ്രസ്താവന നടത്തുകയും ചെയ്തു. എങ്കിലും അവർ അന്ന് അതിൽ പങ്കെടുക്കുകതന്നെ ചെയ്തു. പ്രശസ്തബാലസാഹിത്യകാരി സുമംഗല, സംഗീതനാടക അക്കാദമി അധ്യക്ഷ കെ. പി. എ. സി. ലളിത, നടി വിജയകുമാരി തുടങ്ങി പല പ്രമുഖവനിതകളും തുടർന്ന് വനിതാമതിലിനെ സ്വാഗതം ചെയ്തുകൊണ്ട് രംഗത്ത് വരികയുണ്ടായി.**

**സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ചിന്റെ ശബരിമലക്ഷേത്രത്തിൽ പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും പ്രവേശിക്കാമെന്ന സപ്തമ്പർ 28–ന്റെ വിധിയെ ചരിത്രപ്രധാനമെന്നാണ് എല്ലാവരും വിശേഷിപ്പിച്ചത്. ആ വിധിയെ ആരും തള്ളിപ്പറഞ്ഞിട്ടില്ല. അങ്ങനെ ചെയ്താൽ കോടതിയലക്ഷ്യമായേക്കുമെന്ന ഭീതിയായിരിക്കാം അതിന് അവരിൽ പലരെയും പ്രേരിപ്പിച്ചത്.**

**എന്നാൽ, പുളിച്ചുനാറിയ ബ്രാഹ്മണാധിപത്യത്തിലുള്ള ചാതുർവർണ്യവും അതിന്റെ ഏറ്റവും ദുഷിച്ച രൂപമായ ജാതിവ്യവസ്ഥയും തിരിച്ചുകൊണ്ടുവരാമെന്ന ലക്ഷ്യത്തോടെ വിശ്വാസത്തിന്റെ പേരിൽ ആർ. എസ്. എസ്സിന്റെ നേതൃത്വത്തിൽ നാമജപസമരം നടത്തിയത് വലിയതോതിൽ കൊട്ടിഘോഷിച്ചുകൊണ്ടായിരുന്നു. ബി. ജെ. പി. യുടെ കേരളാധ്യക്ഷൻ ഇതൊരു സുവർണാവസരമാണെന്നു കണ്ട് പിണറായി വിജയൻ സർക്കാരിനെതിരെ വിമോചനസമരവും തുടങ്ങി. ആർ. എസ്. എസ്സും സംഘപരിവാരവും അതിന് സർവാത്മനാ പിന്തുണ നൽകി. ശ്രീധരൻ പിള്ള ഇടയ്ക്കിടെ ശബരിമല യുവതീപ്രവേശത്തിന് താൻ എതിരല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടിരുന്നു. ആകെക്കൂടി രണ്ടാം വിമോചനസമരം കൊഴുത്തു. ഐക്യജനാധിപത്യമുന്നണി സംഘപരിവാറിലെ അംഗസംഘടനയോ എന്നു തോന്നിക്കുമാറ് നിയമസഭയ്ക്കകത്തും പുറത്തും ബഹുവിധസമരങ്ങളിൽ പങ്കാളികളായി. ഒൻപതു ദിവസവും സഭ നടത്താൻ സമ്മതിച്ചില്ല. ചുരുക്കത്തിൽ കേരളത്തെ ഭ്രാന്താലയമാക്കി മാറ്റാൻ ഇവരെല്ലാം ഐക്യപ്പെട്ടുവെന്നു പറഞ്ഞാൽ മതിയല്ലോ.**

**ഈയിടയ്ക്കാണ് കേരളത്തെ നൂറ്റാണ്ടുകൾ പിറകോട്ട് നയിക്കാനുള്ള സംഘപരിവാർ–യു. ഡി. എഫ്. കൂട്ടുകെട്ടിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് മുഖ്യമന്ത്രി മുൻപറഞ്ഞ നവോത്ഥാനസംഘടന**

കളുടെ യോഗം വിളിച്ചുകൂട്ടി സുപ്രധാനമായ ചില തീരുമാനങ്ങൾ കൈക്കൊണ്ടത്. നവോത്ഥാനസംഘടനകളുടെ തീരുമാനങ്ങളാണവ. അവ സർക്കാരിനോട് നടപ്പിലാക്കാനഭ്യർഥിച്ച പ്രധാനതീരുമാനങ്ങളിലൊന്നായ വനിതാമതിൽ അഥവാ നവോത്ഥാനമതിൽ വിജയിപ്പിക്കാൻ അത്യാവശ്യമായ സഹായങ്ങൾ സർക്കാർ ചെയ്യുന്നുവെന്നേയുള്ളൂ. സർക്കാർ ഖജനാവിലെ പണം അതിനുവേണ്ടി ഉപയോഗിക്കില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും പ്രതിപക്ഷമുന്നണി ഈ നവോത്ഥാനാശയത്തെ എതിർത്തുകൊണ്ടേയിരുന്നു. പ്രപക്ഷനേതാവ് തന്റെ പദവിക്ക് ചേരാത്ത വിഡ്ഢിപ്രസ്താവനകളിലൂടെ പിന്നെയും പിന്നെയും പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചു.

രമേശ് ചെന്നിത്തലയുടെ പാത പിന്തുടർന്ന് പ്രതിപക്ഷമുന്നണിയൊന്നടങ്കം ആർ. എസ്. എസ്.–ബി. ജെ. പി. സംഘത്തിന്റെയും ശബരിമല കർമസമിതിയുടെയും ബി. ടീമാകുന്നുണ്ടെന്ന ജനങ്ങളുടെ സംശയം ശരിവെക്കുന്നതാണ് നിയമസഭയുടെ ഒൻപതുദിവസസമ്മേളനത്തിൽ അവർ ചെയ്തുകൂട്ടിയത്. ചിലരെങ്കിലും പ്രതീക്ഷവെച്ചുപുലർത്തിയിരുന്ന മുസ്ലീംലീഗ് നേതാവായ മുനീറിന്റെ വർഗീയമതിൽപ്രയോഗവും തുടർന്നുള്ള അവസാനദിവസത്തെ സഭകലക്കലും കയ്യാങ്കളിയും. പേരിൽപ്പോലും വർഗീയത കൊണ്ടുനടക്കുന്ന മുസ്ലീംലീഗിന്റെ സംഘപരിവാറംഗമാകാനുള്ള വെപ്രാളവും വമ്പലും മതനിരപേക്ഷതയോടുള്ള വെല്ലുവിളിയും സ്ത്രീവിരുദ്ധതയും ഈ ◌ൊരൊറ്റ പ്രയോഗംതന്നെ വെളിപ്പെടുത്തുന്നുണ്ട്.

എന്തു വെല്ലുവിളിയും എതിർപ്പുമുണ്ടായാലും കേരളത്തിന്റ മുഖമുദ്രയായ മതനിരപേക്ഷതയും പുരോഗമനാഭിമുഖ്യവും ലിംഗനീതിപരതയും ലോത്തിന് കാണിച്ചുകൊടുക്കുന്ന വനിതാമതിൽ വൻവിജയമാകുമെന്ന സംഘാടകരുടെ ശ്രമം സാഫല്യമാർജിച്ചത് ജനുവരി ഒന്നിന് നാമെല്ലാം കണ്ടതാണ്. നവോത്ഥാനമൂല്യങ്ങൾ വീണ്ടെടുക്കാനുള്ള ഇത്തരം സഫലശ്രമങ്ങൾ ഇനിയുമിനിയുമുണ്ടാകണം.

★



# 8. അഭിമുഖം: പ്രൊഫ. എൻ.വി.പി ഉണിത്തിരി

**രാജേഷ് കെ/സമീർ കാവാഡ്**

**അധ്യാപകൻ, സംസ്കൃതപണ്ഡിതൻ, വേദാന്തചിന്തകൻ, പ്രഭാഷകൻ, നിരൂപകൻ, വിവർത്തകൻ, സാംസ്കാരികപ്രവർത്തകൻ, ഇടതുപക്ഷ സഹയാത്രികൻ തുടങ്ങി പല തലങ്ങളിൽ വ്യക്തിമുദ്രപതിഞ്ഞ പ്രതിഭയാണ് പ്രൊഫ. (ഡോ) എൻ.വി.പി ഉണിത്തിരി. സപ്തതിയുടെ നിറവിലും മതനിരപേക്ഷസാമൂഹികനിർമ്മിതിക്കായി കർമ്മമണ്ഡലത്തിൽ സമർപ്പിക്കപ്പെട്ട ധൈഷണിക പ്രതിഭയാണ് ഉണിത്തിരിമാഷ്. മാഷുമായി നടത്തിയ അഭിമുഖത്തിൽനിന്ന്.**

?. മാഷിന്റെ പൊതു ഇടപെടലുകൾ, എഴുത്തായാലും പ്രഭാഷണമായാലും, ഗൗരവമാർന്ന ഗവേഷണ പ്രബന്ധങ്ങളായാലും ഇതിലെല്ലാം ഒരുതരം വിശ്വമാനവസങ്കല്പ്പം അന്തർധാരയായി വർത്തിക്കുന്നുണ്ട്. ഏറ്റവും ഒടുവിലായി സപ്തതിയാഘോഷ സാംസ്കാരികവേദിയിലെ മറുപടിപ്രസംഗത്തിൽവരെ അത് തെളിഞ്ഞുകേട്ടു. ദേശീയത ഒരു ഭ്രാന്തെന്നോണം ഇളകിയാടുന്ന വർത്തമാനകാല ഇന്ത്യനവസ്ഥയോട് ഭാരതീയ സംസ്കൃതിയെ ആഴത്തിൽ തൊട്ടറിഞ്ഞ പണ്ഡിതൻ എന്ന നിലയിൽ അങ്ങ് എങ്ങിനെ പ്രതികരിക്കുന്നു?

= ബി.ജെ.പി ഇപ്പോൾ അധികാരത്തിൽ വന്നത് ജനാധിപത്യത്തിലൂടെ ആണല്ലോ. അപ്പോൾ പ്രത്യക്ഷത്തിൽ അതിൽ നിയമവിരുദ്ധതയൊന്നുമില്ല. അതേസമയം അതിലേക്കുള്ള വഴിയിൽ ജാതിയെയും ഭാരതീയതയെയും ഒരു ഉപകരണമാക്കിയിട്ടുണ്ട് എന്നത് സ്പഷ്ടമാണുതാനും. ഹിറ്റ്ലറും ഇതേ രീതിയിലാണ് വന്നത്. ഏതായാലും അവർ അധികാരത്തിലെത്തി. ഭരണം മോശമാണ് എന്നു കഴിഞ്ഞ ഒന്നരക്കൊല്ലം കൊണ്ടുതന്നെ തെളിഞ്ഞിരിക്കുന്നു. മോദി തന്നെ പറഞ്ഞല്ലോ, ഞാനൊരു ചായക്കടക്കാരനായതു കൊണ്ടാണ് എന്നെ വിമർശിക്കുന്നത് എന്ന്. ഭൂരിപക്ഷം കിട്ടി അധികാരത്തിൽ വന്ന ഒരാൾക്ക്, വലിയ ജനപിന്തുണയോടെ വന്നു എന്നു പറഞ്ഞ ഒരാൾക്ക്, ഇങ്ങനെ ചായപ്പീടികക്കാരനായതുകൊണ്ട് എന്നെ ആളുകൾ ഇഷ്ടപ്പെടുന്നില്ല എന്ന് പറയാനുള്ള അവസ്ഥ ഒന്നരക്കൊല്ലം കൊണ്ട് വന്നു എങ്കിൽ ആ പാർട്ടിയുടെ സ്ഥിതി എന്താണ്? അതുകൊണ്ട് ജനാധിപത്യരീതിയിൽ തന്നെ ഇവരുടെ ദുഷ്ചെയ്തികളെ തുറന്നുകാട്ടിക്കൊണ്ട് കഴിയുന്നതുംവേഗം ഇവരെ പുറത്താക്കാനുള്ള ഇടപെടൽ നടത്തുകയാണ് വേണ്ടത്. ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട്. അങ്ങിനെ വരുമ്പോൾ കേരളത്തിന്റെ കണ്ണിലൂടെ മാത്രം കാര്യങ്ങളെ കണ്ടാൽ പോരാ. ഉദാഹരണത്തിന് ബംഗാളിൽ മമതയുടെ പാർട്ടി, നമുക്കറിയാം അവർ ഏതു നിമിഷവും ബി.ജെ.പി.യെ



യെ പിന്തുണയ്ക്കാം. അവിടത്തെ സാഹചര്യത്തിൽ ഇടതുപക്ഷം പ്രത്യയശാസ്ത്രശാഠ്യം വെടിഞ്ഞ് ബംഗാളിലെപ്പോലെ അഖിലേന്ത്യാതലത്തിൽ സഖ്യങ്ങൾ രൂപപ്പെടേണ്ടിവരും അവിടെ കോൺഗ്രസ്സിനെയും ഒഴിവാക്കേണ്ടതില്ല. പ്രത്യയശാസ്ത്രം മാത്രം പറഞ്ഞിട്ട് കാര്യമില്ല. അവർക്ക് നാൽപ്പത്തഞ്ച് സീറ്റേ ഉള്ളൂ എന്ന് പറഞ്ഞ് മാറ്റിനിർത്തിക്കൂടാ. ആ നാൽപ്പത്തഞ്ച് നാനൂറാക്കേണ്ട ഉത്തരവാദിത്തമേറ്റെടുത്ത് പ്രവർത്തിക്കേണ്ടതായി വരും. അങ്ങനെ ഇടതുപക്ഷത്തിന്റെ പ്രത്യയശാസ്ത്ര ദാർഢ്യവും തലച്ചോറും കോൺഗ്രസ്സിന്റെ ശക്തിയും തമ്മിൽ ഐക്യപ്പെടണം. കോൺഗ്രസ്സിന്റെ അഖിലേന്ത്യാവ്യാപകമായ വേരുകൾ ഇനിയും നഷ്ടപ്പെട്ടിട്ടില്ല. ചിലപ്പോൾ തോൽക്കും, ചിലപ്പോൾ ജയിക്കും. ജയിക്കാനുള്ള ജോലികളിൽ വേണ്ട സഹകരണം മതനിരപേക്ഷജനാധിപത്യശക്തികൾ കൂട്ടായി ചെയ്യണം. ഇടതുപക്ഷത്തിന് അർഹതയുള്ളത് ഇടതുപക്ഷത്തിന് കിട്ടുകയും വേണം. അങ്ങനെ എല്ലാവരും ഒരുമിച്ച് പരിശ്രമിക്കണം. അവിടെ മായാവതിയെന്നോ, ലാലുപ്രസാദ് എന്നോ അഴിമതിയെന്നോ പറഞ്ഞിരുന്നിട്ട് കാര്യമില്ല. ഇവിടെ ഇപ്പോൾ മുഖ്യശത്രു വർഗീയഫാസിസമാണ് – ആർ എസ്. എസ്സിന്റെ നിയന്ത്രണത്തിലുള്ള ബി.ജെ.പിയാണ്. ബി.ജെ.പിയെ താഴെയിറക്കണം. ഈ വർഗീയഫാസിസംതന്നെയാണ് അവരുടെ നയമെങ്കിൽ

വാജ്പേയി പ്രധാനമന്ത്രിയായിരുന്ന കാലത്ത് കൃഷ്ണയ്യർ അദ്ദേഹത്തിന് കത്തയക്കുകയുണ്ടായി, 'ഞാൻ പരിപൂർണ്ണമായി നിങ്ങളെ സപ്പോർട്ട് ചെയ്യാം; പക്ഷേ ഒരു കണ്ടീഷൻ, നിങ്ങളുടെ ഈ ഹിന്ദുത്വ അജണ്ട മാറ്റിവയ്ക്കണം. അതു കഴിഞ്ഞാൽ പിന്നെ നിങ്ങളുമായുള്ള ചില്ലറ അഭിപ്രായവ്യത്യാസങ്ങളൊക്കെ നമുക്ക് പറഞ്ഞുതീർക്കാം. ഹിന്ദുത്വ അജണ്ട മാറ്റി വെച്ചിട്ട് സാധാരണ ഒരു രാഷ്ട്രീയപ്പാർട്ടിയായി പ്രവർത്തിക്കുകയാണെങ്കിൽ എന്റെ പൂർണ്ണ പിന്തുണയുണ്ടാകും' എന്ന്. കൃഷ്ണയ്യരുടെ ആ ക്രാന്തദർശിത്വം കാണാതിരിക്കാൻ വയ്യ.

ഇതുതന്നെയാണ് എനിക്കും പറയാനുള്ളത്. അവർ ജനാധിപത്യരീതിയിൽ വന്നവരാണ്, ജനാധിപത്യരീതിയിലൂടെത്തന്നെ അവരെ പുറത്താക്കണം. അല്ലാതെ വേറെ വിപ്ലവമൊന്നും നടക്കില്ല, അഥവാ ആവശ്യമില്ല.

ഇവരുടെ ഭരണത്തിൽ നാട്ടിലെന്തൊക്കെയാ സംഭവിക്കുന്നത്! മോഡി നിർണ്ണായകഘട്ടങ്ങളിലൊന്നും മിണ്ടുന്നില്ലല്ലോ. അതിന്റെ അർത്ഥമെന്താ?

രോഹിത് വെമൂല ദളിതനല്ല എന്നാണ് അന്നത്തെ വിദ്യാഭ്യാസമന്ത്രി സ്മൃതി ഇറാനി പറഞ്ഞത്. സ്മൃതി ഇറാനി ആദ്യം തന്റെ യോഗ്യത തെളിയിക്കട്ടെ. എന്നിട്ട് പോരേ ബാക്കി കാര്യങ്ങൾ? ഇവർക്ക് ഇങ്ങനെ ജാതി ചിന്തിക്കേണ്ട ആവശ്യം എന്താണുണ്ടായിരുന്നത്? ആരോ ആകട്ടെ, മരിച്ചൊരാളെപ്പറ്റി, അദ്ദേഹം മറ്റൊരു



തരത്തിൽ പ്രശസ്തി അർഹിക്കുന്ന വിദ്യാർഥിയാണെന്ന കാര്യത്തിൽ ഒരു സംശയത്തിനും ഇടയില്ല. പക്ഷെ അദ്ദേഹത്തെപ്പറ്റി ഇങ്ങനെയൊക്കെപ്പറയാൻ ഇവർക്കെന്താ അവകാശം? ഇങ്ങനെയൊന്ന് കിട്ടിക്കഴിഞ്ഞാൽ പറഞ്ഞുനടക്കാൻ ആളുകളുണ്ടെന്ന് അവർക്കറിയാം. അതാണ് ഇങ്ങനെ പറയാൻ അവരെ പ്രേരിപ്പിക്കുന്നത്.

? സംസ്കൃതവും ഇന്ത്യൻ സംസ്കാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി അതിശയോക്തി കലർന്ന ആശയങ്ങളാണ് സാംസ്കാരികദേശീയവാദികൾ ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ സംസ്കൃത ഭാഷയെ ഇന്ത്യയുടെ സമകാലസന്ദർഭത്തിൽ എങ്ങനെയാണ് വിലയിരുത്തേണ്ടത്? ഇന്ത്യൻ പാരമ്പര്യത്തിന്റെ ബഹുസ്വരതയെ തമസ്കരിക്കാൻ സംഘപരിവാരം നടത്തുന്ന ശ്രമങ്ങളെ ജനാധിപത്യവാദികൾക്ക് എങ്ങനെ പരാജയപ്പെടുത്തുവാൻ കഴിയും?

സംഘപരിവാരത്തെ എതിർക്കേണ്ടത് ഇന്ത്യൻ പാരമ്പര്യസംരക്ഷണത്തിനു വളരെ ആവശ്യമാണ്. അവർ ഇന്ത്യൻ പാരമ്പര്യത്തെക്കുറിച്ച് പറയുകയും അതേ അവസരത്തിൽ അതിന്റെ സത്തയായ ബഹുസ്വരതയെ നശിപ്പിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ജനാധിപത്യസങ്കൽപ്പത്തെത്തന്നെ നശിപ്പിക്കാനാണ് അവരുടെ പുറപ്പാട്. ഇതിനെ പ്രതിരോധിക്കാനുള്ള ഊർജ്ജം ഭാരതീയ ദർശനത്തിൽത്തന്നെയുണ്ട്. ഭാരതീയദർശനങ്ങളെ ആഴത്തിൽ

പഠിച്ചുകൊണ്ടുമാത്രമേ അതിനു സാധിക്കൂ. അതിന് സംസ്കൃതഭാഷാപഠനം പ്രധാനമാണ്. എല്ലാവരും സംസ്കൃതം പഠിക്കണം എന്ന അർത്ഥത്തിലല്ല. മറിച്ച് ചിലരെങ്കിലും അതിന് മുന്നോട്ടുവരേണ്ടതുണ്ട്. ഇത്തരത്തിൽ സ്വാംശീകരിച്ചെടുക്കുന്ന ബഹുസ്വരമായ ആശയങ്ങളെ ലളിതമായ ഭാഷയിൽ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും ജനകീയവ്യവഹാരത്തിന്റെ ഭാഗമാക്കിത്തീർക്കുകയും വേണം. ധർമ്മരാജ് അടാട്ടിനെപ്പോലെ പുതുതലമുറയിലും ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നവരുണ്ട്. ഭാരതീയദർശനങ്ങളെ മനസ്സിലാക്കാനും എതിർക്കാനുമുള്ള ഏറ്റവും വിശ്വാസയോഗ്യമായ ഉപകരണം ഇന്നും സംസ്കൃതഭാഷതന്നെയാണ്. എന്നാൽ മുൻകാലത്തെ അപേക്ഷിച്ച് ഇന്ന് ഇത്തരത്തിൽ ബോധപൂർവ്വമായി ഇടപെടുന്നവരുടെ എണ്ണം നിർഭാഗ്യവശാൽ കുറഞ്ഞുവരുന്നുണ്ട്. അന്ധമായി സംസ്കൃതത്തെ പാടേ എതിർക്കുന്ന പ്രവണതയും കണ്ടുവരുന്നു. അതും ശരിയല്ല. സംസ്കൃതത്തെയെന്നല്ല ഒരു ഭാഷയെയും അന്ധമായി എതിർക്കുന്ന പ്രവണത ശരിയല്ല. നേരത്തെ സൂചിപ്പിച്ചതരത്തിലുള്ള സംഘപരിവാരവിമർശത്തിന്റെ മണ്ഡല ത്തിൽ വികസിച്ചുവന്നതാണ്. ഇ. എം. എസ്സും പി. പരമേശ്വരനും തമ്മിൽ നടന്ന സംവാദത്തിന് ഔദ്യോഗികമായിത്തന്നെ കാലിക്കറ്റ് സർവ്വകലാശാലയിൽ നാം വേദിയൊരുക്കിയല്ലോ. അന്ന് ഇ. എം. എസ്



ഉന്നയിച്ച പല ചോദ്യങ്ങൾക്കും ഇന്നും അവർക്കുത്തരം നൽകാനായിട്ടില്ല. അഖണ്ഡഭാരതത്തെക്കുറിച്ച് പറയുന്നവർ തന്നെയാണ് ഇന്ന് ഇന്ത്യാഭിമാനഭ്രാന്തും പാക്കിസ്ഥാൻവിരോധഭ്രാന്തുമായി നടക്കുന്നത്. എന്തൊരു വൈരുധ്യം! *ഋഗ്വേദ*ത്തിൽ തന്നെ ചില ഭാഗങ്ങൾ രചിച്ചത് സിന്ധുനദിക്കപ്പുറത്തുവെച്ചാണെന്ന് അതിന്റെ വായനയിൽ നിന്നുതന്നെ വ്യക്തമാവും.

? സംസ്കൃതത്തിനുവേണ്ടി ഒരു സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കപ്പെട്ടു. ആധുനികകാലത്ത് ഇപ്രകാരം ഭാഷകൾക്കുവേണ്ടി സർവ്വകലാശാലകൾ ആരംഭിക്കുന്നത് എത്രത്തോളം ആശാസ്യമാണ്? അറബിക് സർവ്വകലാശാല വരുന്നതിനെക്കുറിച്ച് ആശങ്കയുണ്ടോ? സംസ്കൃത സർവ്വകലാശാലാ ഭരണാധിപൻ എന്ന നിലയ്ക്ക് പ്രസ്തുത സ്ഥാപനത്തെ ആധുനികവൽക്കരിക്കുന്നതിൽ മാഷിന് എന്തെല്ലാം ചെയ്യാൻ സാധിച്ചു?

സംസ്കൃതസർവ്വകലാശാല എന്ന ആശയത്തോട് എനിക്ക് യോജിപ്പുണ്ടായിരുന്നില്ല. അന്നത്തെ എന്റെ നിലപാടിന് ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. ഒരു ഭാഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല വേണോ എന്നതായിരുന്നു അന്നത്തെ പ്രശ്നം. സംസ്കൃതം പല ഭാഷയും പോലെ ഒരു ഭാഷ എന്ന യുക്തിയായിരുന്നു അതിനുപിന്നിൽ. സർവ്വകലാശാലയിലെ സർവ്വകലാത്വം എന്നതിനെ ഒരു ഭാഷയ്ക്ക് വേണ്ടി എങ്ങിനെയാണ് ചുരുക്കുക എന്നതായിരുന്നു

പ്രശ്നം. ഇ. എം. എസ്സിനും അതേ നിലപാടുതന്നെയായിരുന്നു. എങ്കിലും ശ്രീശങ്കരാചാര്യസംസ്കൃത സർകലാശാല വന്നു. ആദ്യകാലത്ത് അതിന്റെ അടിത്തറപാകുന്നതിലെ ഒരു ചുമതലക്കാരനായി എന്നെത്തന്നെയാണ് നായനാർ സർക്കാർ ഉത്തരവാദിത്വമേൽപ്പിച്ചത്. വൈവിധ്യമാർന്ന പല കോഴ്സുകളും അവിടെ ആരംഭിച്ചു, ഒരാക്ഷേപവും ഇല്ലാത്ത നിയമനങ്ങളാണക്കാലത്ത് നടന്നത് എന്നതിന്റെ തെളിവാണ്, ഇന്ന് മലയാളത്തിലായാലും സംസ്കൃതത്തിലായാലും കേരളത്തിലെ പ്രഗല്ഭരായ അധ്യാപകർഅവിടെയാണുള്ളതെന്ന വസ്തുത. മാത്രവുമല്ല സംസ്കൃതത്തിനായി ഒരു പ്രത്യേകസർവ്വകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന പല സന്ദേഹങ്ങളേയും അതിജീവിക്കാൻ സംസ്കൃത സർവ്വകലാശാലയ്ക്ക് സാധിച്ചു എന്നാണ് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ബോധ്യപ്പെടുന്നത്.

തീർച്ചയായും കേരളത്തിൽ അറബിക് സർവ്വകലാശാല സ്ഥാപിക്കപ്പെടേണ്ടതാണ്. അതേ സമയം അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു സർക്കാർ ഇത്തരം ഒരു സ്ഥാപനം ആരംഭിക്കുമ്പോൾ അതിലെ നിയമനങ്ങളിലും മറ്റും എത്രമാത്രം അക്കാദമിക് താൽപ്പര്യം സംരക്ഷിക്കപ്പെടും എന്ന കാര്യത്തിൽ ഇന്നാട്ടിലെ പൊതുജനങ്ങൾക്കുള്ള ആശങ്ക എനിക്കും ഉണ്ട്. അതുകൊണ്ട് പുതുതായി വരുന്ന മന്ത്രിസഭ



തീർച്ചയായും അറബിക് സർവ്വകലാശാല ആരംഭിക്കേണ്ടതാണ്. അത്ഭുതങ്ങളുടെ കലവറയാണ് അറബിക് ഭാഷ, അതിവികസിതമാണത്. സംസ്കൃതത്തിൽ നിന്നും മിക്കതും അറബിയിലേക്കാണ് പോയിട്ടുള്ളത്. അലങ്കാരശാസ്ത്രമടക്കം കണ്ടാൽ സംസ്കൃതത്തിലെഴുതുന്നതുതന്നെ എന്നു തോന്നും. മാത്രമല്ല സംസ്കൃതത്തെ അപേക്ഷിച്ച് ഇന്നും സജീവമായ വിജ്ഞാനവ്യവഹാരഭാഷയെന്ന മേന്മയും അറബിഭാഷയ്ക്കുണ്ട്.

? മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ച സാഹചര്യത്തിൽ ചില ഭാഷകൾ മാത്രം ശ്രേഷ്ഠം എന്നരീതിയിലുളള വിലയിരുത്തലുകളോടുളള അഭിപ്രായം? എങ്ങനെയാണ് ഒരു ഭാഷ ശ്രേഷ്ഠമാവുന്നത്?

ഇതിലൊന്നും വാസ്തവത്തിൽ ഒരു കാര്യവുമില്ല. ഭാഷ ശ്രേഷ്ഠമാവേണ്ടതാണ് എല്ലാ ഭാഷകളും ശ്രേഷ്ഠമാണ്. അങ്ങനെ പറയുമ്പോൾത്തന്നെ ഹിന്ദി എല്ലാവരും പഠിക്കണം എന്നല്ല ഉദ്ദേശിക്കുന്നത്. ഹിന്ദി രാഷ്ട്രഭാഷയാണ്; ദേശീയഭാഷയാണ്. ഇംഗ്ലീഷിനെ കണ്ണിഭാഷയായും തീരുമാനിച്ചു അപ്പോൾതന്നെ പ്രയോഗത്തിൽ രണ്ട് രാഷ്ട്രഭാഷകളായി. ഇംഗ്ലീഷും ഹിന്ദിയും പോരാ. ഇന്നിപ്പോൾ ഓരോ ദിക്കിലും കൈകാര്യം ചെയ്യുന്ന ഭരണഭാഷ ഏതാ? അതാത് പ്രാദേശികഭാഷകൾ. അപ്പോൾ ആ പ്രാദേശിക ഭാഷകളൊക്കെ രാഷ്ട്രഭാഷകളുടെ സ്ഥാനത്തേക്ക്

സ്ഥാനത്തേക്ക് വരണം. എന്നാലേ കാര്യമുള്ളൂ. അപ്പോൾ എല്ലാ ഭാഷകളും ശ്രേഷ്ഠഭാഷകളാണ്; അല്ലെങ്കിൽ ആവണം.

? ആധുനികസാഹചര്യത്തിൽ എഴുത്തുകാരനും സമൂഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള സങ്കൽപ്പങ്ങളിൽ വലിയ തോതിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ടല്ലോ, ഈ മാറ്റങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത്?

ആദ്യകാലംമുതൽ തന്നെ, വാല്മീകി തൊട്ടിങ്ങോട്ട് സമൂഹവുമായി ബന്ധപ്പെട്ടതാണ് സാഹിത്യം എന്നു കാണാനാവും. നമുക്കറിയാം *രാമായണം* ആകെ വായിച്ചുകഴിഞ്ഞാൽ സീതയോടായിരിക്കും നമുക്കേറ്റവും ബഹുമാനമുണ്ടാവുക; രാമനോടല്ല. അതിനർത്ഥം വാല്മീകി പുരോഗമനസാഹിത്യ പ്രസ്ഥാനത്തിലുണ്ടായിരുന്നു എന്നല്ല. കവികൾക്കങ്ങനെയാവേനേ പറ്റൂ. സി. രാധാകൃഷ്ണൻ ഒരിക്കൽ പറഞ്ഞു, ഒരു കവിക്ക് ഇടതുപക്ഷക്കാരനാവാനേ കഴിയൂ എന്ന്. സാഹിത്യകാരൻ എന്ന അർത്ഥത്തിലാണ് അദ്ദേഹം അത് പറഞ്ഞത്. കലയുടെ പൊതുവായുള്ള ഒരു സ്വഭാവം എന്തെന്നുവച്ചാൽ കലാകാരന്റെ പ്രഖ്യാപിതനയത്തെത്തന്നെ മറികടക്കുന്ന ഒരന്തർധാര അതിനകത്തുതന്നെ ഉണ്ടായിരിക്കും എന്നതാണ്. അത് വെറും യുക്തി കൊണ്ട് കണ്ടെത്താനാവണം എന്നില്ല. സാമൂഹിക ജീവിതയാഥാർത്ഥ്യങ്ങളാണ് എല്ലാ കലകളുടെയും



ആധാരം. എല്ലാ കാലത്തും കലാകാരനെ അലട്ടിക്കൊണ്ടിരിക്കുന്നതും അതുതന്നെയാണ്. സമൂഹത്തിന്റെ കാര്യങ്ങൾ സത്യസന്ധമായി പറയുന്നു എന്നുള്ളതുകൊണ്ടാണ് കലാകാരൻ/കാരി സമൂഹവിരുദ്ധരാൽ കൊലചെയ്യപ്പെടുന്നത്. സാഹിത്യകാരന് പ്രതിബദ്ധതയില്ല എന്നു പറയാൻ പറ്റില്ല. അതെല്ലായ്പ്പോഴും സമൂഹത്തിന് ഗുണകരമാവണമെന്നില്ല ചിലപ്പോഴെങ്കിലും സമൂഹവിരുദ്ധമായ പ്രതിബദ്ധതയായും അത് മാറാം.

?*ഉജ്ജയിനി* പോലുള്ള കാവ്യങ്ങൾ സംസ്കൃതത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ടല്ലോ, വിപ്ലവകവി കൂടിയായ ഒ. എൻ. വി. യുടെ വിയോഗം. ഇത്തരം വിടവുകൾ നികത്തുന്ന സാഹിത്യകാരന്മാർ ഉയർന്നുവരുന്നുണ്ടോ?

*ഉജ്ജയിനി* എന്നെ ആകർഷിക്കാനുണ്ടായ കാരണം അതിൽ സാർവലൗകികതയിലേക്കു വളർന്നു വികസിക്കുന്ന ഒരുതരം അഖിലഭാരതീയാന്തരീക്ഷം നിറഞ്ഞു നിൽക്കുന്നുണ്ട് എന്നതാണ്. എന്റെ കാളിദാസൻ എന്നു പറഞ്ഞാണതാരംഭിക്കുന്നതു തന്നെ. ഒ. എൻ. വി. യുടെ ഭാവനയിലെ കാളിദാസനാണ് അതിലുള്ളത്. ഐതിഹ്യത്തിലെ കാളിദാസനല്ല. അതിലെ കാമുകൻ കാളിദാസനാണ്. കാമുകി ആരാണെന്നു ചോദിച്ചാൽ അറിഞ്ഞുകൂടാ. ആരുമാകാം – കാളിദാസന്റെ നായികമാരായ മാളവികയോ ഉർവശിയോ ശകുന്തളയോ! അന്ത്യംവരെ അതങ്ങനെയാണ്.

എന്നാൽ, മഹത്വത്തിന്റെ കാര്യത്തിൽ *ഉജ്ജയിനി*യേക്കാൾ ഒരല്പം മുമ്പിലാണ് *സ്വയംവരം.* ഒരു ചെറിയ ഇടക്കാലം ഒഴിച്ചുനിർത്തിയാൽ ഒ. എൻ. വി. യിൽ ഉടനീളം അതു കാണാം. ജി. ശങ്കര ക്കുറുപ്പിനെപ്പോലുള്ള മഹാകവികൾ പോലും പുത്തൻപരീക്ഷണപ്രവണതകൾ വരുമ്പോൾ അവ യിലേക്ക് കൂടു മാറിയിട്ടുണ്ട്. എന്നാൽ ഒ. എൻ. വി. യിൽ അതു കാണാനാവില്ല; ആ കവിയിൽ കവിത (നാടകഗാനങ്ങളും സിനിമാഗാനങ്ങളും കവിതതന്നെ) പ്രവഹിച്ചുകൊണ്ടേയിരുന്നു, ആദ്യന്തം. മുണ്ടശ്ശേരി *ദാഹിക്കുന്ന പാനപാത്ര*ത്തിനെഴുതിയ അവതാരിക പോലെ ഒന്ന്, വേറെ കാണണമെങ്കിൽ ചങ്ങമ്പുഴയുടെ *രമണന്റെ* അവതാരിക നോക്കണം. മുദ്രാവാക്യം കവിതയല്ല എന്നൊരിക്കൽ അദ്ദേഹം പറയുക യുണ്ടായി. അതോടുകൂടി ആളുകൾ ഒ. എൻ. വി മാറി എന്ന തരത്തിൽ പ്രചരിപ്പിക്കുകയുണ്ടായി. ചോദിച്ചു വാങ്ങിയ കവിതപോലും *ദേശാഭിമാനി* വാരികയിൽ പ്രസിദ്ധീകരിക്കാതെ വന്നപ്പോഴും അതിനോടൊന്നും പരസ്യമായി പ്രതികരിക്കാതെ അദ്ദേഹം ശാന്തനായി തന്റെ എഴുത്തുവഴി തുടർന്നുകൊണ്ടേയിരുന്നു. ഞാൻ *ഉജ്ജയിനി* സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്ത സമയത്ത് എന്ത് ഉജ്ജയിനി എന്നു ചോദിച്ച ബുദ്ധിജീവികളുണ്ട്! ഇന്നാരും അതിനു ധൈര്യപ്പെടു മെന്നു കരുതുന്നില്ല. ഒഴുക്കിനൊത്തു നീന്താതെ



പിടിവിടാതെ അവസാനം വരെ നിന്നു എന്നതാണ് ഒ. എൻ. വി. എന്ന കവിയുടെ മഹത്വം. ഒരേസമയം മല യാളത്തിന്റെ മഹാകവിയും പ്രിയകവിയുമായിരിക്കാൻ സാധിച്ചു എന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. തന്റെ കാലത്തൊക്കെ ഗംഭീരമായിരുന്നു, ഇപ്പോൾ എല്ലാം മോശമാണ് എന്ന ഒരു പൊതുധാരണയുണ്ട്. അത് ശരിയല്ല, എല്ലാം കുറ്റിയറ്റുപോകും എന്ന കാഴ്ച്ചപ്പാടും അതുപോലെയാണ്. ഒരു കാലത്ത് മുണ്ടശ്ശേരിയൊക്കെ വായന മരിച്ചു എന്നു പറഞ്ഞ് ബഹളം കൂട്ടിയിരുന്നു. എന്നിട്ടെന്തായി? വായന മരിക്കില്ല. കമ്പ്യൂട്ടർ യുഗം വരുമ്പോൾ വായനാരീതി മാറാം, എഴുത്തുപകരണത്തിന്റെ രീതി മാറാം എന്നല്ലാതെ അതില്ലാതാവുന്നില്ല. താളിയോല വായിക്കുന്നതിനുപകരം പുസ്തകം വായിക്കാൻ തുടങ്ങി, ഇപ്പോൾ പുസ്തകത്തിനു പകരം ഇ–ബുക്സ് വായിക്കുന്നവരുണ്ട്, അതല്ലാതെ വായന ഇല്ലാതായി എന്നു പറയാൻ പറ്റില്ല.

**?** *മാഷ് മലപ്പുറത്ത് വരുന്നതിന് മുൻപ് കേട്ടിരുന്ന മലപ്പുറവും അനുഭവിച്ചറിഞ്ഞ മലപ്പുറവും തമ്മിൽ എന്തെങ്കിലും വ്യത്യാസം തോന്നിയിട്ടുണ്ടോ?*

മലപ്പുറത്തെക്കുറിച്ച് ആർ. എസ്. എസ്സുകാർ പ്രചരിപ്പിക്കുന്ന ഈ കാര്യങ്ങളൊന്നും സത്യത്തിൽ കണ്ണൂർജില്ലയിൽ ജനിച്ചുവളർന്ന ഞങ്ങൾക്ക് അറിയു ന്നത്. പക്ഷെ ഒരു കാര്യമുണ്ട്. ഈ മലപ്പുറത്തെ മണ്ണ് ഏറ്റവുമധികം ഇടതുപക്ഷ അനുകൂലമാണ്; മനസ്സും

ഇടതുപക്ഷ അനുകൂലമാണ്. അതായത് മതനിരപേക്ഷ മനസ്സാണ്. നിർണായകസന്ദർഭങ്ങളിലൊക്കെ വർഗീയതയുടെ കാർഡിറക്കിക്കളിക്കുന്ന മുസ്ലിംലീഗിൽ പോലും ആത്മാർത്ഥതയുളള ധാരാളം നല്ല ആളുകളുണ്ട്. പക്ഷെ ഇപ്പോൾ വർഗീയതയും സ്വാർത്ഥതയും അവരെ അങ്ങേയറ്റം തളർത്തി. ഇപ്പോൾ തന്നെ മലപ്പുറത്ത് നോക്കിയാൽ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പോലും വാസ്തവത്തിൽ ലീഗ് കഴിഞ്ഞാൽ മുസ്ലിങ്ങൾക്കിടയിൽ രണ്ടാം സ്ഥാനം മാർക്സിസ്റ്റ് പാർട്ടിക്കാണ്; കാലിക്കറ്റ് സർവ്വകലാശാലയിൽ അധ്യാപകനായി വരുന്നതിനുമുൻപുതന്നെ എനിക്കു മലപ്പുറവുമായി ബന്ധമുണ്ടായിരുന്നു. ചെറുകാട് *ജീവിതപ്പാത* എഴുതുന്ന കാലത്ത് അദ്ദേഹത്തിന്റെ വീട്ടിൽ മൂന്നുമാസം താമസിച്ചിട്ടുണ്ട്. ചില അധ്യായങ്ങളൊക്കെ എഴുതിക്കഴിഞ്ഞ് ചൂടാറുംമുൻപുതന്നെ വായിക്കാനും അഭിപ്രായം പറയാനുമുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. വളരെയധികം രാഷ്ട്രീയബോധമുള്ള മണ്ണാണ് മലപ്പുറത്തിന്റേത്. ലീഗാണ് ഒന്നാംകക്ഷിയെങ്കിലും ഇടതുപക്ഷത്തിന് ആഴത്തിലു ള്ള വേരുകളുണ്ടിവിടെ.

? അടുത്തകാലത്ത് ഒന്നുകൂടി സജീവമായി വന്ന നിലവിളക്ക് വാവാദത്തെക്കുറിച്ച് അങ്ങയുടെ പ്രതികരണം?

ഞങ്ങൾ ഈ വീട്ടിൽ നിത്യകർമമെന്ന നിലയിൽ ഇതുവരെ നിലവിളക്ക് കത്തിച്ചിട്ടില്ല. വൈദ്യുതി പോയാൽ കത്തിക്കുന്ന ഒരു ചെറിയ നിലവിളക്കുണ്ടിവിടെ. അതുൾപ്പെടെ എനിക്ക് പ്രസംഗങ്ങൾക്ക് ഉപഹാരങ്ങളായി കിട്ടിയ വേറെ ചിലതുമുണ്ട്. വിശ്വാസവും ഇതും തമ്മിൽ ഒരു ബന്ധവുമില്ല. പക്ഷെ ഉദ്ഘാടനത്തിനും മറ്റും നിലവിളക്ക് കത്തിക്കില്ല എന്ന പിടിവാശി നൽകുന്ന സന്ദേശം മറ്റൊന്നാണ്. അങ്ങനെ വാശി പിടിക്കുമ്പോൾ നമുക്ക് ചിലപ്പോൾ കത്തിക്കേണ്ടി വരും. മറ്റെല്ലാം ചെയ്യാം. നിലവിളക്ക് മാത്രം കത്തിക്കരുത് എന്ന് പറയുന്നതിൽ എന്ത് മതവിശ്വാസത്തിന്റെ യുക്തിയാണുള്ളത്? ലോട്ടറിനയമാവാം, മദ്യനിരോധനം പറഞ്ഞുകൊണ്ട് ബീറും മറ്റു വിലകൂടിയ മദ്യങ്ങളും യഥേഷ്ടം വിൽക്കാം. വിദ്യാഭ്യാസക്കച്ചവടമാവാം. സ്വന്തം വീട്ടിലോ ഔദ്യോഗികമന്ദിരത്തിലോ (അവിടെ വ്യക്തിപരമോ മതപരമോ ആയ വിശ്വാസമനുസരിച്ചാവാം. ഇത് പൊതുവേദികളിലെ ഉദ്ഘാടനങ്ങളുടെ ഭാഗമായാണ്. അവിടെയും മതമോ?) അല്ല, നിലവിളക്കാണ് പ്രശ്നം. ഇതിൽ ഒരുതരം കാപട്യമുണ്ട്.

?. എം. പി വീരേന്ദ്രകുമാറുമായി വളരെ അടുപ്പമുണ്ടല്ലോ. സുകുമാർ അഴീക്കോടിനും അദ്ദേഹത്തിനുമിടയിൽ പ്രശ്നപരിഹാരകനായിപ്പോലും ഇടപെട്ടിട്ടുണ്ട്. കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന പ്രമുഖ സോഷ്യലിസ്റ്റുകൂടിയായ വീരനെക്കുറിച്ച്?

അഴീക്കോട് മാഷ് ഇടതുരാഷ്ട്രീയവുമായി അടുത്തുവരുന്ന ഒരു ഘട്ടമായിരുന്നു അത്. ആ സന്ദർഭത്തിൽ അഴീക്കോടും ഇടതുപക്ഷനേതൃനിരയിലെ പ്രമുഖരിൽ ഒരാളായ വീരേന്ദ്രകുമാറും തമ്മിൽ വിരോധം നിലനിൽ

ക്കുന്നത് ഇടതുപുരോഗമന രാഷ്ട്രീയത്തിന് ഗുണകര മാകില്ല എന്നുമാത്രമല്ല പരിക്കേൽപ്പിക്കുകയും ചെയ്യും എന്ന നിലക്കാണ് അവർക്കിടയിൽ മാധ്യസ്ഥ്യശ്രമം നടത്തിയത്. അതിനു ഫലമുണ്ടായി എന്നാണ് ഞാൻ കരുതുന്നത്. ഇന്ത്യയിലെ സോഷ്യലിസ്റ്റുകൾ എന്നു പറഞ്ഞാൽ പൊതുവെ കമ്മ്യൂണിസ്റ്റുവിരോധികളാണ്. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി കമ്മ്യൂണിസ്റ്റു കളും സോഷ്യലിസ്റ്റുകളും തമ്മിൽ പണ്ടുമുതലേ ഒന്നിച്ചുപ്രവർത്തിച്ചു വരികയാണ് കേരളത്തിൽ. വളരെ അടുത്തകാലത്താണ് വീരേന്ദ്രകുമാറിന്റെ നേതൃത്വ ത്തിൽ ഒരു വിഭാഗം വഴിപിരിഞ്ഞത്, അതും ആദർശ ത്തിന്റെ പേരിലല്ല താനും. ആ വൈരുദ്ധ്യം വലതു പാളയത്തിലെ അവരുടെ നിലനിൽപ്പിനെ എപ്പോഴും ചോദ്യം ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ലഭിച്ചിരി ക്കുന്ന രാജ്യസഭാസീറ്റ് ഘടനാപരമായ ആന്തരിക സംഘർഷങ്ങൾക്ക് അയവുവരുത്താൻ ഉപകരിക്കും. ഇതൊരു തരം അവസരവാദരാഷ്ട്രീയമാണെങ്കിലും രാജ്യസഭാംഗമായിരിക്കാൻ എന്തുകൊണ്ടും യോഗ്യ നാണ് ശ്രീ. എം.പി വീരേന്ദ്രകുമാർ. അദ്ദേഹത്തിന്റെ അറിവും അനുഭവവും രാഷ്ട്രനിർമ്മിതിയിൽ തീർച്ച യായും മുതൽക്കൂട്ടാവും. പിന്നെ, ഇന്നു നമ്മുടെ രാജ്യം നേരിടുന്ന വർഗീയഫാസിസ്റ്റുവെല്ലുവിളിയെ എതിർ ക്കാതിരിക്കാൻ അദ്ദേഹത്തിന് ഒരിക്കലും സാധിക്കു മെന്നു ഞാൻ വിശ്വസിക്കുന്നില്ല.



**?** *വർഗം എന്ന പൊതുപരികൽപ്പനയ്ക്കകത്താണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടികൾ ജാതിയെ പരിഗണിച്ചുപോന്നിട്ടുള്ളത്. ഇതൊരു വീഴ്ച്ചയായി പുതിയ ഫാസിസ്റ്റ്ഘട്ടത്തിൽ ഏറെക്കുറെ തിരിച്ച റിയപ്പെട്ടിട്ടുണ്ട്. സ്വത്വരാഷ്ട്രീയത്തെയും സമൂഹത്തി ലെ ഭിന്നമായ ശ്രേണീപരതയെയും വർഗപരി കൽപ്പനയ്ക്ക് പുറത്ത് സവിശേഷമായി സംബോധന ചെയ്യുന്നതിൽ മാർക്സിസ്റ്റുകൾക്കിടയിൽ ഇന്നും തർക്കങ്ങൾ നിലനിൽക്കുന്നു. അടിസ്ഥാനപരമായി ഫാസിസത്തിന് ഇന്ത്യൻ സമൂഹത്തിൽ ദ്രുതഗതിയിൽ വേരോട്ടം സാധ്യമാക്കിയത് ജാതീയതയാണ്. സൈദ്ധാന്തികം, പ്രായോഗികം എന്ന ദ്വന്ദ്വത്തെ അഭിമുഖീകരിക്കുന്നതിൽ മാർക്സിസ്റ്റ് സൈദ്ധാന്തിക ധാരണ ഇന്ത്യനവസ്ഥയിൽ പ്രതിസന്ധി നേരിടുക യല്ലേ? താങ്കളെങ്ങനെ പ്രതികരിക്കുന്നു?*

ഈ പ്രശ്നങ്ങൾ കമ്മ്യൂണിസ്റ്റുപാർട്ടിക്കകത്ത് മുൻപുതന്നെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്. ഡി. ഡി. കൊസാംബിയൊക്കെ ഇത് അന്നേ ചൂണ്ടിക്കാണിച്ചു, നമ്മളിതുമാത്രം പറഞ്ഞുനടന്നാൽ പോരാ എന്ന്. കൊസാംബി ഭർതൃഹരിയുടെ *ശതകത്രയം* എഡിറ്റ് ചെയ്ത സംസ്കൃതപണ്ഡിതനാണ്. നാണയശാസ്ത്രം, ചരിത്രം തുടങ്ങി അനേകം വിഷയങ്ങളിൽ അവഗാഹം നേടിയ ബഹുമുഖപ്രതിഭയാണ് അദ്ദേഹം; ഔപചാരി കമായി പഠിച്ചതു ഗണിതമാണെങ്കിലും. അങ്ങനെ യായിരിക്കണം പണ്ഡിതന്മാർ. പണ്ഡിറ്റ് നെഹ്റു,

എസ്. എ. ഡാങ്കെ, ഇ. എം. എസ്; എ. ബി. ബർദാൻ തുടങ്ങിയ രാഷ്ട്രീയനേതാക്കളെപ്പോലെ. ജാതി തുടങ്ങിയ മേൽപ്പറഞ്ഞ വിഷയങ്ങളെല്ലാം അവരുടെ ശ്രദ്ധയിൽ നേരത്തേ പതിഞ്ഞിട്ടുള്ളതാണ്. ഡാങ്കെയും മറ്റും എതിർപ്പറിയിച്ചിട്ടും കൊസാംബിയൊക്കെ ഇതിനെക്കുറിച്ച് എഴുതിയിട്ടുമുണ്ട്. കേരളത്തിലും മറ്റും ഈ പ്രശ്നം ഇപ്പോഴും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതിനുള്ള പ്രതിവിധി ജാതിയെ ആലിംഗനം ചെയ്യലല്ല. അവിടെയും വൈരുദ്ധ്യാത്മക ഭൗതികവാദം പ്രയോഗിക്കണം. ഇ. എം. എസ് ഒരിക്കലും എസ്. എൻ. ഡി. പി ആസ്ഥാനങ്ങളിൽ പോകാറുണ്ടായിരുന്നില്ല. തായാട്ട് ശങ്കരൻ തകഴിയെയും പ്രിയസുഹൃത്തായ എൻ. എൻ. കക്കാടിനെപ്പോലും വിമർശിച്ചത് സാമുദായികസംഘടനകളുടെ വേദികളിൽ പോയതിനാണ്. അവർ നമ്മെ വിഴുങ്ങുമെന്നല്ലാതെ അവരെ നമുക്കു വരുതി യിലാക്കാനാവില്ലെന്ന് ഇ. എം. എസ്സിനും തായാട്ടിനും ഉറച്ച ബോധ്യമുണ്ടായിരുന്നു. വെള്ളാപ്പള്ളിപ്രതിഭാസം നാം കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ! ഇ. എം. എസ്സിന് കാര്യങ്ങൾ മുൻകൂട്ടി കാണാനുള്ള ശേഷിയുണ്ടായിരുന്നു.

ഇവിടെ പ്രസക്തമായ പഴയൊരു കാര്യം ഓർമ വരുന്നു: അരുൺഷൂരിയുടെ ലേഖനം *ചിന്ത*യിൽ പരിഭാഷ ചെയ്തുപ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഒരു പുസ്തകം *ചിന്ത*യിൽ പ്രസിദ്ധ



പ്പെടുത്തിയാലെന്താ എന്ന് അഭിപ്രായമാരാഞ്ഞപ്പോൾ അതു വേണോ എന്ന് ഇ. എം. എസ് സംശയം പ്രകടിപ്പിച്ചു. അങ്ങനെ അത് വേണ്ടെന്ന് നിശ്ചയിക്കുക യായിരുന്നു. പിന്നീടാണ് അരുൺഷൂരി കളം മാറുന്നതും ബി.ജെ.പി മന്ത്രിയാകുന്നതുമൊക്കെ. ഇ. എം. എസിന് ഷൂരിയടെ ഈ അപക്വത അന്നേ മനസ്സിലാക്കാൻ സാധിച്ചു. ഈയൊരു ഉൾക്കാഴ്ച്ചയാണ് അദ്ദേഹത്തെ വേറിട്ട് നിർത്തുന്നതും.

ജാതിസംഘടനകൾക്ക് പലപ്പോഴും ജാതി ആളെക്കൂട്ടാനുള്ള ഏർപ്പാടു മാത്രമാണ്. താഴ്ന്ന ജാതി ഉയർന്ന ജാതി  എന്ന വിഷയത്തിൽ അവർ താഴ്ന്ന ജാതിക്കാരന്റെ കൂടെ നിൽക്കും. പക്ഷെ സാമ്പത്തിക വിഷയം വന്നാൽ മുതലാളിത്തപക്ഷത്താണവർ നിൽക്കുക. അതായത് വർഗസമരത്തിൽ  എവിടെ നിൽക്കുന്നു എന്നത് വളരെ പ്രധാനമാണ്.

ജാതിസ്വത്വം എന്നത് ഒരു യാഥാർത്ഥ്യമാണ്. ജാതീയമായ ഉച്ചനീചത്വം അതിലേറെ വലിയ യാഥാർത്ഥ്യമാണ്. ഇവയെ സവിശേഷമായി  അഭിസംബോധന ചെയ്യേണ്ടതുണ്ട്. പിന്നീട് ഇത് കമ്മ്യൂണിസ്റ്റ്പാർട്ടികൾക്ക് മനസ്സിലായിത്തുടങ്ങി. ഉദാഹരണത്തിന് പട്ടികജാതിസംഘടനയായ പി. കെ. എസ്. പോലുള്ള സംഘടനകൊണ്ട് ഗുണമുണ്ടായി. വയനാട്ടിലൊക്കെ ഇപ്പോൾ പിടിച്ചു നിൽക്കുന്നത് പി. കെ. എസ്. കൊണ്ടല്ലേ? അത്തരം മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ വലിയ ആവേശമായി. അപ്പോൾ

തങ്ങളും അംഗീകരിക്കപ്പെട്ടു തുടങ്ങി എന്നൊരു ധാരണ വന്നു. ഇതോടെ പാർട്ടി തങ്ങളെയൊന്നും അംഗീകരിക്കുന്നില്ലെന്ന സ്ഥിതി മാറുകയും പുതിയൊരാവേശം കൈവരികയും ചെയ്തു. അതിനുശേഷം സമരങ്ങളുടെ മുഖച്ഛായതന്നെ മാറിയില്ലേ? എന്നു കരിതി പി. കെ. എസ്സിനെ ഒരു ജാതിസംഘടനയായി പരിഗണിക്കാൻ പറ്റില്ല. വർഗബഹുജന സംഘടനയെന്ന നിലയ്ക്കാണ് അതിന്റെ പ്രവർത്തനം. എല്ലാം പാർട്ടിയുടെ പരിധിയിൽ നിൽക്കും. പക്ഷെ അവരുടേതായ ഒരു ഇടം കൊടുക്കുകയും വേണം. അവരിലും പൊതുധാരയോടും മുഖ്യധാരയോടും ഒത്തുനിൽക്കാനുള്ള മനോഭാവം വളർത്തിയെടുക്കണം. സ്വത്വരാഷ്ട്രീയത്തെയും സമൂഹത്തിലെ ശ്രേണീപരതയെയും വർഗപരികൽപ്പനക്ക് പുറത്തല്ല, അകത്താണ് അഭിസംബോധന ചെയ്യേണ്ടതെന്നർഥം. വർഗസമരത്തിന്റെ അടിസ്ഥാനമാണല്ലോ പാർട്ടി. അതുകൊണ്ട് അത്തരം വിഷയങ്ങൾ ഇതിനകത്തു തന്നെയാണ് അഭിസംബോധന ചെയ്യേണ്ടത്. മറിച്ചുള്ള വാദം ഒരുതരം അരാഷ്ട്രീയവാദമാണ്. അത് കുഴപ്പമാണ്. അത് ഈയിടെ മൂന്നാറിൽ കണ്ടതാണല്ലോ. തൊഴിലാളികളുടെ സമരമെന്നു തുടങ്ങിയത് കമ്മ്യൂണിസ്റ്റുവിരുദ്ധർ ഹൈജാക്ക് ചെയ്തില്ലേ?

? സാഹിത്യകാരന്മാർ കിട്ടിയ അവാർഡ് തിരിച്ചുകൊടുത്ത് പ്രതികരിക്കുന്നുണ്ടല്ലോ, അത്തരം പ്രതികരണങ്ങളെക്കുറിച്ച്?



അതൊരു മുറയാണ്. ഇന്നത്തെ കാലഘട്ടത്തിൽ പ്രതിഷേധമറിയിക്കാനുള്ള ഒരു മാർഗം. അതുമാത്രമല്ല മാർഗം. അവാർഡെല്ലാം തിരിച്ചുകൊടുത്ത് മറ്റുള്ള ആനുകൂല്യങ്ങൾ പറ്റുന്നതിൽ വലിയ ന്യായമൊന്നുമില്ല. വത്സല ടീച്ചറുടെ നിലപാടിനോട് യോജിപ്പില്ല. അവരുടേത് കുറേ അതിവാദമാണ്. വാങ്ങിയ അവാർഡ് വാങ്ങാത്ത അവാർഡ് എന്നിങ്ങനെ വല്ല അവാർഡുമുണ്ടോ? പക്ഷേ, അവരുടെ സാഹിത്യസൃഷ്ടികൾ വിലമതിക്കത്തക്കതുതന്നെയാണ്. കലാസൃഷ്ടികൾക്കു ഗൃഹപാഠം ചെയ്യേണ്ടതുണ്ടെന്ന ധാരണ ടീച്ചർക്ക് നില്ലപോലെയുണ്ട്.

*? ബാബറി മസ്ജിദ് പൊളിച്ച സന്ദർഭത്തിൽ കേരളത്തിന്റെ മതേതരപാരമ്പര്യത്തിന് ഇളക്കം തട്ടാതിരിക്കാൻ സംഘടിതവും ശ്രദ്ധേയവുമായ ഇടപെടൽ ഇവിടെ ഉണ്ടായി. കേരളത്തിലുടനീളം മുക്കിലും മൂലയിലും സഞ്ചരിച്ച് ഉണിത്തിരിമാഷ് നടത്തിയ പ്രഭാഷണങ്ങളും, ഇതുമായി ബന്ധപ്പെട്ടു വന്ന ലേഖനങ്ങളും പുസ്തകങ്ങളും മതേതരകേരള ചരിത്രത്തിൽ ഉജ്ജ്വലമായ ഏടായി തിളങ്ങിനിൽക്കുന്നു. ഒരുപക്ഷേ സമാനമായൊരു ഇടപെടൽ ആവശ്യപ്പെടുന്നൊരു സന്ദിഗ്ധഘട്ടമാണിത്. എന്നാൽ രണ്ടരപ്പതിറ്റാണ്ടിനിപ്പുറം അത്തരമൊരുണർവ്വ് ഇന്ന് പ്രകടമല്ല, മാഷിനെന്തു തോന്നുന്നു?*

? എനിക്കും ഈ അഭിപ്രായം തോന്നായ്കയില്ല, പക്ഷെ എനിക്ക് പകരം വെക്കാനാളില്ല എന്നല്ല ഇപ്പറഞ്ഞതി

നർത്ഥം. തൊണ്ണൂറുകളിലെ വർഗീയവിരുദ്ധപ്രചരണം ഒരു ടീമായാണ് നിർവ്വഹിച്ചത്. അതിൽ എനിക്കും ഒരു പങ്കുണ്ട് എന്നു മാത്രം. കെ. ഇ. എൻ, ഹരിഹരൻ, ആസാദ് എന്നിവരൊക്കെ ആ ടീമിൽ ഉണ്ടായിരുന്നു. അന്ന് പല ദിക്കിലും നടന്ന് ആർ.എസ്.എസ്സിന്റെ ഭീകരതയെ പൊളിക്കുന്ന പ്രവർത്തനമായിരുന്നു ഞങ്ങൾ ഏറ്റെടുത്തത്. അതിന്നിടയിൽ നിരന്തരം വധഭീഷണിയും നേരിടേണ്ടി വന്നിട്ടുണ്ട്. പിന്നീട് ആ നിലയ്ക്ക് (ഭാരതീയവിജ്ഞാനങ്ങളിലുള്ള പരിജ്ഞാന ത്തോടെ) ഇടപെടാൻ ഉള്ള ശേഷിയിലേക്ക് ആളുകളെ വളർത്തിയെടുക്കാൻ സാധിച്ചില്ല. എം. വി. ഗോവിന്ദൻ മാസ്റ്റർ, പി. ജയരാജൻ, പ്രൊഫ. ടി. കെ. ജി. നായർ മുതലായ ചിലരാണ് ഈ രീതിയിൽ മുന്നോട്ടു പോയത്. അതായത് പ്രവർത്തിക്കാൻ ഒരു ടീം വേണം അതിൽ ത്തന്നെ ഒരോരുത്തർക്കും ഒരോ മേഖലയുണ്ട്; ആ മേഖലയിലാണ് അവർ പ്രവർത്തനം കേന്ദ്രീകരിക്കുക. ഡോ. ധർമ്മരാജ് അടാട്ടും മറ്റുമൊക്കെ കഴിവുള്ളവ രാണ്, പക്ഷെ രംഗത്തേക്ക് എത്തുന്നില്ല അതായത് കേരളത്തിലുടനീളം പൊതുപ്രഭാഷണം എന്ന നിലയിലേക്ക് വരുന്നില്ല. പിന്നെ വേദാന്തപണ്ഡിതനായ ഡോ. മഹേശ്വരൻ നായർ ഈ മേഖലയിൽ കഴിവുള്ള യാളാണ്. അദ്ദേഹം പുരോഗമനകലാസാഹിത്യ സംഘത്തിന്റെ പ്രവർത്തനങ്ങളോടൊപ്പം ഇത്തരം കാര്യങ്ങളിൽ കൂടി കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.



ഒൻപതാം നൂറ്റാണ്ടിൽ വേദഭാഷ്യകാരനെന്ന് പ്രസി ദ്ധനായ സായണൻ തന്റെ ധർമ്മമായി പറഞ്ഞിരുന്നത് ഇന്നത്തെ ആർ. എസ്. എസ്സുകാർ പറയുന്നതു പോലെത്തന്നെയാണ് ഫലത്തിൽ. വിജയനഗര ഹൈന്ദവ സാമ്രാജ്യത്തെ പൊക്കിക്കാണിച്ച് അതിനായി യജ്ഞങ്ങളെയും മറ്റും മഹത്വവൽക്കരിച്ച് അതൊക്കെ (യജ്ഞങ്ങൾ) ചെയ്യേണ്ടതാണ് എന്നൊക്കെ വരുത്തി ത്തീർത്ത് വിവരിക്കുന്നതാണ് സായണന്റെ ഭാഷ്യം. അതായത് സായണന് കൃത്യമായ രാഷ്ട്രീയോ ദ്ദേശ്യമുണ്ടെന്നർത്ഥം. ഈ ഭാഷ്യമാണ് നമ്പൂതിരി മാരുടെ ഇടയിൽ അർത്ഥം മനസ്സിലാക്കുന്നവർ ഉണ്ടെങ്കിൽ ഇപ്പോഴും ഉപയോഗിക്കുന്ന പ്രസിദ്ധമായ വ്യാഖ്യാനം. എന്നെ സംബന്ധിച്ചിടത്തോളം ഋഗ്വേദം ഇങ്ങനെയല്ല. അത് ഒന്നാന്തരം കാവ്യമാണ്. അതുകൊണ്ട് ആ കാവ്യ സൗന്ദര്യം വെളിപ്പെടുത്തുക എന്നുള്ളത് എന്റെ രചനയുടെ ഒന്നാമത്തെ ഉദ്ദേശ്യമാണ്. കാവ്യസൗന്ദര്യം വെളിപ്പെടുത്തുക എന്നുപറഞ്ഞാൽ ഫലത്തിൽ മതനിരപേക്ഷമാവുക എന്നതാണർഥം. ഈ യജ്ഞങ്ങളും മറ്റും വിവരിക്കു ന്ന ഗ്രന്ഥത്തെ എങ്ങനെയാണ് നമുക്ക് മതനിരപേക്ഷ മാക്കാനാവുക എന്ന ചോദ്യം വരാം. ഇന്നു കാണുന്ന യജ്ഞമല്ല അന്നത്തെ യജ്ഞം. അതൊരു കൂട്ടായ്മ യാണ്. എന്നുവച്ചാൽ സമൂഹത്തിലെ നാനാജാതിമത സ്ഥരും ഒന്നിച്ചു ചേർന്നിട്ടുള്ള ‘distribution and re-distribution’ (വിതരണവും പുനർവിതരണവും) എന്ന

സങ്കൽപ്പമാണത്. അതായത് യജ്ഞത്തിലേക്ക് സാധനങ്ങളും മറ്റും എത്തിക്കുക തുടങ്ങി ഒരു ജനകീയോത്സവമാണത്. ഞാൻ ചെയ്യുന്ന തർജ്ജമയിൽ അവലംബിക്കുന്നത് ഇതൊന്നുമല്ല. അത *ഋഗ്വേദ*ത്തിന്റെ അക്ഷരാർത്ഥത്തിലുള്ള ജനകീയ പരിഭാഷയ്ക്കുള്ള ശ്രമമാണ്.

★



## 4. ശബരിമലദേവാലയം മതനിരപേക്ഷം

സുപ്രീം കോടതിയുടെ അഞ്ചംഗഭരണഘടനാബഞ്ച് ശബരിമലക്ഷേത്രത്തിൽ ഏതു പ്രായത്തിലുള്ള സ്ത്രീക്കും പ്രവേശിക്കാൻ അവകാശമുണ്ടെന്ന ചരിത്രപ്രധാനമായ വിധി പുറപ്പെടുവിച്ചതിനെത്തുടർന്ന് ശബരിമലയുവതീപ്രവേശനത്തെപ്പറ്റി ചൂടുപിടിച്ച ചർച്ചകളും സമരങ്ങളും വ്യാപകമായി നടക്കുകയുണ്ടായി. ധാരാളം സ്ത്രീകളെ അണിനിരത്തിക്കൊണ്ട് സംഘപരിവാരത്തിന്റെയും എൻ. എസ്. എസ്സിന്റെയും മുൻകൈയോടെ രണ്ടാം 'വിമോചന'സമരമെന്നു വിശേഷിപ്പിക്കാവുന്ന വിധത്തിൽ ദിവസങ്ങളോളം നീണ്ടുനിന്ന 'നാമജപസമര'മാണ് സമരങ്ങളിൽ മുഖ്യം. ഇടതുപക്ഷമുന്നണിസർക്കാരും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ഈ സമരാഭാസം കേരളത്തെ പിറകോട്ടു വലിക്കുകയും നവോത്ഥാനമൂല്യങ്ങൾ തകർക്കുകയും ചെയ്യുമെന്ന അഭിപ്രായത്തിൽ ഉറച്ചുനിന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നവോത്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ തീർത്ത വനിതാമതിൽ ലോകം ശ്രദ്ധിക്കുന്ന ഒരു ചരിത്രഗാഥയായി. പരമോന്നതനീതിപീഠത്തിന്റെ വിധിയെ ഫലത്തിൽ വെല്ലുവിളിച്ചുകൊണ്ട് സംഘപരിവാരവും എൻ. എസ്. എസ്സും പ്രതിപക്ഷമുന്നണിയും വിശ്വാസസംരക്ഷണത്തിന്റെ പേരിൽ നാമജപസമരത്തെ ഒളിഞ്ഞും തെളിഞ്ഞും പിൻതുണച്ചു. എന്നിട്ടും ആ സമരാഭാസം ആരുമറി

യാതെ പോയ്മറഞ്ഞു.

അതിനുശേഷം രണ്ടു പ്രധാനസംഭവങ്ങൾ കേരളത്തിൽ നടന്നു: ഒന്നാമത്തേത്, രാഷ്ട്രീയമണ്ഡലത്തിൽ. രണ്ടാമത്തേത്, നീതിന്യായമണ്ഡലത്തിൽ. രാഷ്ട്രീയമണ്ഡലത്തിൽ നടന്നത് ആറ് ഉപതിരഞ്ഞെടുപ്പുകൾ. വട്ടിയൂർക്കാവ്, കോന്നി, പാലാ, അരൂർ, എറണാകുളം, മഞ്ചേശ്വരം എന്നീ അസംബ്ലിനിയോജകമണ്ഡലങ്ങളിൽ പതിനയ്യായിരത്തോളവും പതിനായിരത്തോളവും മൂവായിരത്തോളവും രണ്ടായിരത്തോളവും നാലായിരത്തോളവും ഒൻപതിനായിരത്തോളവും വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും പപ്പാതി സീറ്റുകൾ പങ്കിട്ടെടുത്തു. ഭരണപക്ഷത്തിന് രണ്ടിലൊഴികെ മറ്റെല്ലാ മണ്ഡലങ്ങളിലും വോട്ട് വർധിച്ചപ്പോൾ പ്രതിപക്ഷത്തിന് താരതമ്യേന കുറവായിരുന്നു.

നീതിന്യായമണ്ഡലത്തിലെ സംഭവം ഏതാനും മാസം മുൻപുണ്ടായ കേരളഹൈക്കോടതിവിധിയാണ്. ശബരിമലദേവാലയത്തിന്റെ മതനിരപേക്ഷത വെളിപ്പെടത്തുന്നതായിരുന്നു അത്. അതിന്നൊത്ത് ശബരിമല ക്ഷേത്രത്തെ തിരുവിതാങ്കൂർ ദേവസ്വം ബോർഡിൽനിന്നു വേർപെടുത്താനും പ്രത്യേകം ഭരണസമിതിയുടെ കീഴിൽ കൊണ്ടുവരാനും സർക്കാർ നിയമമുണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡെന്നു പറയുമ്പോൾ ഹിന്ദുമതവുമായി ബന്ധപ്പെട്ട ദേവനാണ് അയ്യപ്പനെന്നു പറയേണ്ടിവരും. അപ്പോൾ മതനിരപേക്ഷത



നഷ്ടപ്പെടും. സർവമതസമഭാവനയാണ് മതനിരപേക്ഷത എന്ന നിർവചനമൊന്നും കോടതി അംഗീകരിച്ചേക്കില്ല. ക്ഷേത്രം ദേവസ്വം ബോർഡിൽനിന്നു മുക്തമാക്കി പ്രത്യേകഭരണസമിതിയുട കീഴിലാക്കിക്കഴിഞ്ഞാൽ ഈ പ്രശ്നമില്ല. ആർ. എസ്. എസ്സിന്റെയും എൻ. എസ്. എസ്സിന്റെയും വിശ്വാസസംരക്ഷണക്കാരായ പ്രതിപക്ഷത്തിന്റെയും വാദമൊക്കെ കോടതിയുടെ മുൻപിൽ പൊളിയാനാണ് സാധ്യത. വിശ്വാസം വ്യക്തിപരമായി സൂക്ഷിക്കാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. അയ്യപ്പനെ ഒരു പ്രത്യേകമതവുമായി ബന്ധപ്പെടുത്താനാവില്ലെന്ന സുപ്രീം കോടതിവിധിയുടെ അന്തഃസത്തയ്ക്കൊത്തുപോകുന്നതാണ് ഹൈക്കോടതിവിധി എന്നു കാണാം.

ദേവസ്വം ബോർഡിലേക്ക് അസംബ്ലിയുടെ പ്രതിനിധിയെ തിരഞ്ഞെടുക്കുമ്പോൾ സ്ഥാനാർഥി ഹിന്ദുമതസ്ഥ/സ്ഥയായാൽ മതി. വഖഫ് ബോർഡിനും ഇത് ബാധകമാണ്. വിശ്വാസമുണ്ടോ ഇല്ലയോ എന്ന് അളന്നുനോക്കാൻ വഴിയില്ലാത്തിടത്തോളം അതേ നിർവാഹമുള്ളൂ. (ഈ അഭിപ്രായത്തോട് ആർ. എസ്. എസ്സിനും എൻ. എസ്. എസ്സിനും യോജിക്കാൻ കഴിഞ്ഞില്ലെന്നു വരാം). കമ്മ്യൂണിസ്റ്റുകാരെയും ദേവസ്വം ബോർഡിലേക്കും വഖഫ് ബോർഡിലേക്കും തിരഞ്ഞെടുക്കുന്നത് അതുകൊണ്ടാണ്. വിശ്വാസം അളക്കാനുള്ള വഴി കണ്ടുപിടിച്ചാലേ അവരെ ഒഴിവാക്കാനാവൂ!

★

# കാശ്മീർ – ഗോൾവൾക്കറുടെ മണ്ടത്തരം

"വീര്യവും ദൃഢനിശ്ചയവും ലോകത്തിലെ സാമ്രാജ്യത്വ ഉപജാപകന്മാരെയും സംശയാലുക്കളെയും കാശ്മീർക്കാര്യത്തിൽ പുതിയതായി ചിന്തിച്ചു തുടങ്ങാൻ പ്രേരിപ്പിച്ചിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം കാശ്മീർ മഹാരാജാവ് ലയനക്കരാറിൽ ഒപ്പുവെക്കുകയും അവിടത്തെ ജനപ്രതിനിധിസഭയായ നാഷണൽ കോൺഫറൻസ് അതിനെ പൂർണമായും ശരിവെക്കുകയും ചെയ്തതോടെ, ഭരണഘടനാപരമായ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം കാശ്മീരിന്റെ ഭാരതത്തോടുള്ള വിലയനം അന്തിമമായും പൂർത്തീകരിക്കപ്പെട്ടു... അതിനാൽ ഏതു വശത്തുകൂടി വീക്ഷിച്ചാലും ഭാരതവുമായുള്ള കാശ്മീരിന്റെ ലയനം ഇനി അലംഘനീയമാണ്; അത് ഇനി ഒരിക്കലും ചർച്ചാവിധേയവുമല്ല." (*വിചാരധാര*, കുരുക്ഷേത്രപ്രകാശൻ, എട്ടാം പതിപ്പ്, പേജ് 470–71)

"അതുകൊണ്ട് അവശേഷിക്കുന്ന ഒരേയൊരു പ്രശ്നം 1947–ൽ പാക്കിസ്ഥാൻ ബലം പ്രയോഗിച്ചു കൈയേറിയ കാശ്മീരിന്റെ ഭാഗങ്ങളിൽനിന്നു ഒഴിച്ചുപോകുകയെന്നതു മാത്രമാണെന്നു നാം മധ്യസ്ഥത വഹിക്കുന്ന ശക്തികളോട് ഉറപ്പിച്ചുപറയണം." (പേജ് 471)

ഇതിനുവേണ്ടി പാക്കിസ്ഥാനുമായി സമ്പൂർണയുദ്ധംതന്നെ നടത്താമെന്നാണ് ഗോൾവൾക്കറുടെ അഭിപ്രായം (പേജ്, 474). യുദ്ധമൊന്നും വേണ്ട. കാശ്മീരിൽ ഹിതപരിശോധന നടത്തി ഫലമറിഞ്ഞശേഷം അതിനനുസരിച്ച് ചെയ്യാം എന്ന അഭിപ്രായത്തോട് ഗുരുജി യോജിക്കുന്നില്ല. അദ്ദേഹം വിവരിക്കുന്നു: "നമ്മുടെ ശരീരത്തിൽ ഏതെങ്കിലും അവയവത്തിന് തകരാറു പിണഞ്ഞാൽ ആ അവയവം സ്വന്തമായി അതിന്റെ വിധി നിർണയിക്കട്ടെ എന്നു നാം ചിന്തിക്കാറുണ്ടോ? മറിച്ച് മൊത്തം ശരീരമല്ലേ തീരുമാനമെടുക്കുക? അതുപോലെ ജനഹിതപരിശോധന ആവശ്യമാണെങ്കിൽതന്നെ അത് ഈ ദേശത്തിന്റെയാകെ ഹിതം ആരായുന്ന തരത്തിലുള്ളതായിരിക്കണം. കാശ്മീരിൽ മാത്രമായി ഹിതപരിശോധന നടത്തുക എന്ന ആശയം മാതൃഭൂമിയെ സംബന്ധിക്കുന്ന ഏകതാബോധം നമ്മുടെ ഹൃദയങ്ങളിൽനിന്നു തികച്ചും തിരോധാനം ചെയ്തിരിക്കുന്നു എന്നാണർഥമാക്കുന്നത്." (പേജ് 316)

ഗോൾവൾക്കറുടെ മണ്ടത്തരമെന്ന് വിശേഷിപ്പിക്കാവുന്ന ഈ അഭിപ്രായമനുസരിച്ചാണ് മോഡി–അമിത്ഷാ കൂട്ടുകെട്ട് പാർലിമെന്റിൽപ്പോലും വിശദമായ ചർച്ച നടത്താതെയും കാശ്മീരിൽ ഒരു ഹിതപരിശോധന നടത്താതെയും ആ സംസ്ഥാനത്തിന്റെ പ്രത്യേകപദവി റദ്ദാക്കുകയും മൂന്നായി വിഭജിച്ച് കേന്ദ്രഭരണപ്രദേശമാക്കുകയും ചെയ്തത്.



ഇന്ത്യയുടെ ഭരണഘടനയല്ല, ഗോൾവൾക്കറുടെ മണ്ടത്തരമാണ് തങ്ങൾക്ക് പ്രമാണമെന്നാണ് മേൽപ്പറഞ്ഞ കൂട്ടുകെട്ട് കരുതിയതെന്നു തോന്നുന്നു. തങ്ങളുടെ മുസ്ലീം വിരോധമല്ലാതെ മറ്റൊന്നുമല്ല കാശ്മീർ പ്രശ്നം ഇത്ര വഷളാക്കിയതെന്ന് മഹാരാഷ്ട്രയിലെയും ഹരിയാനയിലെയും തിരഞ്ഞെടുപ്പുഫലങ്ങളിൽ നിന്നെങ്കിലും ഇക്കൂട്ടർ പഠിച്ചാൽ നന്നായിരുന്നു; അവർക്കും ഇന്ത്യയ്ക്കും. തോറ്റ മഹാരാഷ്ട്രയിലും ഹരിയാനയിലും ബി. ജെ. പി. തട്ടിക്കൂട്ടി മന്ത്രിസഭയുണ്ടാക്കാനാണ് ശ്രമം. മഹാരാഷ്ട്രയിൽ ശിവസേന മുഖ്യമന്ത്രിസ്ഥാനത്തിന് അവകാശവാദമുന്നയിച്ചിരിക്കുന്നു. ബി. ജെ. പി.യാകട്ടെ വിട്ടുകൊടുക്കാൻ തയ്യാറുമില്ല! പ്രതിസന്ധി ഇപ്പോഴും തീർന്നിട്ടില്ല. ശിവസേന എൻ. സി. പി. നേതാവ് ശരത് പവാറുമായി ചർച്ച നടത്തി എന്നാണ് ഒടുവിൽ കിട്ടിയ വാർത്ത. സംഗതി എവിടെയെത്തുമെന്ന് കണ്ടറിയണം.

പക്ഷേ, പഠിക്കാൻ തയ്യാറില്ലെന്നാണ് ഇന്ത്യയിലെ പാർലിമെന്റംഗങ്ങളെപ്പോലും കാശ്മീർ സന്ദർശിക്കാനനുവദിക്കാത്ത മോഡിസർക്കാർ തീവ്രവലതുപക്ഷക്കാരും മുസ്ലീം വിരുദ്ധരുമായ യൂറോപ്യൻ യൂനിയൻ അംഗങ്ങളുടെ ഒരു സംഘത്തെ സ്റ്റഡിക്ലാസ് കൊടുത്ത് സർക്കാറിന്റെ ഔദ്യോഗികഭാഷ്യം അവരെ പഠിപ്പിച്ച് പറയിക്കാൻ ശ്രമിച്ചതിൽനിന്നു മനസ്സിലാവുന്നത്. എന്നാൽ, ആ നീക്കവും പാളി. ആ 'അനൗദ്യോഗികവലതുയാഥാസ്ഥിതികപ്രതിനിധിസംഘ'ത്തിലുണ്ടായിരുന്ന ലേബർപാർട്ടിക്കാരൻ കാശ്മീരിൽ താൻ കണ്ടത് അതേപടി പത്രക്കാരോട് വിളിച്ചുപറഞ്ഞു! യൂറോപ്പുകാരെക്കൊണ്ട് ഇന്ത്യക്കാരെ അപമാനിപ്പിക്കാൻ ശ്രമിച്ച 'ഭാരതീയജനതാപാർട്ടി'യുടെ ആ കുതന്ത്രവും ചീറ്റിപ്പോയി എന്നു ചുരുക്കം. കാശീർപ്രശ്നത്തിന്റെ ഭരണഘടനാവിരുദ്ധതയും ബി. ജെ. പി. യുടെ കള്ളക്കളികളും ലോകപ്രശസ്തസാഹിത്യകാരിയായ അരുന്ധതീറോയ് *ന്യൂയോർക്ക് ടൈംസിൽ* മാസങ്ങൾക്കുമുൻപേ എഴുതിയത് ലോകം ശ്രദ്ധിച്ചിട്ടുണ്ടാവില്ലെന്നാണ് നരേന്ദ്രമോഡിയുടെ ഭാവന എന്നു തോന്നുന്നു. അഥവാ, തങ്ങളുടെ 'ഗോൾവൾക്കറിസ്റ്റ് മണ്ടത്തര'ത്തിന് യൂറോപ്പിന്റെ അംഗീകാരമുണ്ടെന്ന് വരുത്താൻ മോഡി പയറ്റിയ ഒരടവാണിതെന്നും വരാം. ഏതായാലും ആ അതിബുദ്ധി പാളിപ്പോയി എന്ന് ആ ന്യായീകർത്തൃസംഘത്തിലെ ചിലരുടെ തുറന്നുപറച്ചിലിൽനിന്നു വ്യക്തമായി. കാശ്മീർപ്രശ്നം തെറ്റായെന്നു ചൂണ്ടിക്കാട്ടിയ

ചീനയോട് അത് ഇന്ത്യയുടെ ആഭ്യന്തരകാര്യമാണെന്നു പറഞ്ഞ ഇന്ത്യാഗവണ്മെന്റ് യൂറോപ്യൻതീവ്രവലതുപക്ഷസംഘത്തിന്റെ വരവിനെ അറിഞ്ഞോ അറിയാതെയോ അന്താരാഷ്ട്രവൽക്കരിച്ചിരിക്കുന്നു. 2019 ഒക്ടോബർ 31–ന്റെ *ദ് ഹിന്ദു*വിന്റെ മുഖപ്രസംഗവും കരൺ ഥാപ്പറുടെ ആ പേജിലെ ലേഖനവും ലോകശ്രദ്ധയാർഷിക്കുമെന്ന കാര്യം നിസ്തർക്കമാണ്. യൂറോപ്യൻ സംഘത്തെ ഇന്ത്യയിലേക്കു കൊണ്ടുവരികയും കാശ്മീർ സന്ദർശനത്തിന് വഴിയൊരുപക്കുകയും ചെയ്ത ബ്രസ്സൽസിലെ ദല്ലാളായ ഇന്ത്യൻ വംശജ മാഡി ശർമയ്ക്ക് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ ഓഫീസിൽ ഇത്ര സ്വാധീനംമ ചെലുത്താൻ സാധിച്ചതെങ്ങനെ എന്ന ചോദ്യവും അസ്ഥാനത്തല്ല. മുൻപ് കേരളമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഓഫീസ് സരിതാ നായർക്കും മറ്റും എപ്പോഴും കയറിയിറങ്ങാൻ കഴിയുമായിരുന്ന ഒന്നായതുപോലെ, എന്നു മുതൽക്കാണ്, മാഡി ശർമയ്ക്കും മറ്റു ദല്ലാളുകൾക്കും യഥേഷ്ടം കയറിയിറങ്ങാവുന്നതും ഏതു വകുപ്പിനെയും സ്വാധീനിക്കാവുന്നതുമായ സ്ഥാപനമായി പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ ഓഫീസ് മാറിയത് എന്ന് ബന്ധപ്പെട്ടവർ വിശദീകരിക്കേണ്ടതുണ്ട്. ഇന്നത്തെ കേരളമുഖ്യമന്ത്രിക്ക് അഞ്ചുതവണയെങ്കിലും സന്ദർശനാനുമതി നിഷേധിച്ച ഓഫീസാണ് ഈ പ്രധാനമന്ത്രി മോഡിയുടേത്



മാഡിക്ക് മോഡിയിലുള്ള സ്വാധീനത്തിന്റെ ഗൗരവം വർധിക്കുന്നത്. മാഡിക്കോ മോഡിക്കോ സ്വാധീനം ചെലുത്താൻ പറ്റാത്ത ഏതെങ്കിലും സ്വതന്ത്ര ഏജൻസിയുടെ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

★

# ഏകശിലാഭിത്തികമല്ല ബഹുസ്വരതയാണ് ഭാരതീയദർശനങ്ങളുടെ ആത്മാവ്

**അഭിമുഖം : പ്രൊഫ. എൻ.വി.പി ഉണിത്തിരി**

**– രാജേഷ്. കെ/സമീർ കാവാഡ്**

ഭാരതീയതത്വചിന്തയേയും അതിന്റെ വിവിധ ധൈഷണികധാരകളെയും ആഴത്തിൽ മനസ്സിലാക്കാനും, ഇതിനെ ദുർവ്യാഖ്യാനംചെയ്യുന്ന വിഭാഗീയശ്രമങ്ങളെ വെളിച്ചത്തു കൊണ്ടുവരാനുമുള്ള പ്രൊഫ. എൻ.വി.പി ഉണിത്തിരിയുടെ പണ്ഡിതോചിതമായ ഇടപെടൽ പ്രസിദ്ധമാണല്ലോ. കഴിഞ്ഞ അഞ്ചു വർഷമായി *ഋഗ്വേദ*ത്തിന്റെ മലയാളത്തിലേക്കുള്ള ജനകീയ പരിഭാഷയിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. എൻ.ബി.എസ്. പ്രസിദ്ധീകരിക്കാനിരിക്കുന്ന പുസ്തകം അച്ചടിയിലാണിപ്പോൾ. ഇന്ത്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന സംസ്കൃതജ്ഞാനികളിൽ ശ്രേഷ്ഠസ്ഥാനമലങ്കരിക്കുന്ന ഉണിത്തിരിമാഷ് ഒരു ജൈവബുദ്ധിജീവികൂടിയാണ്; ബാബറിമസ്ജിദ് ധ്വംസനമടക്കം നിരവധി അടിയന്തര സാംസ്ക്കാരികസന്ദർഭങ്ങളിൽ മലയാളി അതനുഭവിച്ചിട്ടുണ്ട്. മതനിരപേക്ഷസാംസ്ക്കാരികകേരളത്തിന്റെ ഊർജ്ജവും ആവേശവുമായ ധിഷണാശാലി. ബൗദ്ധിക–അക്കാദമിക് സമൂഹം ജിജ്ഞാസയോടെ കാത്തിരിക്കുന്ന അദ്ദേഹത്തിന്റെ ജനകീയ *ഋഗ്വേദപരിഭാഷ*യുടെ പ്രസക്തി, ഉള്ളടക്കം, ഗ്രന്ഥസ്വരൂപം, സ്വീകരിച്ചിരിക്കുന്ന രീതിശാസ്ത്രം, ലഭ്യമായ പരിഭാഷകളുടേയും വ്യാഖ്യാനങ്ങളുടേയും പരിമിതി തുടങ്ങി ഉടൻ പ്രസിദ്ധീകരിക്കാനിരിക്കുന്ന തന്റെ സമ്പൂർണ്ണവും സ്വതന്ത്രവുമായ ഋഗ്വേദമലയാളഗദ്യപരിഭാഷയെക്കുറിച്ചും ഇന്ത്യൻജ്ഞാനവ്യവസ്ഥകളോടു സ്വീകരിക്കേണ്ട സമകാല സമീപനം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ മനസ്സുതുറക്കുന്ന അഭിമുഖം.



***ചോദ്യം:*** *ഏറ്റവും ലളിതമായി ഋഗ്വേദത്തെ എങ്ങനെ വിശദീകരിക്കാം?*

***മറുപടി :*** ഏതാണ്ട് ഒരയ്യായിരം കൊല്ലങ്ങൾക്കുമുൻപ് പല ഋഷികളും (കവികളും) പുരോഹിതന്മാരും പല കാലങ്ങളിലായി എഴുതിയ ആയിരത്തിലേറെ സൂക്തങ്ങൾ എന്നറിയപ്പെടുന്ന പദ്യ സഞ്ചയങ്ങളുടെ ബൃഹത്സമാഹാരമാണ് *ഋഗ്വേദം*. ഭാസകാളിദാ സാദികൃതികളുടെ ഭാഷയായ ക്ലാസ്സിക്കൽ സംസ്കൃതത്തിൽനിന്നു വ്യത്യസ്തവും കുറേക്കൂടി പ്രാചീനവുമായ വൈദിക സംസ്കൃതത്തിലാണ് *ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം* എന്നീ നാലു വേദസംഹിതകളും *ഐതരേയം, തൈത്തിരീയം* തുടങ്ങിയ ബ്രാഹ്മണങ്ങളും *ബൃഹദാരണ്യകം* തൊട്ടുള്ള ആരണ്യകങ്ങളും *ഈശാവാസ്യം, കഠം* മുതലായ പ്രാചീനോപനിഷത്തുകളുമെല്ലാമടങ്ങുന്ന വൈദികസാഹിത്യത്തിൽ ആദ്യമുണ്ടായതാണ് *ഋഗ്വേദ*മെന്നു വിശ്വസിക്കപ്പെടുന്നു. അഞ്ഞൂറു മുതൽ ആയിരം വർഷങ്ങൾ വരെയെങ്കിലും *ഋഗ്വേദം* ഏറെക്കുറെ അന്തിമമായി രൂപപ്പെട്ടുവരുന്നതിന് വേണ്ടിവന്നിരിക്കണം.

***ചോദ്യം:*** *എഴുതപ്പെട്ടിട്ടുള്ള പല ഋഗ്വേദവിവർത്തനങ്ങളും സമ്പൂർണ്ണങ്ങളല്ല. ഇതിനൊരപവാദം സൗത്ത് ഏഷ്യാ റിസേർച്ചിന്റെ* ***ദി ഋഗ്വേദ – ദി ഏർല്യസ്റ്റ് റിലിജ്യസ് പോയട്രി ഓഫ് ഇൻഡ്യ*** *എന്ന ഇംഗ്ലീഷ് വിവർത്തനമാണ്; പല വിവർത്തനങ്ങളെയും മുൻവ്യാഖ്യാനങ്ങളെയും പഠനങ്ങളെയും ഉപജീവിച്ചാണ് മൂന്നു വാള്യങ്ങളിലായുള്ള ആ വിവർത്തനം (2014)*

*എഴുതപ്പെട്ടിട്ടുള്ളതും. സമ്പൂർണ്ണവും സ്വതന്ത്രവുമായ വിവർത്തനമാണോ ഞങ്ങൾ ഉണിത്തിരിമാഷിൽ നിന്നും പ്രതീക്ഷിക്കേണ്ടത്?*

***മറുപടി :*** സമ്പൂർണവും സ്വതന്ത്രവുമായ *ഋഗ്വേദമലയാള ഗദ്യപരിഭാഷ*യാണ് ഞാൻ ഉദ്ദേശിക്കുന്നത്. കുട്ടിക്കൃഷ്ണമാരാര് കാളിദാസകൃതികൾക്കെഴുതിയ മലയാളഗദ്യപരിഭാഷകളെയാണ് ഞാൻ മാതൃകയാക്കിയിട്ടുള്ളത്. വൈദികസംസ്കൃതത്തിലുള്ള മൂലകൃതി, താഴെ ഇടത്തുഭാഗത്ത് അന്വയം, വലതുഭാഗത്ത് മലയാളപരിഭാഷ, അത്യാവശ്യം വേണ്ടുന്നിടങ്ങളിൽ മാത്രം വിശദീകരണക്കുറിപ്പുകൾ, അൻപതു പുറങ്ങളിലെങ്കിലും ഉൾക്കൊള്ളിക്കാവുന്ന അവതാരികാരൂപത്തിലുള്ള പഠനം – ഇങ്ങനെയായിരിക്കും ഗ്രന്ഥസ്വരൂപം.

***ചോദ്യം:*** *പൗരസ്ത്യ പാവനഗ്രന്ഥാവലി (സെയ്ക്രഡ് ബുക്സ് ഓഫ് ഈസ്റ്റ്) എന്ന പരമ്പരയിൽത്തുടങ്ങി മുൻപറഞ്ഞ സമ്പൂർണ്ണ ഇംഗ്ലീഷ് പരിഭാഷ വരെ ഋഗ്വേദത്തിന് നിരവധി വിവർത്തനങ്ങൾ ലോകഭാഷകളിൽ ഉണ്ടായിട്ടുണ്ട്. മലയാളഭാഷയിൽത്തന്നെ വള്ളത്തോൾ, ഒ. എം. സി നാരായണൻ നമ്പൂതിരിപ്പാട് എന്നിവരുടെ വിസ്തൃതവിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. എന്നിരിക്കേ ഇനിയൊരു വിവർത്തനത്തിന്റെ പ്രസക്തിയെന്താണ്?*

***മറുപടി :*** പ്രസക്തിയുണ്ട്. വിവരിക്കാം: ഗദ്യത്തിലും വിവിധവൃത്തനിബദ്ധമായ പദ്യത്തിലുമായി എഴുപത്തഞ്ചാം വയസ്സിൽ തുടങ്ങി രണ്ടരക്കൊല്ലംകൊണ്ട് എഴുതിത്തീർത്ത വള്ളത്തോളിന്റെ സമ്പൂർണവിവർത്തനം (*ഋഗ്വേദസംഹിത, 1958)* ഈയിടെ രണ്ടു വാല്യങ്ങളിലായി സാഹിത്യപ്രവർത്തകസഹകരണസംഘം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. എട്ട് അഷ്ടകങ്ങളുള്ള *ഋഗ്വേദം* എട്ടു ഭാഗങ്ങളിലായാണ് (എണ്ണായിരത്തിലേറെ പേജുകൾ) ഒ. എം. സി. തർജമ ചെയ്തത്. *ഋഗ്വേദം* മുഴുവൻ ഓത്തു ചൊല്ലി പഠിച്ച തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ ഓത്തനായ അദ്ദേഹം *സായണ*



ഭാഷ്യത്തെ പൂർണമായി ആശ്രയിച്ച് (സായണഭാഷ്യം സ്വകൃതിയിൽ സംസ്കൃതത്തിൽ ഉദ്ധരിച്ചിട്ടുമുണ്ട്) രചിച്ചതാണ് തന്റെ വിവർത്തനം. ഭാഷാഭാഷ്യം എന്ന പേരുതന്നെ ഈ വസ്തുത വ്യക്തമാക്കുന്നുമുണ്ട്. ചുരുക്കത്തിൽ, വള്ളത്തോളും ഒ. എം. സി. യും, സായണഭാഷ്യത്തെ മാത്രമാശ്രയിച്ചാണ് തങ്ങളുടെ വിവർത്തനങ്ങൾ നർവഹിച്ചിട്ടുള്ളത്. ക്രി. പി. ഒൻപതാം നൂറ്റാണ്ടിൽ അന്നത്തെ ഇന്ത്യയിലെ ഒരേയൊരു ഹിന്ദുസാമ്രാജ്യമായിരുന്ന വിജയനഗരസാമ്രാജ്യത്തിലെ മന്ത്രിയായ സായണൻ മിക്ക പ്രാചീനഹൈന്ദവകൃതികൾക്കുമെന്നപോലെ *ഋഗ്വേദ*ത്തിനും *ഭാഷ്യം* രചിച്ചു. *ഋഗ്വേദ*കാലത്തിൽ നിന്നും ആയിരത്താണ്ടുകൾക്കുശേഷം ജീവിച്ച, ഇത്തരമൊരു രാഷ്ട്രീയപശ്ചാത്തലമുള്ള സായണൻ പ്രസ്തുതഭാഷ്യം എന്തൊരു ലക്ഷ്യത്തോടുകൂടി നിർമിച്ചുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

***ചോദ്യം:*** *മാക്സ് മുള്ളർ, എച്ച്. എച്ച്. വിൽസൺ, ദയാനന്ദ സരസ്വതി, ഗ്രിഫിത്ത്, മാക്ഡോണൽ, അരബിന്ദോ, വെന്റി ഡോനിജർ, മിഷേൽ വിറ്റ്സൽ, ജാമിസൺ & ബ്രെറെർട്ടൺ എന്നിവരുടേതായി ശ്രദ്ധേയമായ നിരവധി ഋഗ്വേദപരിഭാഷകൾ വിവിധ ഭാഷകളിലായി രചിക്കപ്പെട്ടിട്ടുണ്ട്. ഈ ഓരോ പരിഭാഷയെയും വിഷയസമീപനത്തിന്റെ അടിസ്ഥാനത്തിൽ മാഷെങ്ങനെ വിലയിരുത്തുന്നു?*

***മറുപടി :*** ഇപ്പറഞ്ഞവരിൽ പലരുടെയും പരിഭാഷകൾ ഞാൻ മനസ്സിലാക്കിയിടത്തോളം സമ്പൂർണമല്ല; ഭാഗികം മാത്രമാണ്. മാക്സ് മുള്ളർ മുഖ്യമായും മരുത്സൂക്തങ്ങളേ വിവർത്തനം ചെയ്തിട്ടുള്ളൂ. പിന്നെ, സെയ്ക്രഡ് ബുക്സ് ഓഫ് ഈസ്റ്റിലെ 32–ാം വാല്യത്തിലെ മറ്റു ചില ദേവന്മാരെക്കുറിച്ചുള്ള സൂക്തങ്ങളുടെ വിവർത്തനങ്ങളും. ഈ ഇംഗ്ലീഷ് വിവർത്തനങ്ങളെല്ലാം ഞാൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട് (സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിച്ച മാക്സ് മുള്ളറുടെ *ഋഗ്വേദസംഹിത,* 2015 നോക്കുക). ഈ ആംഗ

ലവിവർത്തനത്തിന് ഒരു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ഇതിന്റെ സുദീർഘമായ പഠനരൂപത്തിലുള്ള അവതാരിക പണ്ഡിതന്മാർക്കുപോലും ഏറെ വിജ്ഞാനപ്രദമാണ്. ആദ്യകാലസംരംഭമെന്ന നിലയിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. ഏതാണ്ട് അതേകാലത്തു വന്ന ഗ്രിഫിത്തിന്റെ ആംഗലപരിഭാഷയും ചരിത്രപരമായ പ്രാധാന്യത്തിൽ കവിഞ്ഞ് മറ്റൊന്നും അർഹിക്കുന്നതായിതോന്നുന്നില്ല. അത് സമ്പൂർണവുമല്ല. ജാമിസൺ–ബ്രെറെർട്ടൺ ആംഗലതർജമയൊഴിച്ച് മറ്റെല്ലാം ഭാഗികം മാത്രമാണുതാനും. മൂലപദ്യങ്ങളുമായി താരതമ്യപ്പെടുത്താൻ ഇവയൊന്നും സൗകര്യം തരുന്നില്ലെന്നും എടുത്തുപറയണം. അതവരുടെ ഉദ്ദേശ്യത്തിൽ പെടുന്നില്ലെന്നും തോന്നുന്നു.

***ചോദ്യം:*** ഓറിയന്റലിസ്റ്റായ മാക്സ് മുള്ളറും മാർക്സിസ്റ്റായ ദേവീപ്രസാദ് ചതോപാധ്യായയും സംസ്കൃതത്തിലെ പ്രാചീനകൃതികളോട് സ്വീകരിക്കുന്ന സമീപനങ്ങൾ തമ്മിലുള്ള വ്യതിരിക്തത എങ്ങനെ വിലയിരുത്തുന്നു?

***മറുപടി:*** ഓറിയന്റലിസ്റ്റ്, മാർക്സിസ്റ്റ് തുടങ്ങിയ ലേബലുകൾക്കൊന്നും ഞാൻ വലിയ പ്രാധാന്യം കല്പിക്കുന്നില്ല. കൃതികൾ വായിച്ച് അവയെ വിലയിരുത്തുന്നതാണ് എനിക്ക അഭിമതം. മാക്സ്മുള്ളറും ദേവീപ്രസാദും തമ്മിൽ താരതമ്യപ്പെടുത്തുന്നതു ശരിയാവില്ല. ദേവീപ്രസാദിനു ലഭിച്ച മാർക്സിയൻ വിജ്ഞാനത്തിന്റെയോ അപഗ്രഥനത്തിന്റെയോ തെളിച്ചം മാക്സ്മുള്ളർക്കുണ്ടാവില്ലല്ലോ! മുള്ളറുടെ വിവിധദർശനപാണ്ഡിത്യഗരിമ ദേവീപ്രസാദിലും അനുഭവപ്പെടുന്നില്ല. വൈരുധ്യാത്മകഭൗതികവാദം പ്രാചീനഭാരതീയദർശനത്തിലും സയൻസിന്റെ പാരമ്പര്യത്തിലും പ്രയോഗിച്ച് ഈ രണ്ടു പാരമ്പര്യങ്ങളിലും പൊളിച്ചെഴുത്തു നടത്തിയ ദേവീപ്രസാദിന്റെ സമീപനത്തോടാവും സ്വാഭാവികമായും നമുക്കു താല്പര്യമുണ്ടാവുക.

***ചോദ്യം:*** *പരിഭാഷയ്ക്കിടയിൽ മാർക്സിസ്റ്റായ ഉണിത്തിരിമാഷും ഓറിയന്റലിസ്റ്റായ മാക്സ് മുള്ളറും തമ്മിൽ സമീപനത്തിലും രീതിശാസ്ത്രത്തിലും കലഹിക്കുന്നുണ്ടോ?*



***മറുപടി :*** മാർക്സിസ്റ്റും ഓറിയന്റലിസ്റ്റും തമ്മിലുള്ള കലഹത്തിന്റെ പ്രശ്നമൊന്നും ഇവിടെയില്ല. മാക്സ് മുള്ളറുടെ സമസ്തവിജ്ഞാനശാഖാധിഷ്ഠിതമായ പാണ്ഡിത്യമോ താരതമ്യശൈലിയോ ഒന്നും എന്റെ ഈ മലയാളഗദ്യപരിഭാഷയിൽ ആവശ്യമില്ല. സഹൃദയരായ മലയാളികൾക്ക് *ഋഗ്വേദ*ത്തിന്റെ പൊതുസ്വഭാവവും കാവ്യസൗന്ദര്യവും പരിചയപ്പെടുത്തുക എന്ന താരതമ്യേന ജനകീയവും ലളിതവുമായ ഉദ്ദേശ്യമേ എനിക്കുള്ളൂ.

***ചോദ്യം:*** *ഋഗ്വേദവ്യാഖ്യാനങ്ങളിലും പഠനങ്ങളിലും ഐതിഹാസികം, നൈരുക്തികം എന്നിങ്ങനെ രീതിശാസ്ത്രങ്ങളുള്ളതായി അറിയാം; യഥാർത്ഥത്തിൽ അവകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? പ്രസ്തുത വിവർത്തനത്തിൽ മേൽപ്പറഞ്ഞ സമീപനങ്ങൾ സ്വീകരിക്കുന്നുണ്ടോ, അല്ലെങ്കിൽ കാലാനുസൃതമായ മറ്റേതെങ്കിലും രീതിശാസ്ത്രമാണോ പിൻപറ്റുന്നത്?*

***മറുപടി :*** ആധിഭൗതികം, ആധിദൈവികം, ആധ്യാത്മികം, യാജ്ഞികം, നൈരുക്തികം, ഏകദേവതാസിദ്ധാന്തപരം, രഹസ്യാത്മകവാദപരം തുടങ്ങി *ഋഗ്വേദ*ത്തിന് പല തരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. ഭൗതികം മാത്രമായത്, ദൈവികം മാത്രമായത്, ആത്മീയം മാത്രമായത്, മന്ത്രങ്ങൾക്ക് യജ്ഞത്തിലെ വിനിയോഗം കണക്കിലെടുത്തുകൊണ്ടുള്ളത്, നിരുക്തപരമായ അർഥം/അർഥങ്ങൾ പരിഗണിച്ചുകൊണ്ടുള്ളത്, *ഋഗ്വേദം* ഏകദേവതാസിദ്ധാന്തം അംഗീകരിച്ചുകൊണ്ടുള്ളതാണെന്ന ദയാനന്ദസരസ്വതിയുടെ വ്യാഖ്യാനരീതി, ആധ്യാത്മികമായ രഹസ്യാർഥം അംഗീകരിച്ചുകൊണ്ടുള്ള അരവിന്ദഘോഷിന്റെ വ്യാഖ്യാനരീതി എന്നൊക്കെ ഇവയ്ക്കു യഥാക്രമം അർഥം പറയാം. എന്റെ *ഋഗ്വേദമലയാളഗദ്യപരിഭാഷ*യിൽ ഇവയിൽ പലതും യഥോചിതം അംഗീകരിക്കുന്നുണ്ടെങ്കിലും പൊതുവിൽ സ്വീകരിക്കുന്നത് യാസ്കന്റെ നൈരുക്തികരീതിക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള

വ്യാഖ്യാനസമ്പ്രദായമാണ്. ക്രി. മു. നാലാം നൂറ്റാണ്ടിലേതെന്നു വിശ്വസിക്കപ്പെടുന്ന വേദനിഘണ്ടുവാണ് യാസ്കന്റെ *നിരുക്തം*. ഇന്ന വാക്കിന് ഇന്ന അർഥമേ പറയാവൂ എന്ന പിടിവാശിയൊന്നും യാസ്കനില്ല. ഇങ്ങനെയുമാവാം, അങ്ങനെയുമാവാം എന്ന ഭാവമാണ് *നിരുക്ത*കാരന്. ഈ സംഭാഷണത്തിന്റെ ആരംഭത്തിൽ പരാമർശിച്ച ജാമിസൺ–വെർഡെർട്ടണ്മാരുടെ *ഋഗ്വേദ*ത്തിന്റെ സമ്പൂർണാംഗലവിവർത്തനം ഏറിയകൂറും ഈ നൈരുക്തിക്കരീതീയാണ് പിൻതുടരുന്നതെന്നതിനാൽ ഞാനും ആ പരിഭാഷയെയാണ് മുഖ്യമായി ഉപജീവിക്കുന്നത്.

***ചോദ്യം:*** *വേദങ്ങളുടെ കാലഗണനയെക്കുറിച്ചുളള തുടർച്ചയായ തർക്കങ്ങളോട് മാഷെങ്ങനെ പ്രതികരിക്കുന്നു?*

***മറുപടി:*** അനാദിയാണ്, അപൗരുഷേയമാണ്, വേദം എന്നു വിശ്വസിക്കുന്ന പാരമ്പര്യവാദികൾക്ക് *ഋഗ്വേദ*ത്തിന്റെ കാലമേതെന്ന് ആലോചിച്ചു ബുദ്ധിമുട്ടേണ്ടതില്ല. ക്രി. മു. 1500 എന്നാണ് പൊതുവിൽ പാശ്ചാത്യപണ്ഡിതന്മാർ കാലം കണക്കാക്കിയിട്ടുള്ളത്. ബാലഗംഗാധരതിലകനെപ്പോലുള്ളവർ രണ്ടുമൂന്നു സഹസ്രാബ്ദങ്ങൾകൂടി പ്രാചീനത കല്പിക്കന്നു. ഏതായാലും, അഖിലലോകാടിസ്ഥാനത്തിൽത്തന്നെ ഏറ്റവും പഴക്കം ചെന്ന ബൃഹത്തായ സാഹിത്യകൃതിയാണിതെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.

★